പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പതിനൊന്നാമത് റിപ്പോർട്ട്

(2026 ഒക്ടോബർ 28 ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പതിനൊന്നാമത് റിപ്പോർട്ട്

(2026 ഒക്ടോബർ 28 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2026–28)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. എ.കെ.എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി.എം.എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി ഇൻ ചാർജ്ജ്

ശ്രീമതി രജി ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദുരാജ് ഡി., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2026-2028)യുടെ 11-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,

ചെയർപേഴ്സൺ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2026, ഒക്ടോബർ 28

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

ഓഡിറ്റ് ഖണ്ഡിക

സർവ്വീസ് ചാർജിനത്തിൽ കുടിശ്ശിക - 1,56,58,532/- രൂപ ഈടാക്കാൻ നടപടി അനിവാര്യം

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2017-18, ഖണ്ഡിക 2-4]

27.05.2000-ലെ സ.ഉ.(കൈ)16/2000/സാം.കാ.വ. ഉത്തരവ് പ്രകാരം അവശ കലാകാരന്മാർക്ക് / ആശ്രിതർക്ക് പെൻഷൻ നൽകുന്നതിന് ചലച്ചിത്ര അക്കാദമിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി 20.03.2002-ലെ സഉ(കൈ)4/2002/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയ നിരക്കിൽ തിയേറ്ററുകളിൽ നിന്ന് സർവ്വീസ് ചാർജ് ഈടാക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. അക്കാദമി ലഭ്യമാക്കിയ രേഖകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സർവ്വീസ് ചാർജ് കുടിശ്ശിക ഇനത്തിൽ 1,56,58,532/- രൂപ വിവിധ തിയേറ്ററുകളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു. ജില്ല അടിസ്ഥാനമാക്കി വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	തുക
1	തിരുവനന്തപുരം	10,92,247
2	കൊല്ലം	14,34,886
3	പത്തനംതിട്ട	6,34,148
4	ആലപ്പുഴ	6,98,191
5	കോട്ടയം	6,75,531
6	ഇടുക്കി	1,77,463
7	എറണാകുളം	11,91,606
8	തൃശ്ശൂർ	18,30,062
9	പാലക്കാട്	13,47,752
10	മലപ്പുറം	11,48,987
11	കോഴിക്കോട്	6,12,083
12	വയനാട്	6,82,313
13	കണ്ണൂർ	21,19,798

14	കാസറഗോഡ്	20,13,465
	ആകെ	**1,56,58,532**

ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമെ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശ ഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ല എന്നും ചലച്ചിത്ര അക്കാദമിക്ക് തിയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ കുടിശ്ശിക ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/18.11.2020 ന്റെ മറുപടി). വിഷയം തദ്ദേശ ഭരണ സെക്രട്ടറിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനായി സാംസ്കാരിക വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു.

എസ്.ബി.ഐയുടെ കവടിയാർ ബ്രാഞ്ചിലെ 57047023884-ാംനമ്പർ അക്കൗണ്ടിലാണ് സർവ്വീസ് ചാർജ്ജിനത്തിലെ തുക നിക്ഷേപിക്കുന്നത്. പ്രസ്തുത അക്കൗണ്ട് പാസ് ബുക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷം നീക്കിയിരിപ്പായി 67,01,390.45/- രൂപയാണ് നിലനിൽക്കുന്നത്. 2017-18 സാമ്പത്തിക വർഷം പെൻഷൻ ഇനത്തിൽ ആകെ 33,72,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാക്കുന്ന പെൻഷൻ പോലും മുടങ്ങുന്ന സാഹചര്യം ഉണ്ടാകും എന്നതിനാൽ കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളേണ്ടതുണ്ട്. കൂടാതെ സാഹചര്യത്തിന്റെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പെൻഷൻ മുടങ്ങുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. സർവ്വീസ് ചാർജ് കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുമായി ബന്ധപ്പെട്ട് സർവ്വീസ് ചാർജിനത്തിൽ കുടിശ്ശികയായ 1,56,58,532/- രൂപ ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞു. 221 അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ചികിത്സാസഹായം നൽകുന്നതിനുമാണ് സർവ്വീസ് ചാർജ്ജ് ഇനത്തിൽ പിരിക്കുന്ന തുക വിനിയോഗിക്കുന്നതെന്നും എല്ലാ വർഷവും ഇതിനായി പ്രത്യേക ഡ്രൈവ്

സംഘടിപ്പിക്കാറുണ്ടെന്നും നടപ്പ സാമ്പത്തിക വർഷം ആറുമാസത്തിനുള്ളിൽ 50 ലക്ഷത്തിലേറെ രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടെന്നും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി മറുപടി നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ തിയേറ്ററുകൾ വരുന്നതുകൊണ്ട് തിയേറ്ററുകളുടെമേൽ ചലച്ചിത്ര അക്കാദമിക്കോ സാംസ്കാരികവകുപ്പിനോ നേരിട്ട് നിയന്ത്രണമില്ലെന്നതാണ് ഇക്കാര്യത്തിൽ നേരിടുന്ന പ്രധാന പ്രതിസന്ധിയെന്നും കുടിശ്ശിക ഒടുക്കുന്നതിനുവേണ്ടി നേരിട്ട് തിയേറ്ററുകളെ സമീപിക്കുകയും കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക അടച്ചതിനുശേഷം മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എന്നാൽ നിർദേശങ്ങൾ പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്നും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി കൂട്ടിച്ചേർത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ തീരുമാനപ്രകാരം ചിലർ ടി വിഷയത്തിൽ കാര്യമായി ഇടപെടുന്നുണ്ടെന്നും വർഷാവർഷം ലൈസൻസ് പുതുക്കി നൽകുന്നതിന് സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക ഒടുക്കണമെന്ന പൊതുവായ സർക്കാർ ഉത്തരവ് വരികയും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന ഘട്ടത്തിൽ ആയത് കൃത്യമായി ചെയ്യാൻ സാധിക്കുമെന്നും സെക്രട്ടറി ബോധിപ്പിച്ചു. ചെയർമാൻ തന്നെ സംഘടനകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി കുടിശ്ശിക നിവാരണത്തിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അവർ അനുകൂലമായാണ് പ്രതികരിച്ചിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2023 ഏപ്രിൽ 1 മുതൽ സെപ്തംബർ 30 വരെ കുടിശ്ശിക ഉൾപ്പെടെയുള്ള 54,69,363/- രൂപ ആറുമാസത്തിനുള്ളിൽ പിരിച്ചെടുക്കാനായി സാധിച്ചിട്ടുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ അറിയിച്ചു.

2. പല തിയേറ്ററുകളും പ്രവർത്തനം നിർത്തുന്ന ഘട്ടത്തിൽ ഇതുസംബന്ധിച്ചുള്ള അറിയിപ്പ് കൃത്യമായി നൽകാത്ത പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും തീയേറ്റർ പൂട്ടിപ്പോയാൽ ചലച്ചിത്ര അക്കാദമിക്ക് വിവരം ലഭിക്കുന്നില്ലെന്നും വ്യക്തമാക്കി. പുതിയ മൾട്ടിപ്ലക്സ് തീയേറ്ററുകൾ പല സ്ഥലത്തും ആരംഭിക്കുന്നുണ്ടെന്നും പ്രതിവർഷം 25,000 രൂപയാണ് സർവ്വീസ് ചാർജ്ജിനത്തിൽ പ്രസ്തുത തീയറ്ററുകളിൽ നിന്നും ലഭിക്കുന്നതെന്നും അക്കാദമിയുടെ റീജിയണൽ സെന്ററുകൾ മുഖേന പൂട്ടിപ്പോയ തിയേറ്ററുകളുടെ ഡാറ്റാ മാനേജ്മെന്റും മറ്റും നടത്തുന്നുണ്ടെന്നും ചലച്ചിത്ര അക്കാദമിയുടെ കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള റീജിയണൽ ഓഫീസുകൾ മുഖേനയാണ് വിവരശേഖരണം നടത്തിയതെന്നും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുണ്ടെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതുസംബന്ധിച്ച് കത്ത് നേരിട്ട് നൽകുന്നുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ അറിയിച്ചു.

3. കുടിശ്ശിക പിരിവും മറ്റ് നടപടികളും ആരംഭിച്ചിട്ടുണ്ട് എങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പും സാംസ്കാരിക വകുപ്പും ബന്ധപ്പെട്ട തിയേറ്റർ സംഘടനകളും കൂടിയാലോചിച്ച് പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമേ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂയെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും അത് പാലിക്കുന്നതിൽ വലിയ വീഴ്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും സമിതി വിലയിരുത്തി.

4. ലൈസൻസ് പുതുക്കി നൽകുന്നതിനുമുമ്പ് സർവ്വീസ് ചാർജ്ജ് അടയ്ക്കണമെന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടാറുണ്ടെന്നും ചില സ്ഥലങ്ങളിൽ അല്ലാതെയും ലൈസൻസ് പുതുക്കി നൽകുന്നുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ചില തിയേറ്ററുകൾ ലൈസൻസ് ലഭ്യമാക്കുന്നതിന് നേരിട്ട് കോടതിയിൽ പോയി വിധി സമ്പാദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തിയേറ്ററുകളുടെ കൃത്യമായ ഡാറ്റാബേസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ലഭിക്കാൻ സാധ്യതയുള്ളൂവെന്നും അതിനാൽ താൻ വ്യക്തിപരമായാണ് വിവരശേഖരണം നടത്തിക്കൊണ്ടിരിക്കുന്നതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. ചലച്ചിത്ര അക്കാദമിയിൽ മുമ്പ് tailor-made software-ലാണ് വിവര ശേഖരണം നടത്തിയിരുന്നതെന്നും C-DIT-ൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ച് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്നും പ്രസ്തുത സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വരുന്നതോടുകൂടി കൃത്യമായ ഡാറ്റാ ബേസ് രൂപീകരിക്കാനും വിവരശേഖരണം നടത്താനും സാധിക്കുമെന്നും ഇക്കാര്യത്തിൽ ഒരുപാട് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ അറിയിച്ചു. കലാരംഗത്ത് പ്രവർത്തിച്ചിരുന്ന വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കുള്ള ധനസഹായത്തിന്റെ വിഷയമാണിതെന്ന് തദവസരത്തിൽ സമിതി ചൂണ്ടിക്കാട്ടി. ധനസഹായം കൃത്യമായി മുടക്കമില്ലാതെ നൽകുന്നുണ്ടെന്ന് കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി ബോധിപ്പിച്ചു.

5. കലാകാരൻമാർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണെന്നും ജീവിതം മുഴുവൻ കലാരംഗത്ത് പ്രവർത്തിച്ചവരോട് മാനുഷിക പരിഗണന ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. തിയേറ്ററുകൾ നിലവിൽ പഴയ നിരക്കാണ് ഈടാക്കുന്നതെന്നും നിരക്ക് വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി നിർദ്ദേശിച്ചു. കലാകാരന് നൽകുന്ന 150 രൂപ എന്നത് വളരെ ചെറിയ തുകയാണെന്ന് വ്യക്തമാക്കിയ സമിതി തിയേറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ചാർജ്ജ് വർദ്ധിപ്പിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

6. ജി.എസ്.ടി. വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നികുതിയിനത്തിലുള്ള പ്രശ്നങ്ങൾ സങ്കീർണ്ണമായി നിൽക്കുന്നതും

തീയേറ്ററിൽ ആളുകൾ കുറവായതിനാൽ ലാഭകരമല്ലെന്നതുമാണ് തീയേറ്റർ ഉടമകളുടെ പ്രശ്നമെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് സാംസ്കാരിക വകുപ്പ്, തദ്ദേശ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ ചർച്ച ചെയ്യണമെന്നും തീയേറ്റർ ഉടമകളുടെ ഭാഗത്തുനിന്ന് ശക്തമായ പ്രതിഷേധമുണ്ടാകാൻ സാധ്യതയുണ്ടെന്നും സമിതി വ്യക്തമാക്കി. കോവിഡിനുശേഷം പല തിയേറ്ററുകളിലും ആളുകൾ കുറവാണെന്നും ചില തിയേറ്ററുകൾ മാളുകളും മറ്റുമായി മാറ്റിയിട്ടുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി തദവസരത്തിൽ ബോധിപ്പിച്ചു. സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിച്ചു.

7. മൾട്ടിപ്ലക്സ് തിയേറ്റർ ആണെങ്കിൽ മാക്സിമം 25,000 രൂപയായിരിക്കും സർവ്വീസ് ചാർജ്ജ് വാങ്ങുന്നതെന്നും കഴക്കൂട്ടത്തെ കൃഷ്ണ തിയേറ്ററിൽ നിന്നും ഒരു വർഷം 2000 രൂപ മാത്രമാണ് സർവ്വീസ് ചാർജ്ജായി ലഭിക്കുന്നതെന്നും അവ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്നും എന്നാൽ നിലവിലെ സാഹചര്യത്തിൽ സർവ്വീസ് ചാർജ്ജ് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിയേറ്റർ ഉടമകൾ സർക്കാരിനെ സമീപിക്കുന്നുണ്ടെന്നും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി വിശദീകരിച്ചു.

8. സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശികയുള്ള 1,56,58,532/- രൂപ ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സോഫ്റ്റ്‌വെയറിൽ പ്രശ്നമുള്ളതിനാൽ കണക്ക് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ആവശ്യമായ സ്റ്റാഫിന്റെ കുറവുണ്ടെന്നും അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

9. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുന്നുണ്ടെന്നും Kerala State Film Development Corporation (KSFDC)-നെയാണ് വിവര ശേഖരണത്തിനും തുക പിരിച്ചെടുക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അതിൽ തിയേറ്റർ ഉടമകൾക്ക് എതിർപ്പുണ്ടായിരുന്നുവെന്നും KSFDC, തിയേറ്ററുകൾ നടത്തുന്ന ഏജൻസിയായതിനാൽ അതിൽ താല്പര്യമില്ലെന്നാണ് തിയേറ്റർ ഉടമകൾ അറിയിച്ചിട്ടുള്ളതെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ലേബർ സെസ് പിരിച്ചെടുക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ നടത്തുന്നത് ക്ഷേമനിധികൾ മുഖാന്തരമാണെന്നും ക്ഷേമനിധിയുടെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾക്കാണ് തുക ഉപയോഗിക്കുന്നതെന്നും ക്ഷേമനിധിയെ നോഡൽ ഏജൻസിയായി നിർത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷേമനിധിക്ക് ടിക്കറ്റ് കളക്ഷന്റെയും മറ്റും വിശദാംശം നൽകി e-ticket സിസ്റ്റത്തിലേയ്ക്ക് പോകുന്നത് സംബന്ധിച്ചാണ് മന്ത്രിതല യോഗത്തിൽ ചർച്ച ചെയ്യുന്നതെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ കൂടി സഹകരിച്ചാൽ മാത്രമേ e-ticketing സാധ്യമാകുകയുള്ളൂവെന്നും ആയതിനു വേണ്ടി നിലവിൽ ഒരു സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ടെന്നും ക്ഷേമനിധിബോർഡിനെ നോഡൽ ഏജൻസിയായി പരിഗണിച്ച് കലാകാരൻമാരുടെ ക്ഷേമത്തിന് മുൻതൂക്കം നൽകി പോകേണ്ടതുണ്ടെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പല പഞ്ചായത്തുകളും സർവ്വീസ് ചാർജ്ജ് കൃത്യമായി ഈടാക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. മന്ത്രി തല യോഗത്തിലെ തീരുമാനം ഉൾപ്പെടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

10. ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമേ തീയറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്നും ചലച്ചിത്ര അക്കാദമിക്ക് തീയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ സർവ്വീസ് ചാർജ്ജും അതിന്മേലുള്ള കുടിശ്ശികയും ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ചലച്ചിത്ര അക്കാദമിയിൽ തീയേറ്ററുകളുടെ സർവ്വീസ് ചാർജ്ജ് കൃത്യമായി അടച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയ രസീത് ലഭിച്ചശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂവെന്ന് സമിതി നിർദേശിക്കുന്നു.

11. അശരണരായ കലാകാരൻമാർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണെന്നും ജീവിതം മുഴുവൻ കലാരംഗത്ത് പ്രവർത്തിച്ചവരോട് മാനുഷിക പരിഗണന നൽകണമെന്നും അഭിപ്രായപ്പെട്ട സമിതി, സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാക്കുന്ന പെൻഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ സർവ്വീസ് ചാർജ്ജ് യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

12. തിയറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശികയുള്ള 1,56,58,532/- രൂപ അടിയന്തരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

14. സർവ്വീസ് ചാർജ്ജ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിതല യോഗം ചേരുന്നുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനം ഉൾപ്പെടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സാംസ്കാരിക വകുപ്പ് സമിതിക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

ഓഡിറ്റ് ഖണ്ഡിക

ബുക്ക് ബയന്റിംഗ് ക്യാമ്പ്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 3-5)

ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ ബയന്റ് ചെയ്യുന്നതിന് ജില്ലാ തലത്തിൽ ബയന്റിംഗ് പരിശീലനം സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയിൽ നിന്നും 3 പേർ വീതം 42 റിസോഴ്സ് പേഴ്സൺമാർക്കായി 2020 ജനവരി 20,21 തീയതികളിൽ നടത്തിയ സംസ്ഥാനതല പരിശീലനത്തിന് 88,242/- രൂപ (80,000/- രൂപ മുൻകൂറും 8,242/- രൂപ 149724/7-02-20 പ്രകാരവും) ചെലവായിട്ടുണ്ട്. ഓരോ ജില്ലയിലേയും 100 ലൈബ്രറി പ്രവർത്തകർക്ക് വീതം പരിശീലനം നല്കുന്നതിന് 4,16,758/- രൂപയും 1400 പേർക്ക് ബയന്റിംഗ് ടൂൾ കിറ്റ് വാങ്ങി ജില്ലകൾക്ക് വിതരണം ചെയ്തതിന് 3,93,393/-രൂപയും ചേർത്ത് ആകെ 8,98,393/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവായിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വിശദാംശങ്ങളൊന്നും ലഭ്യമായില്ല

(a) റിസോഴ്സ് പേഴ്സൺമാർക്കു നല്കിയ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ (പരിശീലനത്തിൽ പങ്കെടുത്തതിന്റെ ഹാജർ, അനുബന്ധ രേഖകൾ)

(b) ഓരോ ജില്ലകളിലും നടത്തിയ ബുക്ക് ബയന്റിംഗ് പരിശീലനത്തിന്റെയും അതിൽ പങ്കെടുത്ത ലൈബ്രറി പ്രവർത്തകരുടേയും വിവരം, പരിശീലകർക്കു നല്കിയ ഹോണറേറിയത്തിന്റെ വിവരം, ആയതിന്റെ കൈപ്പറ്റ് മുതലായവ.

(c) ടൂൾ കിറ്റുകൾ (1400 എണ്ണം) വിതരണം ചെയ്തതിന്റെ വിവരം, അവ ലഭിച്ചവരുടെ കൈപ്പറ്റ്, വിതരണശേഷം അവശേഷിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരം.

ബുക്ക് ബയന്റിംഗ് പരിശീലനം സംബന്ധിച്ച മേൽ വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, 2017 ലേയും, 2018 ലേയും ദേശീയ ഗ്രന്ഥസൂചി (മലയാളം) 990 പകർപ്പുകൾ വീതം അച്ചടിച്ചത് 'എ' ഗ്രേഡ് ലൈബ്രറികൾക്ക് നല്കുന്നതിനായി ജില്ലാ ലൈബ്രറി കൗൺസിലിനു നല്കി.

മേൽ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയുടെ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു.

1. **പ്രാദേശിക പരിശോധന റിപ്പോർട്ട്**

   [2019-20 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-6]

2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ ബുക്ക് ബയന്റിംഗ് ക്യാംപ്, മുതിർന്ന ഗ്രന്ഥശാല പ്രവർത്തകരെ

ആദരിക്കൽ, ഗ്രന്ഥസൂചി ലഭ്യമാക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലയിലെ 8 ലൈബ്രറികളിൽ പരിശോധന നടത്തിയതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈബ്രറിയുടെ പേര് /ഗ്രേഡ്	പരിശോധനയിൽ ലഭിച്ച വിവരം		
		ബുക്ക് ബയന്റിംഗ് ക്യാംപിൽ പങ്കെടുത്തവർ/ ടൂൾ കിറ്റ് ലഭിച്ചവർ	ഗ്രന്ഥശാല പ്രവർത്തകർക്ക് വസ്ത്രങ്ങൾ ലഭിച്ചതിന്റെ എണ്ണം (പുരുഷൻ/സ്ത്രീ)	ഗ്രന്ഥസൂചി ലഭിച്ചതിന്റെ വിവരം
1	മെഡിക്കൽ കോളേജ് എൻ.ജി.ഒ ലൈബ്രറി & റിക്രീഷൻ ക്ലബ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം- 'എ' ഗ്രേഡ്	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ഇ-മെയിലായി ലഭിച്ചിട്ടുണ്ട്
2	പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്മാരക ലൈബ്രറി പട്ടം,തിരുവനന്തപുരം -'എ' ഗ്രേഡ് (i)	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
3	ശ്രീകൃഷ്ണ വിലാസം ഗ്രന്ഥശാല, മലയിൻക്കീഴ്, തിരുവനന്തപുരം,	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
4	യുവജന സമാജം ഗ്രന്ഥശാല, വിളപ്പിൽശാല, തിരുവനന്തപുരം.	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
5	സ്വരാജ് ഗ്രന്ഥശാല, നേമം, തിരുവനന്തപുരം	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
6	എ.ഗോവിന്ദപ്പിള്ള സ്മാരക ഗ്രന്ഥശാല, കരമന – എ ഗ്രേഡ്	ക്യാമ്പിൽ പങ്കെടുത്തു. ടൂൾ കിറ്റ് ലഭിച്ചു.	ലഭിച്ചിട്ടില്ല.	2 പകർപ്പുകൾ ലഭിച്ചു
7	സഹൃദയസമാജം ഗ്രന്ഥശാല, കൈലാത്തുകോണം – ബി ഗ്രേഡ്	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
8	സ്വതന്ത്രഭാരതം ഗ്രന്ഥശാല (താലൂക്ക് റഫറൻസ് ലൈബ്രറി), കോരാണി- എ ഗ്രേഡ് (ii)	ക്യാമ്പിൽ പങ്കെടുത്തു എന്നാൽ ടൂൾ കിറ്റ് ലഭിച്ചിട്ടില്ല	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.

പരിശോധന നടത്തിയ ലൈബ്രറികളിൽ എ.ഗോവിന്ദപ്പിള്ള സ്മാരക ഗ്രന്ഥശാല, കരമനയിലെ (ക്രമനം.6) ലൈബ്രേറിയൻ മാത്രമാണ് ബയന്റിംഗ് പരിശീലനത്തിൽ പങ്കെടുക്കുകയും ടൂൾ കിറ്റ് ലഭിക്കുകയും ചെയ്തിട്ടുള്ളത്. പ്രസ്തുത ലൈബ്രറിക്ക് ഗ്രന്ഥസൂചിയും ലഭിച്ചിട്ടുണ്ട്. ഗ്രന്ഥശാലയിലെ മുതിർന്ന പൗരന്മാരെ ആദരിക്കുന്നതിനുള്ള ചടങ്ങ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു.

i. ബുക്ക് ബയന്റിംഗ് ക്യാംപ് പ്രൊ.ജോസഫ് മുണ്ടശ്ശേരി സ്മാരക ലൈബ്രറിയിൽ നടത്തുന്നതിനായിരുന്നു പ്രാരംഭ തീരുമാനമെങ്കിലും പിന്നീട് പരിശീലന വേദി

മാറ്റിയത് സംബന്ധിച്ചോ ക്യാംപ് നടത്തിപ്പ് സംബന്ധിച്ചോ അറിയിപ്പ് ലഭിച്ചില്ലായെന്ന് ഗ്രന്ഥശാല സന്ദർശന വേളയിൽ സെക്രട്ടറി ബോധിപ്പിച്ചു.

ii. സ്വതന്ത്രഭാരതം ഗ്രന്ഥശാലയിലെ ലൈബ്രേറിയന് ബയന്റിംഗ് പരിശീലനം ലഭിച്ചുവെങ്കിലും പരിശീലനശേഷം ടൂൾ കിറ്റ് തിരികെ വാങ്ങിയതായി അറിയിച്ചു. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ടൂൾ കിറ്റുകളൊന്നും തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. റിപ്പോർട്ടിലെ വിവരങ്ങൾ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ ക്രമക്കേടുകളും സുതാര്യതയില്ലായ്മയും വ്യക്തമാക്കുന്നു.

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നടത്തുന്ന ചെലവുകളും വാങ്ങലുകളും ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. ബുക്ക് ബയന്റിംഗ് ക്യാമ്പ് തുക നിരാകരിക്കുന്നുവെന്നതാണ് ആദ്യ പരാമർശമെന്നും ഓരോ ജില്ലയിലും കോവിഡ് മൂലം പല ലൈബ്രറി കൗൺസിലുകൾക്കും കൃത്യമായി ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെന്നും കോവിഡിന്റെ കാലഘട്ടമായ മാർച്ച് 24 മുതൽ സെപ്തംബർ 30 വരെ ലൈബ്രറി അടച്ചിട്ടിരുന്ന സാഹചര്യം ഉണ്ടായപ്പോൾ പല ക്യാമ്പുകളും നടത്താൻ സാധിച്ചിട്ടില്ലെന്നും അങ്ങനെയുള്ളവ തുടർന്ന് നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

16. കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ബുക്ക് ബയന്റിംഗ് പരിശീലനം നടന്നിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പരിശീലനം നടന്നിട്ടില്ലെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

17. പ്രസ്തുത ജില്ലകളിൽ പരിശീലനത്തിനായി വാങ്ങിയ ടൂൾ കിറ്റുകളുടെ സ്ഥിതിയെന്താണെന്നും ഇനി അവ ഉപയോഗിക്കാൻ സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് ടൂൾ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി സമിതി യോഗത്തിന്റെ തലേ ദിവസം (10.10.2023) ആണ് ലഭിച്ചതെന്ന് തദവസരത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സമാഹൃത റിപ്പോർട്ട് നിയമസഭ മുൻപാകെ സമർപ്പിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് സമിതി മുൻപാകെ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയാണെന്നും സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകേണ്ട ഉത്തരവാദിത്തം വകുപ്പുകളിൽ നിക്ഷിപ്തമാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി വ്യക്തമാക്കി.

18. ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറുപടി നൽകുന്നതിനായി 14 ജില്ലകളിൽ നിന്നും വിവരം ശേഖരിക്കേണ്ടതായിട്ടുണ്ടെന്നും 2019 മുതൽ 2021 വരെയുള്ള കോവിഡ് കാലത്തെ പ്രോജക്ടുകളായതിനാൽ കാലതാമസമുണ്ടായിട്ടുണ്ടെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ബോധിപ്പിച്ചു. അന്തിമ റിപ്പോർട്ടിൽ ചെറിയ തിരുത്തലുകൾ ആവശ്യമായി വന്നതിനാലാണ് കാലതാമസമുണ്ടായതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയും അറിയിച്ചു.

19. സെൻട്രൽ ലൈബ്രറിയിൽ നിന്നും ലഭ്യമാക്കുന്ന ഗ്രന്ഥസൂചിയുടെ വിതരണം മാത്രമാണ് ലൈബ്രറി കൗൺസിലിന്റെ ചുമതലയെന്നും കോവിഡ് കാലത്ത് ലൈബ്രറികൾ അടഞ്ഞുകിടന്നതിനാൽ ശരിയായ രീതിയിൽ റിപ്പോർട്ടുകൾ ശേഖരിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വെളിപ്പെടുത്തി. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് 2019-20 ൽ ഖാദി വസ്ത്രം നൽകിയിരുന്നെങ്കിലും വിതരണത്തിൽ പ്രയാസം നേരിട്ടിരുന്നുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 3000 എണ്ണം വസ്ത്രങ്ങൾ വിതരണം ചെയ്തിട്ടില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്ന് തദവസരത്തിൽ സമിതി ചൂണ്ടിക്കാട്ടിയപ്പോൾ 150 എണ്ണം മാത്രമാണ് മിച്ചമുള്ളതെന്നും ആയത് വൃദ്ധസദനത്തിന് നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

20. 3982 എണ്ണം വിതരണത്തിനായി അവശേഷിക്കുന്നു എന്നാണ് റിപ്പോർട്ടിലുള്ളതെന്നും നഷ്ടമുണ്ടായത് എങ്ങനെയാണ് പരിഹരിക്കാൻ കഴിയുന്നതെന്നും സമിതി ആരാഞ്ഞതിന് 3982 എണ്ണമെന്നുള്ളത് ജില്ലകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനുമുമ്പുള്ള കണക്കാണെന്നും അതിന്റെ വിശദമായ റിപ്പോർട്ട് നിലവിൽ ലഭ്യമായിട്ടുണ്ടെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വ്യക്തമാക്കി. 115 എണ്ണം മാത്രമേ നിലവിൽ വിതരണത്തിന് ബാക്കിയുള്ളൂവെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ബോധിപ്പിച്ചു.

21. 2019-20 കാലഘട്ടത്തെ ഓഡിറ്റ് പരാമർശങ്ങളിലെ ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് കോവിഡ് മൂലമാണ് എന്ന്

പറയുന്നത് ശരിയായ രീതിയല്ലെന്ന് വിലയിരുത്തിയ സമിതി റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ ലൈബ്രറി കൗൺസിലിന് പൂർണ്ണ ഉത്തരവാദിത്തമുണ്ടെന്നും വ്യക്തമാക്കി. കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ബുക്ക് ബയന്റിംഗ് പരിശീലനം നടന്നിട്ടില്ലായെന്നും ടി ജില്ലകളിൽ പരിശീലനത്തിനായി വാങ്ങിയ ടൂൾ കിറ്റുകൾ ഉപയോഗിച്ചിട്ടില്ലായെന്നും പരിശീലനം നടത്തിയ ജില്ലകൾ പരിശീലനത്തിനായി അനുവദിച്ച മുൻകൂർ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെന്നും കൊൽക്കത്ത സെൻട്രൽ റഫറൻസ് ലൈബ്രറി സൗജന്യമായി ലഭ്യമാക്കിയിരുന്ന ദേശീയ ഗ്രന്ഥസൂചി 990 എണ്ണം വിവിധ ലൈബ്രറികൾക്ക് വിതരണം നടത്തിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നുമുള്ള വിഷയങ്ങൾ തദവസരത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

22. മേൽ സൂചിപ്പിച്ച മൂന്ന് കാര്യങ്ങളാണ് ഓഡിറ്റ് പരാമർശമായി ഉള്ളതെന്നും വ്യക്തത വരുത്തേണ്ട ചില വിഷയങ്ങളിൽ ജില്ലാതല റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലെന്നും ലൈബ്രറി കൗൺസിൽ സെക്രട്ടറി ബോധിപ്പിച്ചു. ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിനും തദ്ദേശസ്വയംഭരണ വകുപ്പിനും റിപ്പോർട്ട് നൽകണമെന്നും. ജില്ലാ ഓഫീസിൽ പരിശോധന നടത്തിയശേഷം ഓഡിറ്റ് ഡയറക്ടറേറ്റിലേയ്ക്ക് മറുപടി നൽകുമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

23. 2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ ബുക്ക് ബയന്റിംഗ് ക്യാംപ്, മുതിർന്ന ഗ്രന്ഥശാല പ്രവർത്തകരെ ആദരിക്കൽ, ഗ്രന്ഥസൂചി ലഭ്യമാക്കൽ എന്നീ പദ്ധതികളുടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സീമാറ്റ് കേരള

ഓഡിറ്റ് ഖണ്ഡിക

ഔദ്യോഗിക വാഹനമുള്ളപ്പോൾ വാഹനം വാടകയ്ക്കെടുത്തത് - 2,61,961 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2018-19, ഖണ്ഡിക 3-2]

(a) സീമാറ്റ് ഡയറക്ടറുടെ ഔദ്യോഗികയാത്രയ്ക്കായി 2011 രജിസ്ട്രേഷനിലുള്ള ഫോർഡ് ഫിയസ്റ്റ വാഹനത്തിന്റെ (നം.KL-01-BA-6372) അറ്റകുറ്റപണിക്കായി 2018-19 വർഷം 74,761/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസം മുതൽ ഡയറക്ടറുടെ യാത്രയ്ക്കായി വാഹനം വാടകയ്ക്കെടുത്താണ് ഉപയോഗിച്ചിട്ടുള്ളത്.

വാഹനം നിരന്തരം അറ്റകുറ്റപ്പണിക്ക് വിധേയമാക്കുകയും ഇതിനുശേഷവും ഔദ്യോഗിക യാത്രകൾക്ക് ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലായതിനാലാണ് നിയമാനുസൃതമായി വാഹനം വാടകയ്ക്കെടുത്തതെന്നാണ് വിഷയത്തിൽ വിശദീകരണം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i. ഔദ്യോഗികവാഹനമുള്ളപ്പോൾ സർക്കാരിന്റെ അനുമതിയില്ലാതെയാണ് 07.08.2018 മുതൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 25.06.2019 വരെ വാഹനം വർക്ക്ഷോപ്പിലായിരുന്ന തീയതിയിലൊഴികെ (23.08.2018 മുതൽ 14.11.2018 വരെ) വാഹനം യാത്രക്കായി ഉപയോഗിച്ചിട്ടുണ്ട്. വർക്ക്ഷോപ്പിൽ നിന്ന് തിരികെ ലഭിച്ച 14.11.2018 മുതൽ 29.03.2019 വരെ 1007 km വാഹനം ഓടിയിട്ടുണ്ട്.

ii. ഹ്രസ്വദൂരയാത്രയ്ക്കായും, പരിശീലനപരിപാടിയുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിനും, എക്സ്പെർട്ടുകളുടെ ഹ്രസ്വദൂരയാത്രയ്ക്കായും ചില അവസരങ്ങളിൽ വാഹനം ഉപയോഗിച്ചു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ ആവശ്യത്തിലേക്കായി പുറത്തുനിന്ന് വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്.

iii. ഡയറക്ടറുടെ ഔദ്യോഗിക യാത്രയ്ക്കായി ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്കെടുത്തിരിക്കുന്നത് ശ്രീ ടൂർസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഔദ്യോഗിക വാഹനം അറ്റകുറ്റപണിക്കായി നൽകിയ കാലയളവിലേക്ക് ശ്രീ ടൂർസ് എന്ന സ്ഥാപനത്തിൽ നിന്ന് വാഹനം വാടകയ്ക്കെടുത്തതിന്റെ അടിസ്ഥാനത്തിൽ 06.08.2018 മുതൽ 06.09.2018 വരെ ദിവസവാടകയ്ക്കും, തുടർന്ന് 07.09.2018 മുതൽ പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ട് തുടർന്നുള്ള മാസങ്ങളിൽ മാസവാടകയ്ക്കും വാഹനം എടുത്തിട്ടുണ്ട്. ഇതിലേക്കായി 2018-19 വർഷം ആകെ 2,61,961/- രൂപ ചെലവഴിച്ചിട്ടുണ്ട്.

iv. മാസവാടകയ്ക്കക്ക് വാഹനം എടുക്കാൻ ക്വട്ടേഷൻ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തതായും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഇ.എം.ഡിയും, സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കിയിട്ടില്ലായെന്നും മറുപടി നൽകിയെങ്കിലും ക്വട്ടേഷൻ സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

v. ഔദ്യോഗിക വാഹനം ഉപയോഗ യോഗ്യമല്ലായെന്ന് പി.ഡബ്യൂ.ഡി. മെക്കാനിക്കൽ ഡിവിഷനിൽ നിന്നും സാക്ഷ്യപത്രം ലഭിക്കാതെയാണ് പുറമെ നിന്ന് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ അസി.എക്സി.എൻജിനീയറുടെ 18.02.2019 ലെ റിപ്പോർട്ടിൽ വാഹനം satisfactory running condition-ൽ ആണെന്നും ചെറിയ റിപ്പയർവർക്ക് മാത്രമേ ആവശ്യമുള്ളുവെന്നുമാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇക്കാരണത്താൽ

വാടകയ്ക്ക് വാഹനം ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയില്ല (പൊതുവിദ്യാഭ്യാസ(ഡി) വകുപ്പിൽ നിന്നുള്ള 06.05.2019 ലെ പൊ.വി.വ.ഡി3/58/2019/പൊ.വി.വ നം.കത്ത്). തുടർന്ന് 19.07.2019-നാണ് പി.ഡബ്ല്യു.ഡി. എക്സി.എൻജിനീയർ അൺഎക്കണോമി സർട്ടിഫിക്കറ്റ് നൽകിയെങ്കിലും വാഹനം കൈയൊഴിയുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ.(എം.എസ്)110/76/PW തീയതി.10.05.1976) പറഞ്ഞിരിക്കുന്ന നിബന്ധനകളുടെ പരിധിയിൽ വരാത്തതിനാൽ വാഹനം കൈയൊഴിയുന്നതിന് കംപീറ്റൻറ് അതോറിറ്റിയിൽ നിന്ന് അനുമതിവാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വാഹനം വാടകയ്ക്കെടുത്തതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 2,61,961/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(b) സീമാറ്റിലെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനക്ഷമതാടെസ്റ്റ് 2018-19 ൽ നടത്തിയിട്ടില്ല. പ്രസ്തുത വാഹനത്തിന്റെ (ഫോർഡ് ഫിയസ്റ്റ 1.4 D ZXI) ടാങ്ക് കപ്പാസിറ്റി 45 ലിറ്റർ ആണ്. എന്നാൽ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 18.05.18, 12.01.2019 എന്നീ തീയതികളിൽ 47 ലിറ്റർ വീതം ഡീസൽ അടിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചശേഷം മറുപടി നൽകാമെന്നാണ് ഇതിന് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.21) നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. സീമാറ്റ് കേരള-യുടെ ഔദ്യോഗിക വാഹനം 2017-ഓടെ തീർത്തും ഉപയോഗരഹിതമായ അവസ്ഥയിലായതിനാലാണ് 2018-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുക്കേണ്ടിവന്നതെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

25. സീമാറ്റ് കേരള-യുടെ ഔദ്യോഗിക വാഹനം 2017-ഓടെ തീർത്തും ഉപയോഗരഹിതമായ അവസ്ഥയിലായതിനാലാണ് 2018-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുക്കേണ്ടിവന്നതെന്നുള്ള വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ

ഓഡിറ്റ് ഖണ്ഡിക

ചട്ടപ്രകാരമല്ലാതെ സിറ്റിംഗ് ഫീസ് അനുവദിച്ചു 1,41,750/-രൂപ നിരാകരിക്കുന്നു

(2014-15 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്)

കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് നിയമം 1953 സെക്ഷൻ 16, കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് ചട്ടങ്ങൾ 1972 ചട്ടം 118,119 എന്നിവ പ്രകാരം കേരളാ നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ (KNMC) അംഗങ്ങൾക്ക് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുക്കുന്നതിന് സിറ്റിങ് ഫീസ് അനുവദിക്കാവുന്നതാണ്. എന്നാൽ കൗൺസിൽ അംഗമല്ലാത്ത രജിസ്ട്രാർക്ക് 04.08.2014 മുതൽ ഒക്ടോബർ 2018 വരെയുള്ള വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തതിന് സിറ്റിങ് ഫീസ് ഇനത്തിൽ ആകെ 1,41,750/- രൂപ നൽകിയിട്ടുണ്ട്. നിയമത്തിലെ സെക്ഷൻ 2 പ്രകാരം രജിസ്ട്രാറെ കൗൺസിൽ അംഗമായി കണക്കാക്കാൻ കഴിയാത്തതിനാൽ സിറ്റിങ് ഫീസ് അനുവദിച്ചത് നിയമവിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/19.06.2020) രജിസ്ട്രാർ കൗൺസിൽ സെക്രട്ടറി ആയതിനാലും ഭാരിച്ച ചുമതലകൾ നിർവഹിക്കേണ്ടതിനാലും സിറ്റിംഗ് ഫീസ് നൽകാൻ 16.08.2014 ൽ കൂടിയ കൗൺസിൽ യോഗം III(എ) നമ്പർ പ്രകാരം തീരുമാനിച്ചു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. നഴ്സസ് നിയമങ്ങളെയും ചട്ടങ്ങളെയും മറികടന്നു തീരുമാനം എടുക്കാനോ നടപ്പിലാക്കാനോ കൗൺസിലിന് അധികാരമില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സിറ്റിങ് ഫീസ് ഇനത്തിൽ ചെലവഴിച്ച 1,41,750/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ	മീറ്റിംഗ് നടന്ന മാസം/ കാലയളവ്	മീറ്റിംഗ് വിവരങ്ങൾ - എണ്ണം	അനുവദിച്ച തുക	ചെക്ക് നമ്പർ, തീയതി
1	8/2014 മുതൽ 10/2014 വരെ	Council - 5 Edn Committee - 1 Sub Committee - 1 Exam Committee - 1	1x750+7x1000 = 7,750/-	897210/ 01.10.2014
2	11/2014 – 5/2015	Council - 5 Edn Committee - 5 Sub Committee - 6 Exam Committee - 5	21x1000= 21,000	961900/ 18.05.2015
3	5/2015 – 2/2016	Council - 11 Edn Committee - 6 Sub Committee - 5 Exam Committee - 4	26x1000= 26,000	358241/ 01.03.2016 12/2016
4	3/2016 – 12/2016	Council - 9 Edn Committee - 2 Sub Committee - 13 Exam Committee - 8	32x1000= 32,000	637591/ 20.05.2017

5	1/2017 – 12/2017	Council - 13 Edn Committee - 3 Sub Committee - 14 Exam Committee - 5	35x1000= 35,000	790895/ 23.01.2018
6	1/2018 – 10/2018	Council - 12 Edn Committee - 1 Sub Committee - 7	20x1000= 20,000	CMP No: 72997448A06388311 1/17.10.2018
		ആകെ	1,41,750	

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.4

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. നഴ്സിംഗ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ആയിരുന്ന ശ്രീമതി വത്സ കെ. പണിക്കർ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് അനധികൃതമായി സിറ്റിംഗ് ഫീസ് കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശമാണിതെന്നും ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയ നടപടി പൂർണ്ണമായും ചട്ടവിരുദ്ധമാണെന്ന് കണ്ടെത്തുകയും കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് വകുപ്പിൽ രജിസ്റ്ററാക്കി ടിയാൾ കൈപ്പറ്റിയ 1,41,750/- രൂപ തിരിച്ചടയ്ക്കാത്ത പക്ഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടിയാളുടെ ഡി.എ.യിൽ നിന്നോ ഡി.എ. അരിയറിൽ നിന്നോ പെൻഷനിൽ നിന്നോ തുക ഈടാക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് 07.10.2023-ൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽനിന്നും ഉത്തരവായിട്ടുണ്ടെന്നും ആരോപണ വിധേയയായ ഉദ്യോഗസ്ഥ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ടി തുക ഈടാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സർക്കാർ ഇതുസംബന്ധിച്ച് രണ്ട് ഉത്തരവ് ഇറക്കിയിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവുകൾ കൂടി ഉൾപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാമെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

നിഗമനങ്ങളും / ശിപാർശകളും

27. നഴ്സിംഗ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ചട്ടവിരുദ്ധമായി കൈപ്പറ്റിയ സിറ്റിംഗ് ഫീസായ 1,41,750/- രൂപ ഈടാക്കിയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

വഖഫ് ബോർഡ്

1954 ലെ കേന്ദ്ര വഖഫ് ആക്ട് സമഗ്രമായി പരിഷ്കരിച്ച് 1996 ജനവരി 1 മുതൽ പ്രാബല്യത്തിൽ വന്നതാണ് 1995 ലെ 43-ാം നമ്പർ വഖഫ് ആക്ട്. അതു പ്രകാരമാണ് 1960 ൽ ആണ് കേരള സംസ്ഥാന വഖഫ് ബോർഡ് രൂപീകരിച്ചത്. വഖഫ് ആക്ട് പഴയ മലബാറിൽ 05.01.1955 ലും തിരുവിതാംകൂർ, കൊച്ചി പ്രദേശത്ത് 01.02.1955 ലും നിലവിൽ വന്നു. വഖഫ് (ദേവസ്വം)സ്വത്തുക്കൾ അന്യാധീനപ്പെടുന്നത് തടയുന്നതിനും, അന്യാധീനപ്പെട്ടവ വീണ്ടെടുക്കുന്നതിനും വഖഫുകളുടെ ഭരണം വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നുവെന്നും വഖഫുകളുടെ പണം ദുരുപയോഗപ്പെടുത്തുന്നില്ലെന്നും ഉറപ്പു വരുത്തുന്നതിനുള്ള ലക്ഷ്യം വെച്ചുകൊണ്ടാണ് വഖഫ്ബോർഡ് പ്രവർത്തിക്കുന്നത്. ബോർഡിന്റെ സ്വത്തു വകകളെക്കുറിച്ച് അറിയുന്നതിനായി ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. മുസ്ലീം സമുദായത്തിലെ അശരണരും, നിരാലംബരുമായവരെ സഹായിക്കുക എന്നതും ബോർഡിന്റെ ചുമതലകളിൽപ്പെടുന്നു. നിരവധി ക്ഷേമപദ്ധതികൾ ഇത്തരത്തിൽ ബോർഡ് നടപ്പിലാക്കുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പഠനാവശ്യത്തിനായി സ്കോളർഷിപ്പുകളും, വിവാഹ ധനസഹായവും നൽകിവരുന്നു. കൂടാതെ അശരണരായവർക്ക് പെൻഷൻ ഇനത്തിലും തുക നൽകുന്നു. വഖഫ്ബോർഡിന്റെ മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനാണ് വഖഫുകളുടെ അറ്റാദായത്തിൽ നിന്നും ഒരു നിശ്ചിത വിഹിതം വഖഫ് ബോർഡിൽ അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന വിഹിതത്തിന്റെ 1 / 7 ശതമാനം തുക സെൻട്രൽ വഖഫ് കൗൺസിലിലേക്ക് നൽകുന്നു. എന്നിരുന്നാലും വഖഫ് ബോർഡിന്റെ വരുമാനത്തിൽ നല്ലൊരുപങ്കും ഭരണച്ചെലവുകൾക്കും, സാമൂഹ്യക്ഷേമ പദ്ധതികൾക്കുമാണ് ചെലവഴിക്കുന്നത്. ആവശ്യമായ തുകയുടെ നല്ലൊരു ശതമാനവും കേരള സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റായി ലഭിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുക കുടിശ്ശിക ഇല്ലാതെ കൊടുക്കാനും, തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താനും, അങ്ങനെ ബോർഡ് രൂപീകരണത്തിന്റെ പ്രധാന ലക്ഷ്യം നിറവേറ്റുവാനും കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തണം.

എറണാകുളം ജില്ലയിലെ കലൂരാണ് ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്നത്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസുകളുമുണ്ട്.

1995-ലെ കേന്ദ്ര വഖഫ് നിയമം സെക്ഷൻ 80(1), 80(2), കേരള വഖഫ് ചട്ടങ്ങളിലെ ചട്ടം 90, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ പ്രകാരമാണ് ഈ സ്ഥാപനത്തിൽ ഓഡിറ്റ് നടത്തുന്നത്. വഖഫിന്റെ വസ്തുവകകൾ പലതും കോടതി വ്യവഹാരങ്ങളിലാണ്. ഈ വസ്തുവകകൾ കൃത്യമായി രേഖപ്പെടുത്തി

സൂക്ഷിക്കുന്ന സംവിധാനം നിലവിലില്ല. അതുകൊണ്ടുതന്നെ വസ്തുവകകൾ അന്യാധീനപ്പെടാനുള്ള സാധ്യതയുണ്ട്.

ഓഡിറ്റ് ഖണ്ഡിക

(a) വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് - കുടിശ്ശിക 67 ലക്ഷം രൂപ

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-5]

പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന നിർദ്ധനരായ മുസ്ലീം വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി പലിശ രഹിത വായ്പയായി 25,000/- രൂപ സ്കോളർഷിപ്പ് വഖഫ് ബോർഡിൽ നിന്ന് നൽകുന്നുണ്ട്. ഓരോ പഠിതാവും കോഴ്സ് പൂർത്തിയാക്കി 6 മാസത്തിന് ശേഷം 2 വർഷത്തിനുള്ളിൽ തുല്യ ഗഡുക്കളായി തുക തിരിച്ചടക്കണമെന്ന വ്യവസ്ഥയോടെയാണ് വായ്പ നൽകുന്നത്. 2005-06 മുതൽ 2018-19 വരെയുള്ള കാലയളവിൽ 135 വിദ്യാർത്ഥികളിൽ നിന്നായി ആകെ 67,30,162/- രൂപ തിരികെ ലഭിക്കാനുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	വർഷം	ആനുകൂല്യം കൈപ്പറ്റി തുക തിരിച്ചടക്കാത്തവരുടെ എണ്ണം	തുക
1	2005-06	2	18,000
2	2006-07	6	2,01,500
3	2007-08	22	8,41,000
4	2008-09	10	3,54,500
5	2009-10	17	9,45,000
6	2010-11	30	16,78,500
7	2011-12	34	21,41,062
8	2012-13	14	5,50,600
	ആകെ	135	67,30,162

തിരികെ ലഭിക്കാനുള്ള സ്കോളർഷിപ്പ് തുക 67,30,162/- രൂപ വീഴ്ച വരാതെ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(b) വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-1, 3-2]

2016 ലെ റെഗുലേഷൻ പ്രകാരം 106 അംഗീകരിക്കപ്പെട്ട തസ്തികകളാണ് ഉള്ളത്. എന്നാൽ നിലവിൽ 114 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. അതിൽ 33 സ്ഥിരം ജീവനക്കാരും ബാക്കി തസ്തികകളിൽ കരാർ നിയമനവുമാണ്. സ്ഥിരം ജീവനക്കാരായ 33 പേർക്ക് കേന്ദ്രസർക്കാർ നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് നൽകുന്നത്. എന്നാൽ യാത്രാബത്ത, ആർജ്ജിതാവധി സറണ്ടർ

എന്നിവ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ നിരക്കിൽ നൽകുന്നുണ്ട്. ജീവനക്കാർ പിൻതുടരുന്ന അവധി ചട്ടങ്ങൾ കെ.എസ്.ആർ. പ്രകാരമാണ്. കരാർ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിരക്കിലുള്ള ഏകീകൃത വേതനം (consolidated pay) ആണ് നൽകുന്നത്. കേന്ദ്ര നിരക്കിലുള്ള ശമ്പളവും ബത്തകളും തന്നെയാണ് ആർജ്ജിതാവധി സറണ്ടറിനും നൽകുന്നത്. നിലവിൽ ബോർഡ് ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആണ്. റെഗുലേഷനിലെ അദ്ധ്യായം IV, സെക്ഷൻ 11 ൽ നിർദ്ദേശിച്ച പ്രകാരം റിട്ടയർ ചെയ്ത, ജീവിച്ചിരിക്കുന്ന 25 ജീവനക്കാർക്ക് 01.03.2018 മുതൽ കെ.എസ്.ആർ. ഭാഗം 3 പ്രകാരമുള്ള പെൻഷൻ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ കേന്ദ്രസർക്കാർ നിരക്കിലെ ശമ്പളം സംസ്ഥാന സർക്കാർ നിരക്കിലേക്ക് മാറ്റി പെൻഷൻ കണക്കാക്കി നൽകിയെന്ന് ബോർഡ് അറിയിച്ചത്. റെഗുലേഷനിലെ മേൽ സെക്ഷൻ പ്രകാരം ബോർഡ് ജീവനക്കാർ 56 വയസ്സ് പൂർത്തിയാക്കിയതിന് ശേഷം 58 വയസ്സ് വരെ സേവനത്തിൽ തുടരാമെങ്കിലും ഈ കാലയളവ് പെൻഷന് ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന് യോഗ്യസേവനകാലമായോ ഇൻക്രിമെന്റ്, സ്ഥാനക്കയറ്റം, ശമ്പള പരിഷ്കരണം എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനോ കണക്കാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബോർഡ് ജീവനക്കാർക്ക് 56 വയസ്സിനുശേഷവും ഇൻക്രിമെന്റ്, സ്ഥാനക്കയറ്റം, ആർജ്ജിതാവധി എന്നിവ നൽകുന്നുണ്ട്.

ബോർഡിലെ സ്ഥിരം ജീവനക്കാർ നിലവിൽ കേന്ദ്രസർക്കാർ നിരക്കിലെ ശമ്പളവും, സംസ്ഥാന സർക്കാർ നിരക്കിലെ യാത്രാബത്ത, അവധി, അവധി ശമ്പളം എന്നിവയാണ് കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. വഖഫ് ആക്ട് 1995 സെക്ഷൻ 110 പ്രകാരം റെഗുലേഷൻ രൂപീകരിക്കാനുള്ള അധികാരം ബോർഡിനുണ്ടെങ്കിലും ആയത് പരിശോധിച്ച് വേണ്ട മാറ്റങ്ങളോടെ അംഗീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന്റേതാണ്. ആയതിനാൽ റെഗുലേഷന് അനുസൃതമായി സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ച് നടപ്പിലാക്കേണ്ടതും പെൻഷൻ കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടേണ്ടതുമാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(c) പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-3]

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സർവീസിൽ നിന്നും 01.02.2016 ന് മുൻപ് വിരമിച്ചവർക്കും കെ.എസ്.ആർ ഭാഗം-3 പ്രകാരം സംസ്ഥാന ജീവനക്കാർക്ക് ബാധകമായ രീതിയിൽ 01.03.2018 മുതൽ പെൻഷൻ അനുവദിച്ച് കൊണ്ട് ജി.ഒ(എം.എസ്)74/2018/ആർ.ഡി തീയതി 27.02.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ വിഷയം 22.03.2018 ലെ ബോർഡ് യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ നിന്ന് വിരമിച്ച, ജീവിച്ചിരിക്കുന്ന 25 പേരുടെ പെൻഷൻ നിർണ്ണയിച്ചതായി 14.06.2018 ൽ എ1-1660/96 വാല്യം 3

നടപടിക്രമങ്ങളിൽ സി.ഇ.ഒ. ഉത്തരവായിട്ടുണ്ട്. 27.01.2016 ലെ ജി ഒ (എം എസ്) 58/16 / ആർ ഡി/ റഗുലേഷനിലെ അദ്ധ്യായം 5, വകുപ്പ് 11 പ്രകാരമാണ് സംസ്ഥാന ജീവനക്കാർക്ക് ബാധകമായ പെൻഷൻ നിയമങ്ങൾ ബോർഡിലെ ജീവനക്കാർക്കും ബാധകമാക്കിയത്. നിലവിൽ 58 വയസ്സിൽ വിരമിക്കുന്ന ഇവരുടെ ശമ്പള നിരക്കുകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിൽ നിന്ന് വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ കെ.എസ്.ആർ ഭാഗം-3 പ്രകാരമുള്ള ശരാശരി വേതനം 56 വയസ്സ് പൂർത്തിയാകുന്ന തീയതിയിൽ കണക്കാക്കുന്ന രീതി വ്യക്തമാക്കാൻ ബോർഡിന് കഴിഞ്ഞില്ല. ബോർഡ് ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ 7-ാം ശമ്പളക്കമ്മീഷൻ നിരക്കുകൾ പ്രകാരമാണ്. ഈ ശമ്പള നിർണ്ണയം കേരള സർക്കാർ ജീവനക്കാരുടെ ശമ്പള നിർണ്ണയ രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. എന്നാൽ ദിനബത്ത, യാത്രാനുകൂല്യങ്ങൾ എന്നിവ കേരള സർക്കാർ ജീവനക്കാരുടെ നിരക്കിലാണ് അനുവദിക്കുന്നത്. ബോർഡ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കെ.എസ്.ആർ ഭാഗം-3 പ്രകാരം നൽകി തുടങ്ങിയെങ്കിലും സേവന പുസ്തകങ്ങൾ നാളിതുവരെ ഓഡിറ്റിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടില്ല. നിലവിലെ പെൻഷൻ നിർണ്ണയം കേരള സംസ്ഥാന വഖഫ് ബോർഡ് റഗുലേഷൻസ് പ്രകാരം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ബോർഡ് ജീവനക്കാർ വാങ്ങുന്ന കേന്ദ്ര സർക്കാർ നിരക്കിലെ ശമ്പളം സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമായ ശമ്പള നിരക്കിലേക്ക് നിർണ്ണയിച്ച് യോഗ്യ സേവനകാലം 56 ൽ നിജപ്പെടുത്തി പെൻഷൻ കണക്കാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.

കേന്ദ്ര വഖഫ് ആക്ട് സെക്ഷൻ 109 പ്രകാരം വഖഫ് റൂൾസ് ഫ്രെയിം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിലും സെക്ഷൻ 11 പ്രകാരം റെഗുലേഷൻ ഫ്രെയിം ചെയ്യാനുള്ള അധികാരം വഖഫ് ബോർഡിലും നിക്ഷിപ്തമാണ്. റെഗുലേഷൻ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും കേന്ദ്ര ആക്ടിൽ വിശദീകരിച്ചിട്ടുണ്ട്. 28.10.2013-ലെ ബോർഡ് യോഗം അംഗീകരിച്ച് സംസ്ഥാന സർക്കാരിലേക്ക് അയച്ച റെഗുലേഷനിൽ 56 വയസ്സിന് ശേഷമുള്ള സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കില്ല എന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ലെങ്കിലും കേരള സർക്കാരിന്റെ ജി.ഒ(എം.എസ്)നം.58/2016 ആ.ഡി/27.1.2016 ലെ വഖഫ് ബോർഡ് റെഗുലേഷൻ പ്രകാരം 58 വയസ്സ് വരെ സേവനത്തിൽ തുടരാമെങ്കിലും 56 വയസ്സ് പൂർത്തിയായതുവരെയുള്ള ആനുകൂല്യങ്ങളെ നൽകുവാൻ പാടുള്ളൂ എന്ന് വിശദമാക്കിയിരുന്നു. 09.02.2016 ൽ ചേർന്ന വഖഫ് ബോർഡ് യോഗം ഒരാൾക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുവാൻ കഴിയില്ല എന്ന ഉദ്ദേശ്യത്തോടെ മേൽ വ്യവസ്ഥ ഒഴിവാക്കി റെഗുലേഷനിൽ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ആയത് സർക്കാരിലേക്ക് (റവന്യൂ വകുപ്പ് (എഫ്) സ്പെഷ്യൽ സെക്രട്ടറിക്ക്) അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഈ ഭേദഗതി അംഗീകരിക്കാത്തിടത്തോളം 01.02.2016 ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച റെഗുലേഷനിൽ വഖഫ് ബോർഡിലെ ജീവനക്കാർ 58 വയസ്സിൽ

സേവനം പൂർത്തീകരിച്ച് പെൻഷൻ പറ്റിയാലും 56 വയസ്സ് വരെയുള്ള ആനുകൂല്യങ്ങളേ നൽകുവാൻ പാടുള്ളൂ.

കേരള സർക്കാർ 27.01.2016 അംഗീകരിച്ച വഖഫ് ബോർഡ് റഗുലേഷൻ, ജി.ഒ(എം.എസ്)നം.58/2016 ആർ ഡി റെഗുലേഷൻ, അദ്ധ്യായം IV പട്ടിക II ൽ സ്റ്റാഫ് പാറ്റേണിനെക്കുറിച്ചും സെക്ഷൻ 11 ൽ കേരള സർവീസ് റൂൾസ് (കെ.എസ്.ആർ) ഭാഗം 3 പ്രകാരമുള്ള പെൻഷൻ ബാധകമാക്കിയതി നെക്കുറിച്ചും സെക്ഷൻ 12 ൽ ജീവനക്കാരുടെ ശമ്പള നിരക്ക്, ബത്തകൾ എന്നിവ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അദ്ധ്യായം V, 6 (2), (3) എന്നിവയിൽ ബോർഡ് ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ദിനബത്ത, വീട്ടുവാടക ബത്ത, സിറ്റി കോമ്പൻസേറ്ററി അലവൻസ്, തുടങ്ങിയവയും, അവധി, അവധി ശമ്പളം, യാത്രാബത്ത, പ്രവേശകാലം എന്നിവ സംസ്ഥാന ജീവനക്കാരുടെ നിരക്കിലും 1959 ലെ കെ.എസ്.ആർ-ൽ നിർവചിക്കപ്പെട്ട പ്രകാരവും ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(d) റവന്യൂ വകുപ്പിലെ (എഫ്) സ്പെഷൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.

(e) വ്യത്യസ്ത അക്കൗണ്ടിംഗ് രീതികൾ

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 1-4]

വഖഫ് ബോർഡിന്റെ ഹെഡ് ഓഫീസ്സിലും ഡിവിഷണൽ ഓഫീസുകളിലും വ്യത്യസ്ത അക്കൗണ്ടിംഗ് സമ്പ്രദായമാണ് ഈ വർഷവും പിന്തുടരുന്നത്. ഡിവിഷണൽ ഓഫീസുകളിൽ ഇപ്പോഴും സിംഗിൾ എൻട്രിയിലാണ് കണക്കുകൾ സൂക്ഷിക്കുന്നത്. ക്യാഷ് ബുക്കുകളിൽ ക്യാഷ് ഇംപ്രസ്റ്റ് കണക്കുകൾ മാത്രമാണ് ചേർക്കുന്നത്. വരവ് ചെലവുകൾക്ക് വരവ് രജിസ്റ്ററും ചെലവ് രജിസ്റ്ററും പ്രത്യേകം സൂക്ഷിക്കുന്നുണ്ടെങ്കിലും ബാങ്ക് ഇടപാടുകൾക്കായി ബാങ്ക് ബുക്ക് സൂക്ഷിക്കുന്നില്ല. തന്മൂലം ഓരോ ദിവസത്തെയും ബാങ്ക് ബാലൻസ് അറിയാൻ മാർഗ്ഗമില്ല. എല്ലാ കണക്കുകളും ഡബിൾ എൻട്രിയിലേക്ക് മാറ്റി അക്കൗണ്ടിംഗ് സംവിധാനം ഏകീകരിക്കുവാൻ മുൻവർഷത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപാകത പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. ഓഡിറ്റ് പരാമർശപ്രകാരമുള്ള തുകയായ 67,30,162/- രൂപയിൽ നിന്നും കുടിശ്ശിക 27,76,000/- രൂപയായി നിലവിൽ കുറവ് വന്നിട്ടുണ്ടെന്നും എല്ലാ വർഷവും 100 വിദ്യാർത്ഥികൾക്ക് ലോൺ/ സ്കോളർഷിപ്പ് കൊടുക്കുന്നുണ്ടെന്നും കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനെത്തുടർന്ന് സഞ്ചിതമായി 40 ലക്ഷം

രൂപയുടെ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. 67 ലക്ഷം രൂപയിൽനിന്നും 40 ലക്ഷം രൂപയായി കുറച്ചതിനാൽ നിലവിൽ 27 ലക്ഷം രൂപ കുടിശ്ശികയായി തുടരുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

29. കുടിശ്ശിക ഈടാക്കാനുള്ള ശ്രമം തുടരുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് കുടിശ്ശിക 67 ലക്ഷം എന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

30. 2016-ലെ റെഗുലേഷൻ പ്രകാരം നിലവിലും ബോർഡ് പ്രവർത്തിച്ചുവന്നതിനാലാണ് അവ്യക്തതകളുണ്ടെന്ന ഓഡിറ്റ് പരാമർശം വരാനിടയായതെന്നും സബ്കമ്മിറ്റിയുടെ പരിഗണനയിലിരിക്കേ റെഗുലേഷൻ ചോദ്യം ചെയ്ത് ഉദ്യോഗസ്ഥർ സമർപ്പിച്ച കേസിന്മേൽ റെഗുലേഷൻ പുതുക്കണമെന്ന ഹൈക്കോടതിയുടെ വിധി വന്നുവെന്നും അപ്രകാരം ഡ്രാഫ്റ്റ് റെഗുലേഷൻ തയ്യാറായിട്ടുണ്ടെന്നും നിലവിലെ അപാകതകളെല്ലാം പരിഹരിക്കുന്ന സമഗ്രമായ റെഗുലേഷന്റെ ഡ്രാഫ്റ്റ് വഖഫ് ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. ഒരു മാസത്തിനകം ഡ്രാഫ്റ്റ് സമർപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നതായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

31. മറ്റേതെങ്കിലും ബോർഡിൽ ഇപ്രകാരം കേന്ദ്ര സർക്കാർ നിരക്കിൽ ശമ്പളം നൽകുന്നുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് അങ്ങനെ ഒരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും 2019 മുതൽ സംസ്ഥാന നിരക്കിലാണ് ശമ്പളം നൽകിവരുന്നതെന്നും പെൻഷൻ നിർണ്ണയത്തിലെ അപാകത സബ്കമ്മിറ്റി മുമ്പാകെയാണ് സമർപ്പിക്കേണ്ടതെന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കി. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

32. വ്യത്യസ്തമായ അക്കൗണ്ടിംഗ് രീതികൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിവിഷൻ ഓഫീസുകളിലെല്ലാം സിംഗിൾ എൻട്രി സിസ്റ്റമാണ് നിലവിലുള്ളതെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതിന് സാവകാശം ആവശ്യമാണെന്നും കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതി മുൻപാകെ ബോധിപ്പിച്ചു. വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

33. പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന നിർദ്ധനരായ മുസ്ലീം വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി നൽകിയ സ്കോളർഷിപ്പ് തുകയിൽ കുടിശ്ശികയായി തുടരുന്ന 27 ലക്ഷം രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. നിലവിലെ അപാകതകളെല്ലാം പരിഹരിക്കുന്ന സമഗ്രമായ റെഗുലേഷന്റെ ഡ്രാഫ്റ്റ് വഖഫ് ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ടെന്ന് വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത, പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത, റവന്യൂ വകുപ്പിലെ(എഫ്) സ്പെഷ്യൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിവിഷൻ ഓഫീസുകളിലെല്ലാം സിംഗിൾ എൻട്രി സിസ്റ്റമാണ് നിലവിലുള്ളതെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതാണെന്നും വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ അക്കൗണ്ടിംഗ് രീതികൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അൻവർ സാദത്ത്,

ചെയർപേഴ്സൺ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2026, ഒക്ടോബർ 28

അനുബന്ധം 1

പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

ക്രമ നം	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1.	10	സാംസ്കാരിക വകുപ്പ്	ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമേ തീയറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്നും ചലച്ചിത്ര അക്കാദമിക്ക് തീയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ സർവ്വീസ് ചാർജ്ജും അതിന്മേലുള്ള കുടിശ്ശികയും ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ചലച്ചിത്ര അക്കാദമിയിൽ തീയേറ്ററുകളുടെ സർവ്വീസ് ചാർജ്ജ് കൃത്യമായി അടച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയ രസീത് ലഭിച്ചശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂവെന്ന് സമിതി നിർദേശിക്കുന്നു.
2.	11	സാംസ്കാരിക വകുപ്പ്	അശരണരായ കലാകാരൻമാർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണെന്നും ജീവിതം മുഴുവൻ കലാരംഗത്ത് പ്രവർത്തിച്ചവരോട് മാനുഷിക പരിഗണന നൽകണമെന്നും അഭിപ്രായപ്പെട്ട സമിതി, സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാകുന്ന പെൻഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ സർവ്വീസ് ചാർജ്ജ് യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. 12. തീയറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ തലത്തിൽ

			പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
3.	12	സാംസ്കാരിക വകുപ്പ്	തീയറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
4.	13	സാംസ്കാരിക വകുപ്പ്	സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശികയുള്ള 1,56,58,532/- രൂപ അടിയന്തരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
5.	14	സാംസ്കാരിക വകുപ്പ്	സർവ്വീസ് ചാർജ്ജ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിതല യോഗം ചേരുന്നുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനം ഉൾപ്പെടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സാംസ്കാരിക വകുപ്പ് സമിതിക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
6.	23	ഉന്നതവിദ്യാഭ്യാസ വകുപ്പ്	2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ ബുക്ക് ബയന്റിംഗ് ക്യാമ്പ്, മുതിർന്ന ഗ്രന്ഥശാല പ്രവർത്തകരെ ആദരിക്കൽ, ഗ്രന്ഥസൂചി ലഭ്യമാക്കൽ എന്നീ പദ്ധതികളുടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
7.	25	പൊതുവിദ്യാഭ്യാസ വകുപ്പ്	സീമാറ്റ് കേരള-യുടെ ഔദ്യോഗിക വാഹനം 2017-ഓടെ തീർത്തും ഉപയോഗരഹിതമായ അവസ്ഥയിലായതിനാലാണ് 2018-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുക്കേണ്ടിവന്നതെന്നുള്ള വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
8.	27	ആരോഗ്യകുടുംബ ക്ഷേമ വകുപ്പ്	നഴ്സിംഗ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ചട്ടവിരുദ്ധമായി കൈപ്പറ്റിയ സിറ്റിംഗ് ഫീസായ 1,41,750/- രൂപ ഈടാക്കിയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
9.	33	ന്യൂനപക്ഷ ക്ഷേമ	പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക്

		വകുപ്പ്	പഠിക്കുന്ന നിർദ്ധനരായ മുസ്ലീം വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി നൽകിയ സ്കോളർഷിപ്പ് തുകയിൽ കുടിശ്ശികയായി തുടരുന്ന 27 ലക്ഷം രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
10.	34	ന്യൂനപക്ഷ ക്ഷേമ വകുപ്പ്	നിലവിലെ അപാകതകളെല്ലാം പരിഹരിക്കുന്ന സമഗ്രമായ റെഗുലേഷന്റെ ഡ്രാഫ്റ്റ് വഖഫ് ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ടെന്ന് വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത, പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത, റവന്യൂ വകുപ്പിലെ(എഫ്) സ്പെഷ്യൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
11.	35	ന്യൂനപക്ഷ ക്ഷേമ വകുപ്പ്	അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിവിഷൻ ഓഫീസുകളിലെല്ലാം സിംഗിൾ എൻട്രി സിസ്റ്റമാണ് നിലവിലുള്ളതെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതാണെന്നും വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ അക്കൗണ്ടിംഗ് രീതികൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാംസ്കാരിക കാര്യ (ബി) വകുപ്പ്

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി(2021-23)യുടെ 11.10.2023 ന് 10.30 ന് ചേരുന്ന യോഗത്തിലേയ്ക്കുള്ള റിപ്പോർട്ട്

സാംസ്കാരിക സ്ഥാപനത്തിന്റെ പേര്	വർഷം	ഓഡിറ്റ് ഖണ്ഡിക	വിഷയം	ഫയൽ നമ്പർ	സ്വീകരിച്ച നടപടി
കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി	2020-21	4.1	സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശിക - 1,56,58,532/- രൂപ ഈടാക്കാൻ നടപടി അനിവാര്യം	സാംസ്കാരിക കാര്യ(ബി) വകുപ്പിന്റെ ബി3/112/2022/സാം. കാ.വ ഫയൽ	സർവ്വീസ് ചാർജ്ജിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. തിയേറ്ററുകളുടെ സർവ്വീസ് ചാർജ്ജ് തുക ഒടുക്കി കുടിശ്ശികയില്ലായെന്നുള്ള സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് കാണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തിയേറ്ററുകൾക്കും നിർദ്ദേശം നൽകിവരുന്നുണ്ട്. ചലച്ചിത്ര അക്കാദമിക്ക് നേരിട്ട് തിയേറ്ററുകളുടെ മേൽ അധികാരം ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് നിരന്തരം അഭ്യർത്ഥിക്കുകയും ചെയ്തു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകൾക്ക് അക്കാദമിയിൽ കുടിശ്ശിക നിലനിൽക്കേത്തന്നെ ലൈസൻസ് പുതുക്കി നൽകി വരുന്നതിനാലാണ് ചലച്ചിത്ര അക്കാദമിക്ക് സർവ്വീസ്ചാർജ്ജിനത്തിൽ ഭീമമായ തുക കുടിശ്ശിക വരുന്നത്.

					സർവ്വീസ് ചാർജ്ജുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തീയറ്ററുകളിലും ഇൻഫർമേഷൻ കേരളാ മിഷൻ (IKM) തയ്യാറാക്കിയിട്ടുള്ള 'എന്റെ ഷോ' എന്ന പ്ലാറ്റ്ഫോമിലൂടെ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെയും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സംയുക്ത അദ്ധ്യക്ഷതയിൽ 11.10.2023 ന് ചേർന്ന യോഗത്തിൽ വിവിധയിനങ്ങളിലുള്ള സർവ്വീസ്ചാർജ്ജ് കുടിശ്ശിക സെസ്സ് കുടിശ്ശിക സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും 12.12.2023 ലെ 112/ബി3/2023-സാ.കാ.വ അനൗദ്യോഗിക കുറിപ്പ് പ്രകാരം കുടിശ്ശികയുള്ള സർവ്വീസ് ചാർജ്ജ് പൂർണ്ണമായും അടച്ച ശേഷം മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സിനിമാ തീയറ്ററുകൾക്ക് ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളു എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്.

രാജേഷ്.ജി.ആർ
ജോയിന്റ് സെക്രട്ടറി
സാംസ്കാരികകാര്യ വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്,തിരുവനന്തപുരം

/5904612/2023

കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2021-23) പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-2021 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 4 -ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട 4.2.1, 4.2.2 എന്നി ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള മറുപടി

4.2. 1 - ബുക്ക് ബൈന്റിംഗ് ക്യാമ്പ് തുക നിരാകരിക്കുന്നു

ലൈബ്രറികൾക്ക് ബൈന്റിംഗ് നടത്തുന്നതിന് എല്ലാ വർഷവും വലിയൊരു തുക ബൈന്റിംഗിനായി ചെലവഴിക്കേണ്ടിവരുന്നു. ഒരു പുസ്തകത്തിനുതന്നെ 50/- രൂപ മുതൽ 100/- രൂപവരെ ഈടാക്കുന്നു. ഇത് ലൈബ്രറികൾക്ക് വലിയൊരു സാമ്പത്തിക ബാദ്ധ്യതയായതിനാൽ എല്ലാ ലൈബ്രറികളിലും ബൈന്റിംഗ് കിറ്റ് നൽകുകയും ആവശ്യമായ പരിശീലനം നൽകി ഇത് പരിഹരിക്കാൻ 2019 - 20 ലെ ബജറ്റിൽ നിർദ്ദേശമുണ്ടായി. അഞ്ച് വർഷത്തിനകം എല്ലാ ലൈബ്രറികളെയും സ്വയം പര്യാപ്തമാക്കുകയായിരുന്നു ലക്ഷ്യം.

(a) ആദ്യഘട്ടമായി 1400 ലൈബ്രറികളിൽ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും ചുവടെ പറയും പ്രകാരം ലൈബ്രറികളെ തെരഞ്ഞെടുക്കാൻ അറിയിപ്പ് നൽകി.

തിരുവനന്തപുരം - 125, കൊല്ലം - 155, പത്തനംതിട്ട - 63, ആലപ്പുഴ - 67, കോട്ടയം - 80, ഇടുക്കി - 5, എറണാകുളം - 107, തൃശ്ശൂർ - 102, പാലക്കാട് - 101, മലപ്പുറം - 106, കോഴിക്കോട് - 120, വയനാട് - 42, കണ്ണൂർ - 203, കാസർകോട് - 78 ആകെ - 1400.

ഓരോ ജില്ലയിൽ നിന്നും മൂന്ന് പേർക്ക് വീതം സംസ്ഥാനാടിസ്ഥാനത്തിൽ പരിശീലനം നൽകി സംസ്ഥാനതല പരിശീലനത്തിൽ പങ്കെടുത്തവർ ജില്ലാതലത്തിൽ പങ്കെടുത്തവർക്ക് പരിശീലനം നൽകി. സംസ്ഥാനതല പരിശീലനത്തിൽ 4 2 പേർ പങ്കെടുത്തു. പങ്കെടുത്തവരുടെ രജിസ്ട്രേഷൻ ഫോറം ഉൾപ്പെടെ സൂക്ഷിച്ചിട്ടുണ്ട്.

(b) പരിശീലനത്തിന് മണ്ണന്തല ഗവ. പ്രസിലെ രണ്ടുപേരെയും ബൈന്റിംഗ് കോഴ്സ് കഴിഞ്ഞ രണ്ടുപേരെയും ഉൾപ്പെടെ നാലുപേരെയാണ് പരിശീലകരായി പങ്കെടുപ്പിച്ചിട്ടുള്ളത്. രണ്ടുദിവസം ക്ലാസെടുത്തതിനായി 6,000/- രൂപയും പരിശീലനത്തിൽ പങ്കെടുത്തവർക്ക് യാത്രാചെലവിനത്തിൽ 23,260/- രൂപയും ഹാൾ വാടകയ്ക്ക് 10,000/- രൂപയും ഭക്ഷണത്തിന് 18,000/- രൂപയും താമസത്തിന് 15,300/- രൂപയും മറ്റ് ചെലവുകൾക്കായി 15,680/- രൂപയും ചേർത്ത് ആകെ 88,240/- രൂപ സംസ്ഥാനതല പരിശീലനത്തിന് ചെലവഴിച്ചിട്ടുണ്ട്.

ഓരോ ജില്ലയിലും നിശ്ചയിക്കപ്പെട്ട എണ്ണം ലൈബ്രറി പ്രവർത്തകർ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. രണ്ട് ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്ന പരിശീലകർക്ക് 1,000/- രൂപ വീതമാണ് നൽകിയത്. ആയതിന്റെ ചെലവ് വിവരം ജില്ലാ ലൈബ്രറി കൗൺസിലുകൾ അതാത് ജില്ലാ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

(c) ജില്ലാതല പരിശീലനം നടത്തുന്നതിനായി 1400 ബൈന്റിംഗ് കിറ്റുകൾ ചുവടെ പറയും പ്രകാരം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനതല പരിശീലനം - 50, തിരുവനന്തപുരം - 75, കൊല്ലം - 155, പത്തനംതിട്ട - 63, ആലപ്പുഴ - 67, കോട്ടയം - 80, ഇടുക്കി - 51, എറണാകുളം - 107, തൃശ്ശൂർ - 102,

പാലക്കാട് - 101, മലപ്പുറം - 106, കോഴിക്കോട് - 120, വയനാട് - 42, കണ്ണൂർ - 203, കാസർകോട് - 78 എന്നിങ്ങനെയാണ് ടൂൾസ് വിതരണം ചെയ്തത്.

കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശീലനം നടന്നിട്ടില്ല. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്ക് പരിശീലനം നടത്തുന്നതിന് തുക അനുവദിച്ചിട്ടില്ല. ബുക്ക് ബൈന്റിംഗ് ക്യാമ്പ് സംഘടിപ്പിക്കാത്തതിനാൽ കണ്ണൂർ ജില്ല ചെലവഴിക്കാത്ത തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ തിരിച്ചടച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ ബാലൻസായി 413 ബൈന്റിംഗ് ടൂൾ കിറ്റുകൾ കൗൺസിലിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് ചില ജില്ലകളിൽ കോവിഡ് കാരണം 2020-21, 2021-22 കാലഘട്ടത്തിലാണ് നടന്നിട്ടുള്ളത്. ജില്ലാതല പരിശീലനം നടന്നതിന്റെ തീയതി ചുവടെ ചേർക്കുന്നു.

ഇടുക്കി - അടിമാലി - 2020 മാർച്ച് 6, 7, കട്ടപ്പന - മാർച്ച് 6, 7, തൊടുപുഴ - 2022 ഏപ്രിൽ 28, 29.

എറണാകുളം - 2020 മാർച്ച് 2, 3 - ആലുവ, 2020 മാർച്ച് 4, 5 - കുന്നത്തുനാട് താലൂക്ക്, മാർച്ച് 6, 7 പാലക്കുഴ പഞ്ചായത്ത്ഹാൾ

തൃശ്ശൂർ ജില്ല - 2020 ഫെബ്രുവരി 18, 19, വടക്കാഞ്ചേരി, ഫെബ്രുവരി 24, 25, ഇരിങ്ങാലക്കുട

കൊല്ലം ജില്ല - 2020 മാർച്ച് 3, 4 കൊല്ലം, 2021 മാർച്ച് 14, 15 കൊട്ടാരക്കര

തിരുവനന്തപുരം - 2020 ഫെബ്രുവരി 15, 16 തിരുവനന്തപുരം

കോഴിക്കോട് - 2020 ഫെബ്രുവരി 19, 20, മാർച്ച് 4, 5, 6, 7, 9, 10 കോഴിക്കോട്, കൊയിലാണ്ടി, വടകര

വയനാട് - 2020 ഫെബ്രുവരി 29, മാർച്ച് 1 കല്പറ്റ

പാലക്കാട് - 2021 ഫെബ്രുവരി 9, 10 ഒറ്റപ്പാലം

മലപ്പുറം - 2020 ഫെബ്രുവരി 29, മാർച്ച് 1, 7, 8, 22, 23.

കാസർകോട് - 2020 ഫെബ്രുവരി 20, 21 കാഞ്ഞങ്ങാട്

കോവിഡ് മൂലം 2020 മാർച്ച് 24 മുതൽ 2021 സെപ്റ്റംബർ 30 വരെ കേരളത്തിലെ എല്ലാ ലൈബ്രറികളും പൊതു ഇടങ്ങളായതിനാൽ തുറക്കപ്പെട്ടിരുന്നില്ല, അടച്ചിടാൻ കൗൺസിൽ നിർദ്ദേശം നൽകിയിരുന്നു. വീട്ടുകളിൽ പുസ്തക വിതരണവും അക്ഷരസേനയുടെ സന്നദ്ധ സഹായപ്രവർത്തനവുമാണ് കൂടുതൽ ലൈബ്രറികളിലും നടന്നിരുന്നത്. അതിനാൽ നിശ്ചയിച്ച സമയത്ത് ബൈന്റിംഗ് ക്യാമ്പ് സംഘടിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

തിരുവനന്തപുരം ജില്ലകളിലെ 600 ലൈബ്രറികളുള്ളതിൽ 120 ലൈബ്രറികളിലെ പ്രവർത്തകർക്ക് മാത്രമാണ് ആദ്യഘട്ടമായി പരിശീലനം നൽകിയത്. അതിനാൽ തന്നെ എല്ലാ ലൈബ്രറികൾക്കും പരിശീലനം നൽകിയിട്ടില്ല. സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച ആറ് ലൈബ്രറികൾക്ക് പരിശീലനം നൽകിയിട്ടില്ല. പരിശീലനത്തിൽ പങ്കെടുത്ത കോരാണിയിലെ സ്വതന്ത്രഭാരത ഗ്രന്ഥശാല കോവിഡിന് ശേഷമാണ് ടൂൾസ് കിറ്റ് നൽകിയത് എന്ന വിവരം അറിയിക്കുന്നു.

7000ത്തോളം ലൈബ്രറികളിൽ 1400 ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്കാണ് പരിശീലനം നൽകിയത്. അതിനാൽതന്നെ എല്ലാ ലൈബ്രറികളെയും പരിശീലനത്തിൽ പങ്കെടുപ്പിക്കുകയോ

ബൈന്റിംഗ് കിറ്റ് നൽകുകയോ ചെയ്തിട്ടില്ല. സംസ്ഥാന കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള എണ്ണത്തിനനുസരിച്ച് മാത്രമെ പരിശീലനം നടന്നിട്ടുള്ളു. കോവിഡ് കാരണം മാറ്റിവച്ച ജില്ലകളിൽ ജില്ലാപദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പരിശീലനം പൂർത്തിയാക്കുന്നതാണ്.

4.2.2 പ്രാദേശിക പരിശോധന റിപ്പോർട്ട്

1. ഗ്രന്ഥസൂചി

ഭാരതസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ റഫറൻസ് ലൈബ്രറി തയാറാക്കിയ ഗ്രന്ഥസൂചിയുടെ 990 കോപ്പി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലഭിച്ചിരുന്നു. അതിൽ 22 സ്ഥാപനങ്ങൾക്ക് നാഷണൽ ലൈബ്രറിയിൽ നിന്നും നൽകിയ ലിസ്റ്റ് പ്രകാരം വിതരണം ചെയ്തു. അഞ്ച് കോപ്പി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി ചുവടെ പറയും പ്രകാരം ജില്ലാ ലൈബ്രറി കൗൺസിലുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം - 100, കൊല്ലം - 100, പത്തനംതിട്ട - 45, ആലപ്പുഴ - 50, കോട്ടയം - 75, ഇടുക്കി - 36, എറണാകുളം - 95, തൃശ്ശൂർ - 95, പാലക്കാട് - 60, മലപ്പുറം - 50, കോഴിക്കോട് - 90, വയനാട് - 25, കണ്ണൂർ - 120, കാസർകോട് - 22.

ജില്ലകൾക്ക് 2016 - 17 ലെ ഗ്രന്ഥസൂചി നൽകിയത് 2019 - 20 വർഷമാണ്. കോവിഡ് മൂലം 2020 മാർച്ച് 24 മുതൽ 2021 സെപ്തംബർ 30 വരെ കേരളത്തിലെ എല്ലാ ലൈബ്രറികളും പൊതു ഇടങ്ങളായതിനാൽ തുറക്കപ്പെട്ടിരുന്നില്ല, അടച്ചിടാൻ കൗൺസിൽ നിർദ്ദേശം നൽകിയിരുന്നു. വീടുകളിൽ പുസ്തക വിതരണവും അക്ഷരസേനയുടെ സന്നദ്ധ സഹായപ്രവർത്തനവുമാണ് കൂടുതൽ ലൈബ്രറികളിലും നടന്നിരുന്നത്. അതിനാൽ ഗ്രന്ഥസൂചികൾ 2022 ലാണ് ലൈബ്രറികൾക്ക് വിതരണം ചെയ്തത്. ആയതിന്റെ ലിസ്റ്റ് ജില്ലകളിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ ലൈബ്രറി കൗൺസിലുകൾ ഗ്രന്ഥസൂചി കൈപ്പറ്റിയതായുള്ള കത്തും വിതരണം ചെയ്തതായ ലിസ്റ്റും ലഭ്യമാക്കിയിരുന്നു. ഓഡിറ്റ് പരാമർശത്തിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ എല്ലാ ജില്ലകളിൽ നിന്നും കൈപ്പറ്റിയതായ കത്തും വിതരണം ചെയ്ത ഗ്രന്ഥശാലകളുടെ ലിസ്റ്റും ജില്ലാ ലൈബ്രറി കൗൺസിലുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ആറ് താലൂക്കുകളിലെ 600 ലൈബ്രറികളിൽ 100 ലൈബ്രറികൾക്കുമാത്രമാണ് ഗ്രന്ഥസൂചി വിതരണം ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ലൈബ്രറികളിൽ കരമനയിലെ എ. ഗോവിന്ദപിള്ള സ്മാരക ഗ്രന്ഥശാലയ്ക്ക് 2015 - 16 ലെ ഗ്രന്ഥസൂചിയാണ് നൽകിയത്. 2016 - 17 ലെ ഗ്രന്ഥസൂചി കോവിഡിനുശേഷം 2022 ലാണ് ഗ്രന്ഥശാലകൾക്ക് നൽകിയത്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലഭിച്ച എല്ലാ ഗ്രന്ഥസൂചിയും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുന്നു.

2. ഖാദിവസ്ത്രം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗാന്ധിജിയുടെ 150 -ാം ജന്മവാർഷികത്തോടനുബന്ധിച്ച് മുതിർന്ന ഗ്രന്ഥശാലാ പ്രവർത്തകർക്ക് ഖാദി വസ്ത്രം വിതരണം ചെയ്തു. ഖാദി ബോർഡിൽ നിന്നും 7997 മുണ്ടുകളും 584 സാരികളും ഓർഡർ ചെയ്യുകയും 14 ജില്ലകളിലായി ഖാദിബോർഡ് തന്നെ വിതരണം ചെയ്യുകയും ചെയ്തു. കോവിഡ് കാരണം ഖാദിവസ്ത്രങ്ങൾ മിക്ക ജില്ലകളിലും താമസിച്ചാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. കോവിഡിനുശേഷം ഖാദിവസ്ത്രം വിതരണം ചെയ്തെങ്കിലും റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഓഡിറ്റ് സമയത്ത് ഒൻപത് ജില്ലകളിൽ നിന്നും ഗ്രന്ഥശാലാ

പ്രവർത്തകർക്ക് വിതരണം ചെയ്തതിന്റെ വിശദാംശം ലഭിച്ചിരുന്നു. ഓഡിറ്റ് പരാമർശത്തിന്റെയടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിക്കാത്ത അഞ്ച് ജില്ലകളിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഖാദിബോർഡ് നൽകിയ മുഴുവൻ ഖാദി വസ്ത്രങ്ങളും വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്. ഖാദി വസ്ത്രം ഗ്രന്ഥശാലകൾക്ക് നേരിട്ടല്ല നൽകിയത്. ജില്ലയിൽ നിന്ന് ലിസ്റ്റ് ലഭിച്ച ഗ്രന്ഥശാലയിലെ മുതിർന്ന പ്രവർത്തകർക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്തത് എന്ന വിവരം അറിയിക്കുന്നു. ജില്ലകളിൽ നിന്നും ബാക്കി ലഭിച്ച 115 ഖാദിവസ്ത്രം വൃദ്ധസദനത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.

3. പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക ലൈബ്രറിയിലെ ബുക്ക് ബൈന്റിംഗ് ക്യാമ്പ്

സംസ്ഥാനാടിസ്ഥാനത്തിൽ ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സണുള്ള പരിശീലനം 2020 ജനുവരി 22, 23 തീയതികളിൽ പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക ലൈബ്രറിയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പരിശീലനം നടത്തുന്ന അധ്യാപകർ സ്ഥലം സന്ദർശിച്ച് ക്യാമ്പ് നടത്തുന്നതിന് ആവശ്യമായ സ്ഥലസൗകര്യമില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശീലനം പ്രസ്തുത ദിവസം പ്രൊഫ. കൃഷ്ണപിള്ള ഫൗണ്ടേഷൻ ഹാളിൽ വച്ച് നടത്തിയിരുന്നു എന്ന വിവരം അറിയിക്കുന്നു.

4. സ്വതന്ത്രഭാരത് ലൈബ്രറിയിലെ ടൂൾകിറ്റ് വിതരണം

ജില്ലാതല പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ടൂൾകിറ്റ് വിതരണം ചെയ്യുന്നതിന് സംസ്ഥാന ഓഫീസിൽ നിന്നും നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയ്ക്ക് 75 ടൂൾ കിറ്റാണ് നൽകിയിരുന്നത്. ജില്ലാതല പരിശീലനം പി.എം.ജി.യിലെ സിറ്റി സ്കൂളിൽ വച്ച് നടന്നിരുന്നു. 120 പേർ പങ്കെടുത്തിരുന്നു. കൂടുതൽ ലൈബ്രറി പ്രവർത്തകർ പങ്കെടുത്തതിനാൽ ടൂൾസ് എല്ലാവർക്കും നൽകുവാൻ സാധിച്ചില്ല. അതാണ് കോരാണിയിലെ സ്വതന്ത്രഭാരത് ലൈബ്രറി ലൈബ്രറിയിൽ നിന്നും ടൂൾകിറ്റ് തിരികെ വാങ്ങിയത്. കോവിഡ്കാലം 2020 മാർച്ച് മുതൽ 2021 സെപ്തംബർ 30 വരെ കേരളത്തിലെ എല്ലാ ലൈബ്രറികളും പൊതു ഇടങ്ങളായതിനാൽ തുറക്കപ്പെട്ടിരുന്നില്ല. അതിനാൽ പ്രസ്തുത ലൈബ്രറിയ്ക്ക് ടൂൾകിറ്റ് ഉടനെ നൽകുവാൻ സാധിച്ചില്ല. കോവിഡിനുശേഷമാണ് ടൂൾകിറ്റ് വിതരണം ചെയ്തത് എന്ന വിവരം അറിയിക്കുന്നു.

Sindhu

SINDU P.K.
PEN: 101554
Additional Secretary
Higher Education (A,C&K) Dept.
Government Secretariat
Thiruvananthapuram

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ പരിഗണനയ്ക്കായി 2013-14 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സമാഹൃത റിപ്പോർട്ട് - ന്യൂനത പരിഹാര നടപടി - പത്രിക

ഖണ്ഡിക	പരാമർശം	സ്വീകരിച്ച നടപടി
4.3	സീമാറ്റ് - കേരള ഔദ്യോഗിക വാഹനമുള്ളപ്പോൾ വാഹനം വാടകയ്ക്കെടുത്തത് 2,61,961/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	സീമാറ്റ്-കേരളയുടെ ഔദ്യോഗിക വാഹനം ഉപയോഗപ്രദമല്ലാതായതിനെ തുടർന്നാണ് സ്ഥാപനത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് മാസവാടകയ്ക്ക് കാർ വാടകയ്ക്ക് എടുക്കേണ്ടി വന്നതെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത നടപടി സർക്കാർ പരിശോധിക്കുകയും 14.09.2023 ലെ സ.ഉ.(സാധാ) നം.5096/2023/GEDN നമ്പർ പ്രകാരം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

SAKEER HUSSAIN O.N
Joint Secretary
General Education Department
Govt. Secretariat, Thiruvananthapuram

സ.ഉ.(സാധാ) നം.5096/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സീമാറ്റ്-കേരള ഡയറക്ടർ കാർ മാസവാടകയ്ക്ക് എടുത്ത് ഉപയോഗിച്ച വരുന്ന നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.5096/2023/GEDN തീയതി, തിരുവനന്തപുരം, 14-09-2023

പരാമർശം:- 1. 05.09.2022, 03.08.2023 തീയതികളിലെ സീമാറ്റ് കേരള ഡയറക്ടറുടെ സീമാറ്റ്/എ.ഡി.എ2/189/2018 നമ്പർ കത്തുകൾ.

ഉത്തരവ്

സീമാറ്റ്-കേരളയുടെ ഔദ്യോഗിക വാഹനം ഉപയോഗപ്രദമല്ലാതായതിനെ തുടർന്ന് സ്ഥാപനത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് മാസവാടകയ്ക്ക് കാർ എടുത്താണ് ഉപയോഗിച്ചുവരുന്നതെന്നും ആയതിനാൽ ഔദ്യോഗിക ഉപയോഗത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചുവരുന്ന നടപടി സാധൂകരിച്ച് നൽകണമെന്നും പരാമർശം കത്തിൽ സീമാറ്റ്-കേരള ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് സീമാറ്റ്-കേരള വാഹന ടെൻഡർ ഉറപ്പിച്ചതെന്നതിന്റെ അടിസ്ഥാനത്തിൽ സീമാറ്റ് കേരള ഡയറക്ടർ കാർ മാസവാടകയ്ക്ക് എടുത്ത് ഉപയോഗിച്ച വരുന്ന നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUDHILA L

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം,

ഡയറക്ടർ, സീമാറ്റ് - കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sindhu S

സെക്ഷൻ ഓഫീസർ

Date: 14-09-2023 14:59:48

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

I/5902264/ 23

150 YEARS OF CELEBRATING THE MAHATMA

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ പരിഗണനയിലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4- ലെ ഖണ്ഡിക നം. 4.4 - ൻമേലുള്ള ന്യൂനത പരിഹാര നടപടി പത്രിക

1953-ലെ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ ആക്ടിലെ സെക്ഷൻ 16, 1972-ലെ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ പ്രകാരം കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് കൗൺസിൽ അംഗങ്ങൾക്ക് മാത്രം അനുവദനീയമാണെന്നിരിക്കെ, കേരള നഴ്സ് & മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാർ, കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് സിറ്റിംഗ് ഫീ ഇനത്തിൽ 1,41,750/- രൂപ ക്രമവിരുദ്ധമായി കൈപ്പറ്റിയത് സംബന്ധിച്ച കണ്ടെത്തലാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 4.4 - ൽ പ്രതിപാദിക്കുന്നത്.

2. ഓഡിറ്റ് കാലയളവിൽ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്നത് ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജ് മുൻ പ്രിൻസിപ്പലായിരുന്ന ശ്രീമതി വത്സ കെ പണിക്കർ ആയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിതയായ ശ്രീമതി വത്സ കെ പണിക്കർ 01.08.2014 മുതൽ 31.07.2019 വരെ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്നു. 30.04.2020- ൽ ടിയാരി സർവ്വീസിൽനിന്നും വിരമിച്ചു.

3. ഓഡിറ്റ് പരാമർശത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് ക്രമവിരുദ്ധമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ രജിസ്ട്രാർ, കെ.എൻ.എം.സി 10.02.2021, 08.08.2022 തീയതികളിൽ ശ്രീമതി വത്സ കെ പണിക്കർക്ക് നോട്ടീസ് നൽകിയിരുന്നു. സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചതിനുശേഷം മാത്രമെ തനിക്കെതിരെ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ പാടുള്ളൂവെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി വത്സ കെ പണിക്കർ 20.08.2022- ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ശ്രീമതി വത്സ കെ പണിക്കർ ഉന്നയിച്ച പ്രധാന തടസ്സവാദങ്ങൾ ചുവടെ ചേർക്കുന്നു.

i. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിറ്റിംഗ് ഫീസ്കൈപ്പറ്റിയിരിക്കുന്നത്.

ii. കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസിന് അർഹതയുണ്ട്.

iii. മുൻ കാലങ്ങളിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥർ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത വകയിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടുണ്ട്.

4. ശ്രീമതി വത്സ കെ പണിക്കർ രജിസ്ട്രാർ പദവിയിൽ എത്തിയതിനുശേഷം മാത്രമായിരുന്നു കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസ്

അനുവദിക്കാൻ കേരള നഴ്സസ് & മിഡ്വൈഫ്സ് കൗൺസിൽ തീരുമാനമെടുത്തത്. 16.08.2014- ൽ എടുത്ത ടി തീരുമാനത്തിനെ അടിസ്ഥാനപ്പെടുത്തി 19.08.2014- ൽ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചു. കെ.എൻ.എം.സി ആക്ടും, ചട്ടവും ലംഘിച്ചുകൊണ്ട് എടുത്ത തീരുമാനം സർക്കാരിന്റെ സാധൂകരണത്തിനയയ്ക്കാൻ ടിയാരി തയ്യാറായില്ല. കെ.എൻ.എം.സി ചട്ടങ്ങൾ പ്രകാരം 500 രൂപയിൽ അധികരിക്കുന്ന ഏതൊരു ചെലവിനും സർക്കാരിൽനിന്നും മുൻകൂർ അനുമതി വേണമെന്നിരിക്കെ, കൗൺസിൽ തീരുമാനം സർക്കാർ സാധൂകരണത്തിനായി അയയ്ക്കാൻ ചുമതലപ്പെട്ട രജിസ്ട്രാർ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കാതെ സിറ്റിംഗ് ഫീസ് കൈപ്പറ്റിയത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയും അതീവ ഗൗരവതരവുമായ പ്രവൃത്തിയാണെന്ന് സർക്കാർ കണ്ടെത്തി. ശ്രീമതി വത്സ കെ പണിക്കർക്ക് തൊട്ട് മുൻപ് രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന പ്രൊഫ. ലത സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടില്ലായെന്നും ഇത് സംബന്ധിച്ച അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

5. 1953-ലെ കെ.എൻ.എം.സി ആക്ട് സെക്ഷൻ 38 പ്രകാരം, രജിസ്ട്രാർ ഒരു കൗൺസിൽ അംഗമായിരിക്കരുത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത സെക്ഷൻ, കെ.എൻ.എം.സി ആക്ടിലെ സെക്ഷൻ 16, 1972- ലെ കെ.എൻ.എം.സി ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ ചേർത്ത് വായിക്കുമ്പോൾ കൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസിന് രജിസ്ട്രാർ അർഹയല്ലായെന്ന ആഡിറ്റ് പരാമർശം വസ്തുതാപരമാണ്. കൗൺസിൽ മീറ്റിംഗുകൾ കൂടാതെ എഡ്യൂക്കേഷൻ കമ്മിറ്റി, സബ് കമ്മിറ്റി, എക്സാം കമ്മിറ്റി തുടങ്ങി കൃത്യനിർവ്വഹണത്തിന്റെ ഭാഗമായ എല്ലാ പ്രവൃത്തികൾക്കും സർക്കാർ സാധൂകരണം തേടാതെ ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഉത്തരവിന്റെ പിൻബലത്തിൽ ശ്രീമതി വത്സ കെ പണിക്കർ സിറ്റിംഗ് ഫീ കൈപ്പറ്റിയത് ക്രമവിരുദ്ധമാണ്.

6. മേൽ വസ്തുതകൾ കണക്കിലെടുത്ത്, കേരള നഴ്സസ് & മിഡ്വൈഫ്സ് കൗൺസിലിന്റെ രജിസ്ട്രാർ ആയിരിക്കെ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് ശ്രീമതി വത്സ കെ പണിക്കർ സിറ്റിംഗ് ഫീ ഇനത്തിൽ 1,41,750/- രൂപ കൈപ്പറ്റിയ നടപടി ക്രമവിരുദ്ധമാണെന്നും, ആയത് തിരിച്ചടയ്ക്കാൻ ടിയാരി ബാധ്യസ്ഥയാണെന്നും സർക്കാർ കണ്ടെത്തി. <u>ഇതിന്റെ അടിസ്ഥാനത്തിൽ 07.10.2023- ൽ സ.ഉ (സാധാ) നം. 2577/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിക്കുയും</u> തുക തിരിച്ചടക്കാത്തപക്ഷം 04.07.2022-ലെ സ.ഉ (അച്ചടി) നം. 82/2022/ധന ഉത്തരവിലെ ഇനം നം. (xiv) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടിയാരിയുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. <u>07.10.2023- ലെ സ.ഉ (സാധാ) നം. 2577/2023/ആ.കു.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.</u>

7. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4- ലെ ഖണ്ഡിക നം. 4.4 - ൻമേലുള്ള ന്യൂനത പരിഹാര നടപടി പത്രിക ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ ദയവായ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

V.P. SREEJITH
Joint Secretary
Health & Family Welfare Department
Govt. Secretariat

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 4.4 (2018-19- ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6) - കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ മുൻ രജിസ്ട്രാറായിരുന്ന ശ്രീമതി വത്സ കെ പണിക്കർ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് അനധികൃതമായി സിറ്റിംഗ് ഫീ കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.2577/2023/H&FWD തീയതി,തിരുവനന്തപുരം, 07-10-2023

പരാമർശം:-

1. കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 19.08.2014 തീയതിയിലെ ഉത്തരവ് നം. എ4952/2014/എൻ.സി
2. ശ്രീമതി വത്സ കെ പണിക്കർ 20.08.2022 തീയതിയിൽ കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷ
3. കെ.എൻ.എം.സി രജിസ്ട്രാറുടെ 30.09.2023 തീയതിയിലെ എ3/21249/2020/എൻ.സി നമ്പർ കത്ത്
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 30.09.2023 തീയതിയിലെ ജി1/1549/2020/മെ.വി.വ നമ്പർ കത്ത്

ഉത്തരവ്

കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ആയിരുന്ന ശ്രീമതി വത്സ കെ പണിക്കർ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് സിറ്റിംഗ് ഫീ ഇനത്തിൽ 1,41,750/- രൂപ ക്രമവിരുദ്ധമായി കൈപ്പറ്റിയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിരുന്നു. 1953-ലെ കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ ആക്ടിലെ സെക്ഷൻ 16, 1972-ലെ കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ പ്രകാരം കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് കൗൺസിൽ അംഗങ്ങൾക്ക് മാത്രം അനുവദനീയമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം. 4.4 ആയി ഉൾപ്പെടുത്തിയിരുന്ന പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് ക്രമവിരുദ്ധമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ രജിസ്ട്രാർ, കെ.എൻ.എം.സി 10.02.2021, 08.08.2022 തീയതികളിൽ ശ്രീമതി വത്സ കെ പണിക്കർക്ക് നോട്ടീസ് നൽകിയിരുന്നു.

2. സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചതിനുശേഷം മാത്രമെ തനിക്കതിരെ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ പാട്ടുള്ളൂവെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി വത്സ കെ പണിക്കർ പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. തുടർന്ന് ശ്രീമതി വത്സ കെ പണിക്കരുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ രജിസ്ട്രാർ, കെ.എൻ.എം.സി സാധൂകരണത്തിനായി സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിൽ ശ്രീമതി വത്സ കെ

പണിക്കർ ഉന്നയിച്ച പ്രധാന തടസ്സവാദങ്ങൾ ചുവടെ ചേർക്കുന്നു.

1. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിറ്റിംഗ് ഫീസ് കൈപ്പറ്റിയിരിക്കുന്നത്.
2. കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസിന് അർഹതയുണ്ട്.
3. മുൻ കാലങ്ങളിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥർ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത വകയിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടുണ്ട്.

3. 01.08.2014 മുതൽ 31.07.2019 വരെ ഡെപ്യൂട്ടേഷനിൽ കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ശ്രീമതി വത്സ കെ പണിക്കർ 30.04.2020- ൽ സർവ്വീസിൽനിന്നും വിരമിച്ചു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിറ്റിംഗ് ഫീസ് കൈപ്പറ്റിയിരിക്കുന്നത് എന്ന വാദം സംബന്ധിച്ച് ഏറ്റവും ശ്രദ്ധേയമായ കാര്യം, ഇത്തരത്തിൽ കൗൺസിൽ തീരുമാനമെടുത്തത് ശ്രീമതി വത്സ കെ പണിക്കർ രജിസ്ട്രാർ പദവിയിൽ എത്തിയതിനുശേഷം മാത്രമായിരുന്നു. 16.08.2014- ൽ കൗൺസിൽ എടുത്ത തീരുമാനം കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ ചട്ടങ്ങൾ പ്രകാരം അനുവദനീയമല്ലാത്തതിനാലും സാമ്പത്തികബാധ്യത ഉള്ളതിനാലും സർക്കാരിന്റെ സാധൂകരണം ആവശ്യമായിരുന്നു. എന്നാൽ സർക്കാരിന്റെ സാധൂകരണം തേടാതെ സ്വന്തം നിലയിൽ ടിയാരി പരാമർശം (1) പ്രകാരം സിറ്റിംഗ് ഫീ വർദ്ധിപ്പിച്ചുവെന്ന ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിൽ നിലവിൽ സിറ്റിംഗ് ഫീ അനുവദിച്ചിട്ടുള്ള ഉത്തരവിനെക്കുറിച്ച് യാതൊരു പരാമർശവുമില്ല.

4. 1972-ലെ കെ.എൻ.എം.സി ചട്ടങ്ങൾ പ്രകാരം 500 രൂപയിൽ അധികരിക്കുന്ന ഏതൊരു ചെലവിനും സർക്കാരിൽനിന്നും മുൻകൂർ അനുമതി വേണമെന്നിരിക്കെ, സർക്കാർ അനുമതി തേടാതെ രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസ് അനുവദിച്ചുകൊണ്ട് കൗൺസിൽ തീരുമാനമെടുത്തത് ചട്ടപ്രകാരമല്ല. പ്രസ്തുത കൗൺസിൽ തീരുമാനം സർക്കാർ സാധൂകരണത്തിനായി അയയ്ക്കാൻ ചുമതലപ്പെട്ട രജിസ്ട്രാർ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കാതെ സിറ്റിംഗ് ഫീസ് കൈപ്പറ്റിയത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയും അതീവ ഗൗരവതരവുമായ വിഷയമാണ്.

5. കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസിന് അർഹതയുണ്ട് എന്ന ശ്രീമതി വത്സ കെ പണിക്കരുടെ ആരോപണം വസ്തുതകൾക്ക് നിരക്കുന്നതല്ല. 1953-ലെ കെ.എൻ.എം.സി ആക്ടിലെ സെക്ഷൻ 16, 1972-ലെ കെ.എൻ.എം.സി ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ പ്രകാരം കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് കൗൺസിൽ അംഗങ്ങൾക്ക് മാത്രം അനുവദനീയമാണ്. മുൻ കാലങ്ങളിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥർ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത വകയിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടുണ്ട് എന്നത് സംബന്ധിച്ച് ശ്രീമതി വത്സ കെ പണിക്കർക്ക് തൊട്ട് മുൻപ് രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന പ്രൊഫ. ലത സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടില്ലായെന്ന് പരാമർശം (3) കത്ത് പ്രകാരം കെ.എൻ.എം.സി രജിസ്ട്രാർ അറിയിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1953-ലെ കെ.എൻ.എം.സി ആക്ട് സെക്ഷൻ 38 പ്രകാരം, രജിസ്ട്രാർ ഒരു കൗൺസിൽ അംഗമായിരിക്കരുത് എന്ന്

നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത സെക്ഷൻ, കെ.എൻ.എം.സി ആക്ടിലെ സെക്ഷൻ 16, 1972-ലെ കെ.എൻ.എം.സി ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ ചേർത്ത് വായിക്കുമ്പോൾ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസിന് രജിസ്ട്രാർ അർഹയല്ലായെന്ന ആഡിറ്റ് പരാമർശം വസ്തുതാപരമാണ്. കൗൺസിൽ മീറ്റിംഗുകൾ കൂടാതെ എഡ്യൂക്കേഷൻ കമ്മിറ്റി, സബ് കമ്മിറ്റി, എക്സാം കമ്മിറ്റി തുടങ്ങി കൃത്യനിർവ്വഹണത്തിന്റെ ഭാഗമായ എല്ലാ പ്രവൃത്തികൾക്കും സർക്കാർ സാധൂകരണം തേടാതെ പരാമർശം (1) പ്രകാരം ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഉത്തരവിന്റെ പിൻബലത്തിൽ ശ്രീമതി വത്സ കെ പണിക്കർ സിറ്റിംഗ് ഫീ കൈപ്പറ്റിയത് ക്രമവിരുദ്ധമാണ്.

7. മേൽ വിവരിച്ച സാഹചര്യത്തിൽ, കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിലിന്റെ രജിസ്ട്രാർ ആയിരിക്കെ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് സിറ്റിംഗ് ഫീ ഇനത്തിൽ ശ്രീമതി വത്സ കെ പണിക്കർ ക്രമവിരുദ്ധമായി കൈപ്പറ്റിയ 1,41,750/- രൂപ ടിയാൾ തിരിച്ചടക്കാത്തപക്ഷം 04.07.2022-ലെ സ.ഉ (അച്ചടി) നം.82/2022/ധന ഉത്തരവിലെ ഇനം നം. (xiv) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടിയാരിയുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ശ്രീമതി വത്സ കെ പണിക്കർ, കാരുണ്യം, SNRA 11, പാങ്ങപ്പാറ, തിരുവനന്തപുരം (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സ്റ്റോക്ക ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 07-10-2023 12:02:39
സെക്ഷൻ ഓഫീസർ

I/5558397/2023

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ കേരള സംസ്ഥാന വഖഫ് ബോർഡ് സ്വീകരിച്ച നടപടികൾ ഉൾപ്പെടുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക.

ക്രമ നം	സ്ഥാപനം	പരാമർശ ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ
1	കേരള സംസ്ഥാന വഖഫ് ബോർഡ്	4.6 (a)	വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് - കുടിശ്ശിക 67 ലക്ഷം രൂപ:	2005-06 മുതൽ 2018-19 വരെയുള്ള കാലയളവിലെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമം നടന്നുവരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ 2022 ആഗസ്റ്റ് മാസത്തിൽ കുടിശ്ശിക തുക 45 ലക്ഷം രൂപയായി കുറഞ്ഞിട്ടുള്ളതാണെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
2		4.6 (b)	വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത:	കേരള സംസ്ഥാന വഖഫ് ബോർഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള സ്റ്റേറ്റ് ബോർഡ് റെഗുലേഷൻസ്, 2016-ന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. 1995-ലെ വഖഫ് നിയമം വകുപ്പ് 110 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി റെഗുലേഷൻസ് തയ്യാറാക്കുന്നതിനുള്ള അധികാരം ബോർഡിനാണുള്ളത്. ബോർഡിന്റെ നിലവിലുള്ള പ്രസ്തുത റെഗുലേഷൻസ് ഗസറ്റ് വിജ്ഞാപനം നടത്തി പ്രാബല്യത്തിൽ വന്നത് 01-02-2016 ആണ്. പ്രസ്തുത റെഗുലേഷൻസ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് 1965-ലും 2003-ലുമാണ് റെഗുലേഷനുകൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. ടി റെഗുലേഷനുകളിൽ ബോർഡ് ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കാലാകാലങ്ങളിൽ ബോർഡിന് നിശ്ചയിക്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. ടി വ്യവസ്ഥ അനുസരിച്ച് കേന്ദ്ര നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് ബോർഡ് ജീവനക്കാർക്ക് നൽകി വന്നിരുന്നത്. അപ്രകാരം ബോർഡ് ജീവനക്കാരുടെ ശമ്പളം 10-ാം ശമ്പള പരിഷ്കരണ സ്കെയിലിലേക്ക് പുനഃനിർണ്ണയം നടത്തുന്നതിന് മുമ്പ് കേന്ദ്ര സർക്കാരിന്റെ 7-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള സ്കെയിൽ ആണ്

				അനുവദിച്ചിരുന്നത്. ബോർഡിന്റെ നിലവിലുള്ള സർക്കാർ അംഗീകൃത റഗുലേഷനായ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് റഗുലേഷൻസ്, 2016-ലെ ചാപ്റ്റർ V 6(2) അനുസരിച്ച് ബോർഡ് ജീവനക്കാർക്ക് കേരള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2016-ലെ പ്രസ്തുത റഗുലേഷന് എതിരെ ബഹു.കേരള ഹൈക്കോടതി മുമ്പാകെ വഖഫ് ബോർഡ് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഫയലാക്കിയ 5842/16, 6773/16 എന്നീ നമ്പർ റിട്ട് പെറ്റീഷനുകൾ ബഹു.കോടതി പരിഗണിച്ച് 09-03-2016-ാം തീയതി പുറപ്പെടുവിച്ച പൊതു ഉത്തരവിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നും കുറവ് വരുത്തരുതെന്നും ബോർഡ് അംഗീകരിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വേണ്ടി അയച്ച കരട് റഗുലേഷനിൽ സർക്കാർ വരുത്തിയ മറ്റ് ഭേദഗതികൾ പ്രസ്തുത റിട്ട് പെറ്റീഷനുകളുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്നും ഉത്തരവാകുകയും, ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോർഡ് ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 2016ലെ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് റഗുലേഷൻസിൽ നിഷ്കർഷിച്ച പ്രകാരം കേന്ദ്ര നിരക്കിൽ നിന്നും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിലേക്ക് 01-07-2019 മുതൽ മാറ്റി പുനർ നിർണ്ണയിച്ചിട്ടുള്ളതുമാണ്. അപ്രകാരം പുനർ നിർണ്ണയം നടത്തിയ അവസരത്തിൽ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ നഷ്ടം സംഭവിക്കരുതെന്നുള്ള ബഹു.കോടതി ഉത്തരവ് പാലിച്ചുകൊണ്ട് രണ്ട് നിരക്കുകൾ പ്രകാരം നിശ്ചയിച്ച് വരുന്ന തുകകളുടെ വ്യത്യാസം പേഴ്സണൽ പേ ആയും, സ്പെഷ്യൽ പേ ആയും നൽകുവാനും ആയത് തുടർന്ന് വരുന്ന പേ റിവിഷൻ പ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുവാനും 25-09-2019-ാം തീയതിയിൽ ബോർഡ് തീരുമാനം എടുക്കുകയും അതു പ്രകാരം ബോർഡ് ജീവനക്കാർക്ക് ലഭിച്ചു വരുന്ന ശമ്പളം 01-07-2014 മുതൽ പ്രാബല്യത്തിൽ വന്ന സംസ്ഥാന സർക്കാർ അംഗീകരിച്ച 10-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ പേ

				സ്കെയിലിലേക്ക് മാറ്റി പുനർനിർണ്ണയം ചെയ്യുകയുമുണ്ടായി. ടി ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം CCA ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഉള്ളതാണ്. ബോർഡ് സർവ്വീസിൽ നിന്നും 01-02-2016-ന് മുമ്പ് റിട്ടയർ ചെയ്തവർക്കും കെ.എസ്.ആർ.പാർട്ട് III പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ രീതിയിൽ പെൻഷൻ അനുവദിച്ചുകൊണ്ട് 27-02-2018-ലെ സ.ഉ(എംഎസ്.)നം.74/2018/റവ പ്രകാരമുള്ള റഗുലേഷൻ ഭേദഗതി ഉത്തരവ് 07-03-2018 ലെ 593-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 01-03-2018 മുതൽ 25 ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് III പ്രകാരമുള്ള പെൻഷൻ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. അവരെല്ലാം തന്നെ 2003-ലെ റഗുലേഷൻ അനുസരിച്ച് 58 വയസ്സിൽ റിട്ടയർ ചെയ്തവരാണ്. എന്നാൽ അവർക്ക് പെൻഷൻ കണക്കാക്കിയത് 2016-ലെ റഗുലേഷൻ പ്രകാരമുള്ള പെൻഷൻ പ്രായമായ 56 വയസ്സ് കണക്കാക്കിയാണ്. 01-02-2016-ന് റഗുലേഷൻ വന്നതിനു ശേഷം 09-02-2016-ലെ ബോർഡ് യോഗം 56 വയസ്സിനു ശേഷമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിക്കണമെന്ന് റഗുലേഷനിൽ ഭേദഗതി വരുത്തി സർക്കാരിലേയ്ക്ക് അയക്കുകയും ടി ഭേദഗതി റഗുലേഷന്റെ അടിസ്ഥാനത്തിലാണ് 56 വയസ്സിന് ശേഷമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകിയത്. എന്നാൽ ടി ഭേദഗതി സർക്കാർ അംഗീകരിക്കാത്തതിനാൽ 2020 ജനുവരിയിൽ നിലവിൽ വന്ന ബോർഡ് റഗുലേഷൻ പ്രകാരമുള്ള 56 വയസ്സ് വരെയുള്ള ആനുകൂല്യങ്ങൾ നൽകിയാൽ മതിയെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 08-06-2022-ാം തീയതിയിലെ ബോർഡ് യോഗം നിലവിലെ റഗുലേഷൻ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ഒരു സബ്ബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. വഖഫ് ഭേദഗതി റഗുലേഷൻ പ്രകാരം 58 വയസ്സ് കണക്കാക്കി നൽകിയ പെൻഷൻ 56 വയസ്സ് കണക്കാക്കി പുനർ നിർണ്ണയം ചെയ്യുന്ന വിഷയം ബോർഡ് മുമ്പാകെ സമർപ്പിക്കുകയും റഗുലേഷൻ ഭേദഗതി സംബന്ധിച്ച് 08-06-2022-ാം തീയതി ബോർഡ് രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റി പരിഗണിക്കുന്നതിന് വേണ്ടി തീരുമാനിച്ചതിനെ
				തുടർന്ന് ടി വിഷയം പ്രസ്തുത സബ്ബ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3		4.6 (c)	പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത:	കേരള സ്റ്റേറ്റ് വഖ്ഫ്റിൽ നിന്നും ലഭ്യമാകുന്ന ബോർഡ് റഗുലേഷൻസ് 2016 പ്രകാരം 2016 മുതൽ ബോർഡിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരിൽ നിന്നും 56 വയസ്സിന് ശേഷം നൽകിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും തിരിച്ച് പിടിക്കുന്നത് സംബന്ധിച്ചും ഭേദഗതി റഗുലേഷൻ പ്രകാരം നൽകിയ പ്രൊമോഷൻ, ഇൻക്രിമെന്റ് തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങളും മറ്റും തിരിച്ചു പിടിക്കുന്നതും സംബന്ധിച്ച വിഷയം 08-06-2022-ാം തീയതിയിലെ വഖഫ് ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വരികയും റഗുലേഷൻ (ഭേദഗതി) സംബന്ധിച്ച് രൂപീകരിച്ച സബ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ച് ബോർഡ് യോഗം തീരുമാനമെടുത്ത് ഉത്തരവായത് പ്രകാരം ടി വിഷയം പ്രസ്തുത സബ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4		4.6 (d)	റവന്യൂ വകുപ്പിലെ (എഫ്) സ്പെഷ്യൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.	പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സബ് കമ്മിറ്റിയുടെ റിപ്പോർട്ട് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.
4		(e)	വ്യത്യസ്ത അക്കൗണ്ടിംഗ് രീതികൾ:	ബോർഡിന്റെ ഹെഡ്ഓഫീസിലും ഡിവിഷണൽ ഓഫീസുകളിലും ഒരേ രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് പിന്തുടർന്ന് വരുന്നത്. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഒരേ സോഫ്റ്റ്‌വെയർ തന്നെയാണ് ഇപ്പോഴും ഉപയോഗിച്ച് വരുന്നത്. നിലവിലുള്ള സോഫ്റ്റ് വെയർ Single entryയിലാണ് തയ്യാറാക്കിയിട്ടുള്ളത്. രണ്ട് തരത്തിലുള്ള ക്യാഷ് ബുക്കുകൾ സൂക്ഷിക്കുന്നുണ്ട്. ഡെയ്‌ലി ക്യാഷ് ബാലൻസ് മാത്രം അറിയുന്നതിനുള്ള ക്യാഷ് ബുക്കും, കൂടാതെ ബോർഡിന്റെ ദിനംപ്രതിയുള്ള വരവ് ചെലവുകൾ കാണിക്കുന്ന ക്യാഷ് ബുക്കും സൂക്ഷിക്കുന്നുണ്ട്. ബോർഡിന്റെ ബാങ്ക് ബാലൻസ് അറിയുന്നതിനായി ബാങ്ക് ലഡ്ജറും സൂക്ഷിക്കുന്നുണ്ട്. ആയതുകൊണ്ട് തന്നെ ദിനംപ്രതിയുള്ള ബാങ്ക് ബാലൻസ് അറിയുവാൻ സാധിക്കുന്നതാണെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി.ആർ. ജയപാൽ
പെൻ: 101611
ഗവ: അഡീഷണൽ സെക്രട്ടറി
റവന്യൂ (ദേവസ്വം) വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്
ഫോൺ: 0471-2335426 & 2518397

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പതിനൊന്നാമത് റിപ്പോർട്ട്

(2026 ഒക്ടോബർ 28 ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

പതിനൊന്നാമത് .... റിപ്പോർട്ട്

(2026 ഒക്ടോബർ ....28............... ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	
മുഖവുര	:	
റിപ്പോർട്ട്	:	
അനുബന്ധം I		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	
അനുബന്ധം II		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2026-28)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. എ.കെ.എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി.എം.എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി ഇൻ ചാർജ്ജ്

ശ്രീമതി രജി ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദുരാജ് ഡി., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2026-2028)യുടെ 11-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026, ഒക്ടോബർ 28

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4-ൽ (4.1,4.2,4.3,4.4,4.6) ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

ഓഡിറ്റ് ഖണ്ഡിക

സർവ്വീസ് ചാർജിനത്തിൽ കുടിശ്ശിക - 1,56,58,532/- രൂപ ഈടാക്കാൻ നടപടി അനിവാര്യം

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2017-18, ഖണ്ഡിക 2-4]

27.05.2000-ലെ സ.ഉ.(കൈ)16/2000/സാം.കാ.വ. ഉത്തരവ് പ്രകാരം അവശ കലാകാരന്മാർക്ക് / ആശ്രിതർക്ക് പെൻഷൻ നൽകുന്നതിന് ചലച്ചിത്ര അക്കാദമിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി 20.03.2002-ലെ സഉ(കൈ)4/2002/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച് നൽകിയ നിരക്കിൽ തിയേറ്ററുകളിൽ നിന്ന് സർവ്വീസ് ചാർജ് ഈടാക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. അക്കാദമി ലഭ്യമാക്കിയ രേഖകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സർവ്വീസ് ചാർജ് കുടിശ്ശിക ഇനത്തിൽ 1,56,58,532/- രൂപ വിവിധ തിയേറ്ററുകളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു. ജില്ല അടിസ്ഥാനമാക്കി വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	തുക
1	തിരുവനന്തപുരം	10,92,247
2	കൊല്ലം	14,34,886
3	പത്തനംതിട്ട	6,34,148
4	ആലപ്പുഴ	6,98,191
5	കോട്ടയം	6,75,531
6	ഇടുക്കി	1,77,463
7	എറണാകുളം	11,91,606
8	തൃശ്ശൂർ	18,30,062
9	പാലക്കാട്	13,47,752
10	മലപ്പുറം	11,48,987
11	കോഴിക്കോട്	6,12,083
12	വയനാട്	6,82,313
13	കണ്ണൂർ	21,19,798

14	കാസറഗോഡ്	20,13,465
	ആകെ	**1,56,58,532**

ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമെ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശ ഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ല എന്നും ചലച്ചിത്ര അക്കാദമിക്ക് തിയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ കുടിശ്ശിക ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/18.11.2020 ന്റെ മറുപടി). വിഷയം തദ്ദേശ ഭരണ സെക്രട്ടറിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനായി സാംസ്കാരിക വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു.

എസ്.ബി.ഐയുടെ കവടിയാർ ബ്രാഞ്ചിലെ 57047023884-ാംനമ്പർ അക്കൗണ്ടിലാണ് സർവ്വീസ് ചാർജ്ജിനത്തിലെ തുക നിക്ഷേപിക്കുന്നത്. പ്രസ്തുത അക്കൗണ്ട് പാസ് ബുക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷം നീക്കിയിരിപ്പായി 67,01,390.45/- രൂപയാണ് നിലനിൽക്കുന്നത്. 2017-18 സാമ്പത്തിക വർഷം പെൻഷൻ ഇനത്തിൽ ആകെ 33,72,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാക്കുന്ന പെൻഷൻ പോലും മുടങ്ങുന്ന സാഹചര്യം ഉണ്ടാകും എന്നതിനാൽ കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളേണ്ടതുണ്ട്. കൂടാതെ സാഹചര്യത്തിന്റെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പെൻഷൻ മുടങ്ങുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. സർവ്വീസ് ചാർജ് കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുമായി ബന്ധപ്പെട്ട് സർവ്വീസ് ചാർജിനത്തിൽ കുടിശ്ശികയായ 1,56,58,532/- രൂപ ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞു. 221 അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ചികിത്സാസഹായം നൽകുന്നതിനുമാണ് സർവ്വീസ് ചാർജ്ജ് ഇനത്തിൽ പിരിക്കുന്ന തുക വിനിയോഗിക്കുന്നതെന്നും എല്ലാ വർഷവും ഇതിനായി പ്രത്യേക ഡ്രൈവ്

സംഘടിപ്പിക്കാറുണ്ടെന്നും നടപ്പ സാമ്പത്തിക വർഷം ആറുമാസത്തിനുള്ളിൽ 50 ലക്ഷത്തിലേറെ രൂപ പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടെന്നും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി മറുപടി നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ തിയേറ്ററുകൾ വരുന്നതുകൊണ്ട് തിയേറ്ററുകളുടെമേൽ ചലച്ചിത്ര അക്കാദമിക്കോ സാംസ്കാരികവകുപ്പിനോ നേരിട്ട് നിയന്ത്രണമില്ലെന്നതാണ് ഇക്കാര്യത്തിൽ നേരിടുന്ന പ്രധാന പ്രതിസന്ധിയെന്നും കുടിശ്ശിക ഒടുക്കുന്നതിനുവേണ്ടി നേരിട്ട് തിയേറ്ററുകളെ സമീപിക്കുകയും കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക അടച്ചതിനുശേഷം മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എന്നാൽ നിർദേശങ്ങൾ പാലിക്കുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്നും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി കൂട്ടിച്ചേർത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ തീരുമാനപ്രകാരം ചിലർ ടി വിഷയത്തിൽ കാര്യമായി ഇടപെടുന്നുണ്ടെന്നും വർഷാവർഷം ലൈസൻസ് പുതുക്കി നൽകുന്നതിന് സർവ്വീസ് ചാർജ്ജ് ഇനത്തിലെ കുടിശ്ശിക ഒടുക്കണമെന്ന പൊതുവായ സർക്കാർ ഉത്തരവ് വരികയും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന ഘട്ടത്തിൽ ആയത് കൃത്യമായി ചെയ്യാൻ സാധിക്കുമെന്നും സെക്രട്ടറി ബോധിപ്പിച്ചു. ചെയർമാൻ തന്നെ സംഘടനകളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി കുടിശ്ശിക നിവാരണത്തിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അവർ അനുകൂലമായാണ് പ്രതികരിച്ചിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2023 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ കുടിശ്ശിക ഉൾപ്പെടെയുള്ള 54,69,363/- രൂപ ആറുമാസത്തിനുള്ളിൽ പിരിച്ചെടുക്കാനായി സാധിച്ചിട്ടുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ അറിയിച്ചു.

2. പല തിയേറ്ററുകളും പ്രവർത്തനം നിർത്തുന്ന ഘട്ടത്തിൽ ഇതുസംബന്ധിച്ചുള്ള അറിയിപ്പ് കൃത്യമായി നൽകാത്ത പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും തീയേറ്റർ പൂട്ടിപ്പോയാൽ ചലച്ചിത്ര അക്കാദമിക്ക് വിവരം ലഭിക്കുന്നില്ലെന്നും വ്യക്തമാക്കി. പുതിയ മൾട്ടിപ്ലക്സ് തീയേറ്ററുകൾ പല സ്ഥലത്തും ആരംഭിക്കുന്നുണ്ടെന്നും പ്രതിവർഷം 25,000 രൂപയാണ് സർവ്വീസ് ചാർജ്ജിനത്തിൽ പ്രസ്തുത തീയറ്ററുകളിൽ നിന്നും ലഭിക്കുന്നതെന്നും അക്കാദമിയുടെ റീജിയണൽ സെന്ററുകൾ മുഖേന പൂട്ടിപ്പോയ തിയേറ്ററുകളുടെ ഡാറ്റാ മാനേജ്മെന്റും മറ്റും നടത്തുന്നുണ്ടെന്നും ചലച്ചിത്ര അക്കാദമിയുടെ കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള റീജിയണൽ ഓഫീസുകൾ മുഖേനയാണ് വിവരശേഖരണം നടത്തിയതെന്നും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നുണ്ടെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതുസംബന്ധിച്ച് കത്ത് നേരിട്ട് നൽകുന്നുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ അറിയിച്ചു.

3. കുടിശ്ശിക പിരിവും മറ്റ് നടപടികളും ആരംഭിച്ചിട്ടുണ്ട് എങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പും സാംസ്കാരിക വകുപ്പും ബന്ധപ്പെട്ട തിയേറ്റർ സംഘടനകളും കൂടിയാലോചിച്ച് പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമേ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂയെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും അത് പാലിക്കുന്നതിൽ വലിയ വീഴ്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും സമിതി വിലയിരുത്തി.

4. ലൈസൻസ് പുതുക്കി നൽകുന്നതിനുമുമ്പ് സർവ്വീസ് ചാർജ്ജ് അടയ്ക്കണമെന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടാറുണ്ടെന്നും ചില സ്ഥലങ്ങളിൽ അല്ലാതെയും ലൈസൻസ് പുതുക്കി നൽകുന്നുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ചില തിയേറ്ററുകൾ ലൈസൻസ് ലഭ്യമാക്കുന്നതിന് നേരിട്ട് കോടതിയിൽ പോയി വിധി സമ്പാദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തിയേറ്ററുകളുടെ കൃത്യമായ ഡാറ്റാബേസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ലഭിക്കാൻ സാധ്യതയുള്ളുവെന്നും അതിനാൽ താൻ വ്യക്തിപരമായാണ് വിവരശേഖരണം നടത്തിക്കൊണ്ടിരിക്കുന്നതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. ചലച്ചിത്ര അക്കാദമിയിൽ മുമ്പ് tailor-made software-ലാണ് വിവര ശേഖരണം നടത്തിയിരുന്നതെന്നും C-DIT-ൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ച് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണെന്നും പ്രസ്തുത സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വരുന്നതോടുകൂടി കൃത്യമായ ഡാറ്റാ ബേസ് രൂപീകരിക്കാനും വിവരശേഖരണം നടത്താനും സാധിക്കുമെന്നും ഇക്കാര്യത്തിൽ ഒരുപാട് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി സമിതിയെ അറിയിച്ചു. കലാരംഗത്ത് പ്രവർത്തിച്ചിരുന്ന വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കുള്ള ധനസഹായത്തിന്റെ വിഷയമാണിതെന്ന് തദവസരത്തിൽ സമിതി ചൂണ്ടിക്കാട്ടി. ധനസഹായം കൃത്യമായി മുടക്കമില്ലാതെ നൽകുന്നുണ്ടെന്ന് കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി ബോധിപ്പിച്ചു.

5. കലാകാരൻമാർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണെന്നും ജീവിതം മുഴുവൻ കലാരംഗത്ത് പ്രവർത്തിച്ചവരോട് മാനുഷിക പരിഗണന ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. തിയേറ്ററുകൾ നിലവിൽ പഴയ നിരക്കാണ് ഈടാക്കുന്നതെന്നും നിരക്ക് വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി നിർദ്ദേശിച്ചു. കലാകാരന് നൽകുന്ന 150 രൂപ എന്നത് വളരെ ചെറിയ തുകയാണെന്ന് വ്യക്തമാക്കിയ സമിതി തിയേറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ചാർജ്ജ് വർദ്ധിപ്പിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

6. ജി.എസ്.ടി. വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നികുതിയിനത്തിലുള്ള പ്രശ്നങ്ങൾ സങ്കീർണ്ണമായി നിൽക്കുന്നതും

തീയേറ്ററിൽ ആളുകൾ കുറവായതിനാൽ ലാഭകരമല്ലെന്നതുമാണ് തീയേറ്റർ ഉടമകളുടെ പ്രശ്നമെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് സാംസ്കാരിക വകുപ്പ്, തദ്ദേശ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ ചർച്ച ചെയ്യണമെന്നും തീയേറ്റർ ഉടമകളുടെ ഭാഗത്തുനിന്ന് ശക്തമായ പ്രതിഷേധമുണ്ടാകാൻ സാധ്യതയുണ്ടെന്നും സമിതി വ്യക്തമാക്കി. കോവിഡിനുശേഷം പല തിയേറ്ററുകളിലും ആളുകൾ കുറവാണെന്നും ചില തിയേറ്ററുകൾ മാളുകളും മറ്റുമായി മാറ്റിയിട്ടുണ്ടെന്നും ചലച്ചിത്ര അക്കാദമി സെക്രട്ടറി തദവസരത്തിൽ ബോധിപ്പിച്ചു. സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിച്ചു.

7. മൾട്ടിപ്ലക്സ് തിയേറ്റർ ആണെങ്കിൽ മാക്സിമം 25,000 രൂപയായിരിക്കും സർവ്വീസ് ചാർജ്ജ് വാങ്ങുന്നതെന്നും കഴക്കൂട്ടത്തെ കൃഷ്ണ തിയേറ്ററിൽ നിന്നും ഒരു വർഷം 2000 രൂപ മാത്രമാണ് സർവ്വീസ് ചാർജ്ജായി ലഭിക്കുന്നതെന്നും അവ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്നും എന്നാൽ നിലവിലെ സാഹചര്യത്തിൽ സർവ്വീസ് ചാർജ്ജ് ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിയേറ്റർ ഉടമകൾ സർക്കാരിനെ സമീപിക്കുന്നുണ്ടെന്നും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി വിശദീകരിച്ചു.

8. സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശികയുള്ള 1,56,58,532/- രൂപ ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സോഫ്റ്റ്‌വെയറിൽ പ്രശ്നമുള്ളതിനാൽ കണക്ക് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ആവശ്യമായ സ്റ്റാഫിന്റെ കുറവുണ്ടെന്നും അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

9. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുന്നുണ്ടെന്നും Kerala State Film Development Corporation (KSFDC)-നെയാണ് വിവര ശേഖരണത്തിനും തുക പിരിച്ചെടുക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അതിൽ തിയേറ്റർ ഉടമകൾക്ക് എതിർപ്പുണ്ടായിരുന്നുവെന്നും KSFDC, തിയേറ്ററുകൾ നടത്തുന്ന ഏജൻസിയായതിനാൽ അതിൽ താല്പര്യമില്ലെന്നാണ് തിയേറ്റർ ഉടമകൾ അറിയിച്ചിട്ടുള്ളതെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ലേബർ സെസ് പിരിച്ചെടുക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ നടത്തുന്നത് ക്ഷേമനിധികൾ മുഖാന്തരമാണെന്നും ക്ഷേമനിധിയുടെ പരിധിയിൽ നിന്നുകൊണ്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾക്കാണ് തുക ഉപയോഗിക്കുന്നതെന്നും ക്ഷേമനിധിയെ നോഡൽ ഏജൻസിയായി നിർത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷേമനിധിക്ക് ടിക്കറ്റ് കളക്ഷന്റെയും മറ്റും വിശദാംശം നൽകി e-ticket സിസ്റ്റത്തിലേയ്ക്ക് പോകുന്നത് സംബന്ധിച്ചാണ് മന്ത്രിതല യോഗത്തിൽ ചർച്ച ചെയ്യുന്നതെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ കൂടി സഹകരിച്ചാൽ മാത്രമേ e-ticketing സാധ്യമാകുകയുള്ളൂവെന്നും ആയതിനു വേണ്ടി നിലവിൽ ഒരു സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ടെന്നും ക്ഷേമനിധിബോർഡിനെ നോഡൽ ഏജൻസിയായി പരിഗണിച്ച് കലാകാരൻമാരുടെ ക്ഷേമത്തിന് മുൻതൂക്കം നൽകി പോകേണ്ടതുണ്ടെന്നും സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പല പഞ്ചായത്തുകളും സർവ്വീസ് ചാർജ്ജ് കൃത്യമായി ഈടാക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. മന്ത്രി തല യോഗത്തിലെ തീരുമാനം ഉൾപ്പെടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

10. ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമേ തീയറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്നും ചലച്ചിത്ര അക്കാദമിക്ക് തിയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ സർവ്വീസ് ചാർജ്ജും അതിന്മേലുള്ള കുടിശ്ശികയും ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ചലച്ചിത്ര അക്കാദമിയിൽ തിയേറ്ററുകളുടെ സർവ്വീസ് ചാർജ്ജ് കൃത്യമായി അടച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയ രസീത് ലഭിച്ചശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂവെന്ന് സമിതി നിർദേശിക്കുന്നു.

11. അശരണരായ കലാകാരൻമാർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണെന്നും ജീവിതം മുഴുവൻ കലാരംഗത്ത് പ്രവർത്തിച്ചവരോട് മാനുഷിക പരിഗണന നൽകണമെന്നും അഭിപ്രായപ്പെട്ട സമിതി, സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാക്കുന്ന പെൻഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ സർവ്വീസ് ചാർജ്ജ് യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

12. തിയറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശികയുള്ള 1,56,58,532/- രൂപ അടിയന്തരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

14. സർവ്വീസ് ചാർജ്ജ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിതല യോഗം ചേരുന്നുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനം ഉൾപ്പെടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സാംസ്കാരിക വകുപ്പ് സമിതിക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

ഓഡിറ്റ് ഖണ്ഡിക

ബുക്ക് ബയന്റിംഗ് ക്യാമ്പ്

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2019-20, ഖണ്ഡിക 3-5)

ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ ബയന്റ് ചെയ്യുന്നതിന് ജില്ലാ തലത്തിൽ ബയന്റിംഗ് പരിശീലനം സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയിൽ നിന്നും 3 പേർ വീതം 42 റിസോഴ്സ് പേഴ്സൺമാർക്കായി 2020 ജനവരി 20,21 തീയതികളിൽ നടത്തിയ സംസ്ഥാനതല പരിശീലനത്തിന് 88,242/- രൂപ (80,000/- രൂപ മുൻകൂറും 8,242/- രൂപ 149724/7-02-20 പ്രകാരവും) ചെലവായിട്ടുണ്ട്. ഓരോ ജില്ലയിലേയും 100 ലൈബ്രറി പ്രവർത്തകർക്ക് വീതം പരിശീലനം നല്കുന്നതിന് 4,16,758/- രൂപയും 1400 പേർക്ക് ബയന്റിംഗ് ടൂൾ കിറ്റ് വാങ്ങി ജില്ലകൾക്ക് വിതരണം ചെയ്തതിന് 3,93,393/-രൂപയും ചേർത്ത് ആകെ 8,98,393/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവായിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വിശദാംശങ്ങളൊന്നും ലഭ്യമായില്ല

(a) റിസോഴ്സ് പേഴ്സൺമാർക്കു നല്കിയ പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ (പരിശീലനത്തിൽ പങ്കെടുത്തതിന്റെ ഹാജർ, അനുബന്ധ രേഖകൾ)

(b) ഓരോ ജില്ലകളിലും നടത്തിയ ബുക്ക് ബയന്റിംഗ് പരിശീലനത്തിന്റെയും അതിൽ പങ്കെടുത്ത ലൈബ്രറി പ്രവർത്തകരുടേയും വിവരം, പരിശീലകർക്കു നല്കിയ ഹോണറേറിയത്തിന്റെ വിവരം, ആയതിന്റെ കൈപ്പറ്റ് മുതലായവ.

(c) ടൂൾ കിറ്റുകൾ (1400 എണ്ണം) വിതരണം ചെയ്തതിന്റെ വിവരം, അവ ലഭിച്ചവരുടെ കൈപ്പറ്റ്, വിതരണശേഷം അവശേഷിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരം.

ബുക്ക് ബയന്റിംഗ് പരിശീലനം സംബന്ധിച്ച മേൽ വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, 2017 ലേയും, 2018 ലേയും ദേശീയ ഗ്രന്ഥസൂചി (മലയാളം) 990 പകർപ്പുകൾ വീതം അച്ചടിച്ചത് 'എ' ഗ്രേഡ് ലൈബ്രറികൾക്ക് നല്കുന്നതിനായി ജില്ലാ ലൈബ്രറി കൗൺസിലിനു നല്കി.

മേൽ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയുടെ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു.

1. **പ്രാദേശിക പരിശോധന റിപ്പോർട്ട്**

[2019-20 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-6]

2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ ബുക്ക് ബയന്റിംഗ് ക്യാംപ്, മുതിർന്ന ഗ്രന്ഥശാല പ്രവർത്തകരെ

ആദരിക്കൽ, ഗ്രന്ഥസൂചി ലഭ്യമാക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ജില്ലയിലെ 8 ലൈബ്രറികളിൽ പരിശോധന നടത്തിയതു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈബ്രറിയുടെ പേര് /ഗ്രേഡ്	പരിശോധനയിൽ ലഭിച്ച വിവരം		
		ബുക്ക് ബയന്റിംഗ് ക്യാംപിൽ പങ്കെടുത്തവർ/ ടൂൾ കിറ്റ് ലഭിച്ചവർ	ഗ്രന്ഥശാല പ്രവർത്തകർക്ക് വസ്ത്രങ്ങൾ ലഭിച്ചതിന്റെ എണ്ണം (പുരുഷൻ/സ്ത്രീ)	ഗ്രന്ഥസൂചി ലഭിച്ചതിന്റെ വിവരം
1	മെഡിക്കൽ കോളേജ് എൻ.ജി.ഒ ലൈബ്രറി & റിക്രീഷൻ ക്ലബ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം- 'എ' ഗ്രേഡ്	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ഇ-മെയിലായി ലഭിച്ചിട്ടുണ്ട്
2	പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്മാരക ലൈബ്രറി പട്ടം,തിരുവനന്തപുരം -'എ' ഗ്രേഡ് (i)	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
3	ശ്രീകൃഷ്ണ വിലാസം ഗ്രന്ഥശാല, മലയിൻകീഴ്, തിരുവനന്തപുരം,	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
4	യുവജന സമാജം ഗ്രന്ഥശാല, വിളപ്പിൽശാല, തിരുവനന്തപുരം.	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
5	സ്വരാജ് ഗ്രന്ഥശാല, നേമം, തിരുവനന്തപുരം	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
6	എ.ഗോവിന്ദപ്പിള്ള സ്മാരക ഗ്രന്ഥശാല, കരമന – എ ഗ്രേഡ്	ക്യാമ്പിൽ പങ്കെടുത്തു. ടൂൾ കിറ്റ് ലഭിച്ചു.	ലഭിച്ചിട്ടില്ല.	2 പകർപ്പുകൾ ലഭിച്ചു
7	സഹൃദയസമാജം ഗ്രന്ഥശാല, കൈലാത്തുകോണം – ബി ഗ്രേഡ്	ക്യാമ്പിൽ പങ്കെടുത്തിട്ടില്ല /ടൂൾ കിറ്റ് ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.
8	സ്വതന്ത്രഭാരതം ഗ്രന്ഥശാല (താലൂക്ക് റഫറൻസ് ലൈബ്രറി), കോരാണി- എ ഗ്രേഡ് (ii)	ക്യാമ്പിൽ പങ്കെടുത്തു എന്നാൽ ടൂൾ കിറ്റ് ലഭിച്ചിട്ടില്ല	ലഭിച്ചിട്ടില്ല.	ലഭിച്ചിട്ടില്ല.

പരിശോധന നടത്തിയ ലൈബ്രറികളിൽ എ.ഗോവിന്ദപ്പിള്ള സ്മാരക ഗ്രന്ഥശാല, കരമനയിലെ (ക്രമനം.6) ലൈബ്രേറിയൻ മാത്രമാണ് ബയന്റിംഗ് പരിശീലനത്തിൽ പങ്കെടുക്കുകയും ടൂൾ കിറ്റ് ലഭിക്കുകയും ചെയ്തിട്ടുള്ളത്. പ്രസ്തുത ലൈബ്രറിക്ക് ഗ്രന്ഥസൂചിയും ലഭിച്ചിട്ടുണ്ട്. ഗ്രന്ഥശാലയിലെ മുതിർന്ന പൗരന്മാരെ ആദരിക്കുന്നതിനുള്ള ചടങ്ങ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു.

i. ബുക്ക് ബയന്റിംഗ് ക്യാംപ് പ്രൊ.ജോസഫ് മുണ്ടശ്ശേരി സ്മാരക ലൈബ്രറിയിൽ നടത്തുന്നതിനായിരുന്നു പ്രാരംഭ തീരുമാനമെങ്കിലും പിന്നീട് പരിശീലന വേദി

മാറ്റിയത് സംബന്ധിച്ചോ ക്യാംപ് നടത്തിപ്പ് സംബന്ധിച്ചോ അറിയിപ്പ് ലഭിച്ചില്ലായെന്ന് ഗ്രന്ഥശാല സന്ദർശന വേളയിൽ സെക്രട്ടറി ബോധിപ്പിച്ചു.

ii. സ്വതന്ത്രഭാരതം ഗ്രന്ഥശാലയിലെ ലൈബ്രേറിയന് ബയന്റിംഗ് പരിശീലനം ലഭിച്ചുവെങ്കിലും പരിശീലനശേഷം ടൂൾ കിറ്റ് തിരികെ വാങ്ങിയതായി അറിയിച്ചു. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ടൂൾ കിറ്റുകളൊന്നും തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. റിപ്പോർട്ടിലെ വിവരങ്ങൾ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ ക്രമക്കേടുകളും സുതാര്യതയില്ലായ്മയും വ്യക്തമാക്കുന്നു.

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നടത്തുന്ന ചെലവുകളും വാങ്ങലുകളും ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. ബുക്ക് ബയന്റിംഗ് ക്യാമ്പ് തുക നിരാകരിക്കുന്നുവെന്നതാണ് ആദ്യ പരാമർശമെന്നും ഓരോ ജില്ലയിലും കോവിഡ് മൂലം പല ലൈബ്രറി കൗൺസിലുകൾക്കും കൃത്യമായി ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെന്നും കോവിഡിന്റെ കാലഘട്ടമായ മാർച്ച് 24 മുതൽ സെപ്റ്റംബർ 30 വരെ ലൈബ്രറി അടച്ചിട്ടിരുന്ന സാഹചര്യം ഉണ്ടായപ്പോൾ പല ക്യാമ്പുകളും നടത്താൻ സാധിച്ചിട്ടില്ലെന്നും അങ്ങനെയുള്ളവ തുടർന്ന് നടത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു.

16. കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ബുക്ക് ബയന്റിംഗ് പരിശീലനം നടന്നിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പരിശീലനം നടന്നിട്ടില്ലെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

17. പ്രസ്തുത ജില്ലകളിൽ പരിശീലനത്തിനായി വാങ്ങിയ ടൂൾ കിറ്റുകളുടെ സ്ഥിതിയെന്താണെന്നും ഇനി അവ ഉപയോഗിക്കാൻ സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് ടൂൾ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി സമിതി യോഗത്തിന്റെ തലേ ദിവസം (10.10.2023) ആണ് ലഭിച്ചതെന്ന് തദവസരത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സമാഹൃത റിപ്പോർട്ട് നിയമസഭ മുൻപാകെ സമർപ്പിച്ചാൽ മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് സമിതി മുൻപാകെ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയാണെന്നും സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകേണ്ട ഉത്തരവാദിത്തം വകുപ്പുകളിൽ നിക്ഷിപ്തമാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി വ്യക്തമാക്കി.

18. ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറുപടി നൽകുന്നതിനായി 14 ജില്ലകളിൽ നിന്നും വിവരം ശേഖരിക്കേണ്ടതായിട്ടുണ്ടെന്നും 2019 മുതൽ 2021 വരെയുള്ള കോവിഡ് കാലത്തെ പ്രോജക്ടുകളായതിനാൽ കാലതാമസമുണ്ടായിട്ടുണ്ടെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി ബോധിപ്പിച്ചു. അന്തിമ റിപ്പോർട്ടിൽ ചെറിയ തിരുത്തലുകൾ ആവശ്യമായി വന്നതിനാലാണ് കാലതാമസമുണ്ടായതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയും അറിയിച്ചു.

19. സെൻട്രൽ ലൈബ്രറിയിൽ നിന്നും ലഭ്യമാക്കുന്ന ഗ്രന്ഥസൂചിയുടെ വിതരണം മാത്രമാണ് ലൈബ്രറി കൗൺസിലിന്റെ ചുമതലയെന്നും കോവിഡ് കാലത്ത് ലൈബ്രറികൾ അടഞ്ഞുകിടന്നതിനാൽ ശരിയായ രീതിയിൽ റിപ്പോർട്ടുകൾ ശേഖരിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വെളിപ്പെടുത്തി. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് 2019-20 ൽ ഖാദി വസ്ത്രം നൽകിയിരുന്നെങ്കിലും വിതരണത്തിൽ പ്രയാസം നേരിട്ടിരുന്നുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 3000 എണ്ണം വസ്ത്രങ്ങൾ വിതരണം ചെയ്തിട്ടില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്ന് തദവസരത്തിൽ സമിതി ചൂണ്ടിക്കാട്ടിയപ്പോൾ 150 എണ്ണം മാത്രമാണ് മിച്ചമുള്ളതെന്നും ആയത് വൃദ്ധസദനത്തിന് നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

20. 3982 എണ്ണം വിതരണത്തിനായി അവശേഷിക്കുന്നു എന്നാണ് റിപ്പോർട്ടിലുള്ളതെന്നും നഷ്ടമുണ്ടായത് എങ്ങനെയാണ് പരിഹരിക്കാൻ കഴിയുന്നതെന്നും സമിതി ആരാഞ്ഞതിന് 3982 എണ്ണമെന്നുള്ളത് ജില്ലകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനുമുമ്പുള്ള കണക്കാണെന്നും അതിന്റെ വിശദമായ റിപ്പോർട്ട് നിലവിൽ ലഭ്യമായിട്ടുണ്ടെന്നും കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി വ്യക്തമാക്കി. 115 എണ്ണം മാത്രമേ നിലവിൽ വിതരണത്തിന് ബാക്കിയുള്ളൂവെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ബോധിപ്പിച്ചു.

21. 2019-20 കാലഘട്ടത്തെ ഓഡിറ്റ് പരാമർശങ്ങളിലെ ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് കോവിഡ് മൂലമാണ് എന്ന്

പറയുന്നത് ശരിയായ രീതിയല്ലെന്ന് വിലയിരുത്തിയ സമിതി റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ ലൈബ്രറി കൗൺസിലിന് പൂർണ്ണ ഉത്തരവാദിത്തമുണ്ടെന്നും വ്യക്തമാക്കി. കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ബുക്ക് ബയന്റിംഗ് പരിശീലനം നടന്നിട്ടില്ലായെന്നും ടി ജില്ലകളിൽ പരിശീലനത്തിനായി വാങ്ങിയ ടൂൾ കിറ്റുകൾ ഉപയോഗിച്ചിട്ടില്ലായെന്നും പരിശീലനം നടത്തിയ ജില്ലകൾ പരിശീലനത്തിനായി അനുവദിച്ച മുൻകൂർ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലെന്നും കൊൽക്കത്ത സെൻട്രൽ റഫറൻസ് ലൈബ്രറി സൗജന്യമായി ലഭ്യമാക്കിയിരുന്ന ദേശീയ ഗ്രന്ഥസൂചി 990 എണ്ണം വിവിധ ലൈബ്രറികൾക്ക് വിതരണം നടത്തിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നുമുള്ള വിഷയങ്ങൾ തദവസരത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

22. മേൽ സൂചിപ്പിച്ച മൂന്ന് കാര്യങ്ങളാണ് ഓഡിറ്റ് പരാമർശമായി ഉള്ളതെന്നും വ്യക്തത വരുത്തേണ്ട ചില വിഷയങ്ങളിൽ ജില്ലാതല റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലെന്നും ലൈബ്രറി കൗൺസിൽ സെക്രട്ടറി ബോധിപ്പിച്ചു. ഓഡിറ്റ് വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിനും തദ്ദേശസ്വയംഭരണ വകുപ്പിനും റിപ്പോർട്ട് നൽകണമെന്നും. ജില്ലാ ഓഫീസിൽ പരിശോധന നടത്തിയശേഷം ഓഡിറ്റ് ഡയറക്ടറേറ്റിലേയ്ക്ക് മറുപടി നൽകുമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

23. 2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ ബുക്ക് ബയന്റിംഗ് ക്യാംപ്, മുതിർന്ന ഗ്രന്ഥശാല പ്രവർത്തകരെ ആദരിക്കൽ, ഗ്രന്ഥസൂചി ലഭ്യമാക്കൽ എന്നീ പദ്ധതികളുടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സീമാറ്റ് കേരള

ഓഡിറ്റ് ഖണ്ഡിക

ഔദ്യോഗിക വാഹനമുള്ളപ്പോൾ വാഹനം വാടകയ്ക്കെടുത്തത് - 2,61,961 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2018-19, ഖണ്ഡിക 3-2]

(a) സീമാറ്റ് ഡയറക്ടറുടെ ഔദ്യോഗികയാത്രയ്ക്കായി 2011 രജിസ്ട്രേഷനിലുള്ള ഫോർഡ് ഫിയസ്റ്റ വാഹനത്തിന്റെ (നം.KL-01-BA-6372) അറ്റകുറ്റപണിക്കായി 2018-19 വർഷം 74,761/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസം മുതൽ ഡയറക്ടറുടെ യാത്രയ്ക്കായി വാഹനം വാടകയ്ക്കെടുത്താണ് ഉപയോഗിച്ചിട്ടുള്ളത്.

വാഹനം നിരന്തരം അറ്റകുറ്റപ്പണിക്ക് വിധേയമാക്കുകയും ഇതിനുശേഷവും ഔദ്യോഗിക യാത്രകൾക്ക് ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലായതിനാലാണ് നിയമാനുസൃതമായി വാഹനം വാടകയ്ക്കെടുത്തതെന്നാണ് വിഷയത്തിൽ വിശദീകരണം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i. ഔദ്യോഗികവാഹനമുള്ളപ്പോൾ സർക്കാരിന്റെ അനുമതിയില്ലാതെയാണ് 07.08.2018 മുതൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 25.06.2019 വരെ വാഹനം വർക്ക്ഷോപ്പിലായിരുന്ന തീയതിയിലൊഴികെ (23.08.2018 മുതൽ 14.11.2018 വരെ) വാഹനം യാത്രക്കായി ഉപയോഗിച്ചിട്ടുണ്ട്. വർക്ക്ഷോപ്പിൽ നിന്ന് തിരികെ ലഭിച്ച 14.11.2018 മുതൽ 29.03.2019 വരെ 1007 km വാഹനം ഓടിയിട്ടുണ്ട്.

ii. ഹ്രസ്വദൂരയാത്രയ്ക്കായും, പരിശീലനപരിപാടിയുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ കൊണ്ടുപോകുന്നതിനും, എക്സ്പെർട്ടുകളുടെ ഹ്രസ്വദൂരയാത്രയ്ക്കായും ചില അവസരങ്ങളിൽ വാഹനം ഉപയോഗിച്ചു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ ആവശ്യത്തിലേക്കായി പുറത്തുനിന്ന് വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്.

iii. ഡയറക്ടറുടെ ഔദ്യോഗിക യാത്രയ്ക്കായി ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്കെടുത്തിരിക്കുന്നത് ശ്രീ ടൂർസ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഔദ്യോഗിക വാഹനം അറ്റകുറ്റപണിക്കായി നൽകിയ കാലയളവിലേക്ക് ശ്രീ ടൂർസ് എന്ന സ്ഥാപനത്തിൽ നിന്ന് വാഹനം വാടകയ്ക്കെടുത്തതിന്റെ അടിസ്ഥാനത്തിൽ 06.08.2018 മുതൽ 06.09.2018 വരെ ദിവസവാടകയ്ക്കും, തുടർന്ന് 07.09.2018 മുതൽ പ്രസ്തുത സ്ഥാപനവുമായി കരാറിലേർപ്പെട്ട് തുടർന്നുള്ള മാസങ്ങളിൽ മാസവാടകയ്ക്കും വാഹനം എടുത്തിട്ടുണ്ട്. ഇതിലേക്കായി 2018-19 വർഷം ആകെ 2,61,961/- രൂപ ചെലവഴിച്ചിട്ടുണ്ട്.

iv. മാസവാടകയ്ക്കക്ക് വാഹനം എടുക്കാൻ ക്വട്ടേഷൻ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തതായും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഇ.എം.ഡിയും, സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കിയിട്ടില്ലായെന്നും മറുപടി നൽകിയെങ്കിലും ക്വട്ടേഷൻ സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

v. ഔദ്യോഗിക വാഹനം ഉപയോഗ യോഗ്യമല്ലായെന്ന് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷനിൽ നിന്നും സാക്ഷ്യപത്രം ലഭിക്കാതെയാണ് പുറമെ നിന്ന് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ അസി.എക്സി.എൻജിനീയറുടെ 18.02.2019 ലെ റിപ്പോർട്ടിൽ വാഹനം satisfactory running condition-ൽ ആണെന്നും ചെറിയ റിപ്പയർവർക്ക് മാത്രമേ ആവശ്യമുള്ളുവെന്നുമാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇക്കാരണത്താൽ

വാടകയ്ക്ക് വാഹനം ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയില്ല (പൊതുവിദ്യാഭ്യാസ(ഡി) വകുപ്പിൽ നിന്നുള്ള 06.05.2019 ലെ പൊ.വി.വ.ഡി3/58/2019/പൊ.വി.വ നം.കത്ത്). തുടർന്ന് 19.07.2019-നാണ് പി.ഡബ്ല്യു.ഡി. എക്സി.എൻജിനീയർ അൺഎക്കണോമി സർട്ടിഫിക്കറ്റ് നൽകിയെങ്കിലും വാഹനം കൈയൊഴിയുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ.(എം.എസ്)110/76/PW തീയതി.10.05.1976) പറഞ്ഞിരിക്കുന്ന നിബന്ധനകളുടെ പരിധിയിൽ വരാത്തതിനാൽ വാഹനം കൈയൊഴിയുന്നതിന് കംപീറ്റൻറ് അതോറിറ്റിയിൽ നിന്ന് അനുമതിവാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വാഹനം വാടകയ്ക്കെടുത്തതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച 2,61,961/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(b) സീമാറ്റിലെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധനക്ഷമതാടെസ്റ്റ് 2018-19 ൽ നടത്തിയിട്ടില്ല. പ്രസ്തുത വാഹനത്തിന്റെ (ഫോർഡ് ഫിയസ്റ്റ 1.4 D ZXI) ടാങ്ക് കപ്പാസിറ്റി 45 ലിറ്റർ ആണ്. എന്നാൽ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 18.05.18, 12.01.2019 എന്നീ തീയതികളിൽ 47 ലിറ്റർ വീതം ഡീസൽ അടിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചശേഷം മറുപടി നൽകാമെന്നാണ് ഇതിന് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.21) നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. സീമാറ്റ് കേരള-യുടെ ഔദ്യോഗിക വാഹനം 2017-ഓടെ തീർത്തും ഉപയോഗരഹിതമായ അവസ്ഥയിലായതിനാലാണ് 2018-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുക്കേണ്ടിവന്നതെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

25. സീമാറ്റ് കേരള-യുടെ ഔദ്യോഗിക വാഹനം 2017-ഓടെ തീർത്തും ഉപയോഗരഹിതമായ അവസ്ഥയിലായതിനാലാണ് 2018-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുക്കേണ്ടിവന്നതെന്നുള്ള വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ

ഓഡിറ്റ് ഖണ്ഡിക

ചട്ടപ്രകാരമല്ലാതെ സിറ്റിംഗ് ഫീസ് അനുവദിച്ചു 1,41,750/-രൂപ നിരാകരിക്കുന്നു

(2014-15 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്)

കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് നിയമം 1953 സെക്ഷൻ 16, കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് ചട്ടങ്ങൾ 1972 ചട്ടം 118,119 എന്നിവ പ്രകാരം കേരളാ നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ (KNMC) അംഗങ്ങൾക്ക് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുക്കുന്നതിന് സിറ്റിങ് ഫീസ് അനുവദിക്കാവുന്നതാണ്. എന്നാൽ കൗൺസിൽ അംഗമല്ലാത്ത രജിസ്ട്രാർക്ക് 04.08.2014 മുതൽ ഒക്ടോബർ 2018 വരെയുള്ള വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തതിന് സിറ്റിങ് ഫീസ് ഇനത്തിൽ ആകെ 1,41,750/- രൂപ നൽകിയിട്ടുണ്ട്. നിയമത്തിലെ സെക്ഷൻ 2 പ്രകാരം രജിസ്ട്രാറെ കൗൺസിൽ അംഗമായി കണക്കാക്കാൻ കഴിയാത്തതിനാൽ സിറ്റിങ് ഫീസ് അനുവദിച്ചത് നിയമവിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/19.06.2020) രജിസ്ട്രാർ കൗൺസിൽ സെക്രട്ടറി ആയതിനാലും ഭാരിച്ച ചുമതലകൾ നിർവഹിക്കേണ്ടതിനാലും സിറ്റിംഗ് ഫീസ് നൽകാൻ 16.08.2014 ൽ കൂടിയ കൗൺസിൽ യോഗം III(എ) നമ്പർ പ്രകാരം തീരുമാനിച്ചു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. നഴ്സസ് നിയമങ്ങളെയും ചട്ടങ്ങളെയും മറികടന്നു തീരുമാനം എടുക്കാനോ നടപ്പിലാക്കാനോ കൗൺസിലിന് അധികാരമില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സിറ്റിങ് ഫീസ് ഇനത്തിൽ ചെലവഴിച്ച 1,41,750/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ	മീറ്റിംഗ് നടന്ന മാസം/ കാലയളവ്	മീറ്റിംഗ് വിവരങ്ങൾ - എണ്ണം	അനുവദിച്ച തുക	ചെക്ക് നമ്പർ, തീയതി
1	8/2014 മുതൽ 10/2014 വരെ	Council - 5 Edn Committee - 1 Sub Committee - 1 Exam Committee - 1	1x750+7x1000 = 7,750/-	897210/ 01.10.2014
2	11/2014 – 5/2015	Council - 5 Edn Committee - 5 Sub Committee - 6 Exam Committee - 5	21x1000= 21,000	961900/ 18.05.2015
3	5/2015 – 2/2016	Council - 11 Edn Committee - 6 Sub Committee - 5 Exam Committee - 4	26x1000= 26,000	358241/ 01.03.2016 12/2016
4	3/2016 – 12/2016	Council - 9 Edn Committee - 2 Sub Committee - 13 Exam Committee - 8	32x1000= 32,000	637591/ 20.05.2017

5	1/2017 – 12/2017	Council - 13 Edn Committee - 3 Sub Committee - 14 Exam Committee - 5	35x1000= 35,000	790895/ 23.01.2018
6	1/2018 – 10/2018	Council - 12 Edn Committee - 1 Sub Committee - 7	20x1000= 20,000	CMP No: 72997448A06388311 1/17.10.2018
		ആകെ	1,41,750	

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.4

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. നഴ്സിംഗ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ആയിരുന്ന ശ്രീമതി വത്സ കെ. പണിക്കർ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തുകൊണ്ട് അനധികൃതമായി സിറ്റിംഗ് ഫീസ് കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശമാണിതെന്നും ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയ നടപടി പൂർണ്ണമായും ചട്ടവിരുദ്ധമാണെന്ന് കണ്ടെത്തുകയും കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് വകുപ്പിൽ രജിസ്റ്ററാക്കി ടിയാൾ കൈപ്പറ്റിയ 1,41,750/- രൂപ തിരിച്ചടയ്ക്കാത്ത പക്ഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടിയാളുടെ ഡി.എ.യിൽ നിന്നോ ഡി.എ. അരിയറിൽ നിന്നോ പെൻഷനിൽ നിന്നോ തുക ഈടാക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് 07.10.2023-ൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽനിന്നും ഉത്തരവായിട്ടുണ്ടെന്നും ആരോപണ വിധേയയായ ഉദ്യോഗസ്ഥ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ടി തുക ഈടാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സർക്കാർ ഇതുസംബന്ധിച്ച് രണ്ട് ഉത്തരവ് ഇറക്കിയിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവുകൾ കൂടി ഉൾപ്പെടുത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാമെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

നിഗമനങ്ങളും / ശിപാർശകളും

27. നഴ്സിംഗ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ചട്ടവിരുദ്ധമായി കൈപ്പറ്റിയ സിറ്റിംഗ് ഫീസായ 1,41,750/- രൂപ ഈടാക്കിയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

വഖഫ് ബോർഡ്

1954 ലെ കേന്ദ്ര വഖഫ് ആക്ട് സമഗ്രമായി പരിഷ്കരിച്ച് 1996 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നതാണ് 1995 ലെ 43-ാം നമ്പർ വഖഫ് ആക്ട്. അതു പ്രകാരമാണ് 1960 ൽ ആണ് കേരള സംസ്ഥാന വഖഫ് ബോർഡ് രൂപീകരിച്ചത്. വഖഫ് ആക്ട് പഴയ മലബാറിൽ 05.01.1955 ലും തിരുവിതാംകൂർ, കൊച്ചി പ്രദേശത്ത് 01.02.1955 ലും നിലവിൽ വന്നു. വഖഫ് (ദേവസ്വം)സ്വത്തുക്കൾ അന്യാധീനപ്പെടുന്നത് തടയുന്നതിനും, അന്യാധീനപ്പെട്ടവ വീണ്ടെടുക്കുന്നതിനും വഖഫുകളുടെ ഭരണം വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നുവെന്നും വഖഫുകളുടെ പണം ദുരുപയോഗപ്പെടുത്തുന്നില്ലെന്നും ഉറപ്പു വരുത്തുന്നതിനുള്ള ലക്ഷ്യം വെച്ചുകൊണ്ടാണ് വഖഫ്ബോർഡ് പ്രവർത്തിക്കുന്നത്. ബോർഡിന്റെ സ്വത്തു വകകളെക്കുറിച്ച് അറിയുന്നതിനായി ജി.ഐ.എസ് മാപ്പിങ്ങ് നടത്തുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. മുസ്ലീം സമുദായത്തിലെ അശരണരും, നിരാലംബരുമായവരെ സഹായിക്കുക എന്നതും ബോർഡിന്റെ ചുമതലകളിൽപ്പെടുന്നു. നിരവധി ക്ഷേമപദ്ധതികൾ ഇത്തരത്തിൽ ബോർഡ് നടപ്പിലാക്കുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പഠനാവശ്യത്തിനായി സ്കോളർഷിപ്പുകളും, വിവാഹ ധനസഹായവും നൽകിവരുന്നു. കൂടാതെ അശരണരായവർക്ക് പെൻഷൻ ഇനത്തിലും തുക നൽകുന്നു. വഖഫ്ബോർഡിന്റെ മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനാണ് വഖഫുകളുടെ അറ്റാദായത്തിൽ നിന്നും ഒരു നിശ്ചിത വിഹിതം വഖഫ് ബോർഡിൽ അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന വിഹിതത്തിന്റെ 1 / 7 ശതമാനം തുക സെൻട്രൽ വഖഫ് കൗൺസിലിലേക്ക് നൽകുന്നു. എന്നിരുന്നാലും വഖഫ് ബോർഡിന്റെ വരുമാനത്തിൽ നല്ലൊരുപങ്കും ഭരണച്ചെലവുകൾക്കും, സാമൂഹ്യക്ഷേമ പദ്ധതികൾക്കുമാണ് ചെലവഴിക്കുന്നത്. ആവശ്യമായ തുകയുടെ നല്ലൊരു ശതമാനവും കേരള സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റായി ലഭിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുക കുടിശ്ശിക ഇല്ലാതെ കൊടുക്കാനും, തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താനും, അങ്ങനെ ബോർഡ് രൂപീകരണത്തിന്റെ പ്രധാന ലക്ഷ്യം നിറവേറ്റുവാനും കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തണം.

എറണാകുളം ജില്ലയിലെ കലൂരാണ് ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്നത്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസുകളുമുണ്ട്.

1995-ലെ കേന്ദ്ര വഖഫ് നിയമം സെക്ഷൻ 80(1), 80(2), കേരള വഖഫ് ചട്ടങ്ങളിലെ ചട്ടം 90, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ പ്രകാരമാണ് ഈ സ്ഥാപനത്തിൽ ഓഡിറ്റ് നടത്തുന്നത്. വഖഫിന്റെ വസ്തുവകകൾ പലതും കോടതി വ്യവഹാരങ്ങളിലാണ്. ഈ വസ്തുവകകൾ കൃത്യമായി രേഖപ്പെടുത്തി

സൂക്ഷിക്കുന്ന സംവിധാനം നിലവിലില്ല. അതുകൊണ്ടുതന്നെ വസ്തുവകകൾ അന്യാധീനപ്പെടാനുള്ള സാധ്യതയുണ്ട്.

ഓഡിറ്റ് ഖണ്ഡിക

(a) വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് - കുടിശ്ശിക 67 ലക്ഷം രൂപ

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-5]

പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന നിർദ്ധനരായ മുസ്ലീം വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി പലിശ രഹിത വായ്പയായി 25,000/- രൂപ സ്കോളർഷിപ്പ് വഖഫ് ബോർഡിൽ നിന്ന് നൽകുന്നുണ്ട്. ഓരോ പഠിതാവും കോഴ്സ് പൂർത്തിയാക്കി 6 മാസത്തിന് ശേഷം 2 വർഷത്തിനുള്ളിൽ തുല്യ ഗഡുക്കളായി തുക തിരിച്ചടക്കണമെന്ന വ്യവസ്ഥയോടെയാണ് വായ്പ നൽകുന്നത്. 2005-06 മുതൽ 2018-19 വരെയുള്ള കാലയളവിൽ 135 വിദ്യാർത്ഥികളിൽ നിന്നായി ആകെ 67,30,162/- രൂപ തിരികെ ലഭിക്കാനുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	വർഷം	ആനുകൂല്യം കൈപ്പറ്റി തുക തിരിച്ചടക്കാത്തവരുടെ എണ്ണം	തുക
1	2005-06	2	18,000
2	2006-07	6	2,01,500
3	2007-08	22	8,41,000
4	2008-09	10	3,54,500
5	2009-10	17	9,45,000
6	2010-11	30	16,78,500
7	2011-12	34	21,41,062
8	2012-13	14	5,50,600
	ആകെ	135	67,30,162

തിരികെ ലഭിക്കാനുള്ള സ്കോളർഷിപ്പ് തുക 67,30,162/- രൂപ വീഴ്ച വരാതെ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(b) വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-1, 3-2]

2016 ലെ റെഗുലേഷൻ പ്രകാരം 106 അംഗീകരിക്കപ്പെട്ട തസ്തികകളാണ് ഉള്ളത്. എന്നാൽ നിലവിൽ 114 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. അതിൽ 33 സ്ഥിരം ജീവനക്കാരും ബാക്കി തസ്തികകളിൽ കരാർ നിയമനവുമാണ്. സ്ഥിരം ജീവനക്കാരായ 33 പേർക്ക് കേന്ദ്രസർക്കാർ നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് നൽകുന്നത്. എന്നാൽ യാത്രാബത്ത, ആർജ്ജിതാവധി സറണ്ടർ

എന്നിവ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ നിരക്കിൽ നൽകുന്നുണ്ട്. ജീവനക്കാർ പിൻതുടരുന്ന അവധി ചട്ടങ്ങൾ കെ.എസ്.ആർ. പ്രകാരമാണ്. കരാർ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നിരക്കിലുള്ള ഏകീകൃത വേതനം (consolidated pay) ആണ് നൽകുന്നത്. കേന്ദ്ര നിരക്കിലുള്ള ശമ്പളവും ബത്തകളും തന്നെയാണ് ആർജ്ജിതാവധി സറണ്ടറിനും നൽകുന്നത്. നിലവിൽ ബോർഡ് ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 ആണ്. റെഗുലേഷനിലെ അദ്ധ്യായം IV, സെക്ഷൻ 11 ൽ നിർദ്ദേശിച്ച പ്രകാരം റിട്ടയർ ചെയ്ത, ജീവിച്ചിരിക്കുന്ന 25 ജീവനക്കാർക്ക് 01.03.2018 മുതൽ കെ.എസ്.ആർ. ഭാഗം 3 പ്രകാരമുള്ള പെൻഷൻ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ കേന്ദ്രസർക്കാർ നിരക്കിലെ ശമ്പളം സംസ്ഥാന സർക്കാർ നിരക്കിലേക്ക് മാറ്റി പെൻഷൻ കണക്കാക്കി നൽകിയെന്ന് ബോർഡ് അറിയിച്ചത്. റെഗുലേഷനിലെ മേൽ സെക്ഷൻ പ്രകാരം ബോർഡ് ജീവനക്കാർ 56 വയസ്സ് പൂർത്തിയാക്കിയതിന് ശേഷം 58 വയസ്സ് വരെ സേവനത്തിൽ തുടരാമെങ്കിലും ഈ കാലയളവ് പെൻഷന് ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന് യോഗ്യസേവനകാലമായോ ഇൻക്രിമെന്റ്, സ്ഥാനക്കയറ്റം, ശമ്പള പരിഷ്കരണം എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനോ കണക്കാക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബോർഡ് ജീവനക്കാർക്ക് 56 വയസ്സിനുശേഷവും ഇൻക്രിമെന്റ്, സ്ഥാനക്കയറ്റം, ആർജ്ജിതാവധി എന്നിവ നൽകുന്നുണ്ട്.

ബോർഡിലെ സ്ഥിരം ജീവനക്കാർ നിലവിൽ കേന്ദ്രസർക്കാർ നിരക്കിലെ ശമ്പളവും, സംസ്ഥാന സർക്കാർ നിരക്കിലെ യാത്രാബത്ത, അവധി, അവധി ശമ്പളം എന്നിവയാണ് കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്. വഖഫ് ആക്ട് 1995 സെക്ഷൻ 110 പ്രകാരം റെഗുലേഷൻ രൂപീകരിക്കാനുള്ള അധികാരം ബോർഡിനുണ്ടെങ്കിലും ആയത് പരിശോധിച്ച് വേണ്ട മാറ്റങ്ങളോടെ അംഗീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന്റേതാണ്. ആയതിനാൽ റെഗുലേഷന് അനുസൃതമായി സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ച് നടപ്പിലാക്കേണ്ടതും പെൻഷൻ കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടേണ്ടതുമാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(c) പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3-3]

കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സർവീസിൽ നിന്നും 01.02.2016 ന് മുൻപ് വിരമിച്ചവർക്കും കെ.എസ്.ആർ ഭാഗം-3 പ്രകാരം സംസ്ഥാന ജീവനക്കാർക്ക് ബാധകമായ രീതിയിൽ 01.03.2018 മുതൽ പെൻഷൻ അനുവദിച്ച് കൊണ്ട് ജി.ഒ(എം.എസ്)74/2018/ആർ.ഡി തീയതി 27.02.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ വിഷയം 22.03.2018 ലെ ബോർഡ് യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ നിന്ന് വിരമിച്ച, ജീവിച്ചിരിക്കുന്ന 25 പേരുടെ പെൻഷൻ നിർണ്ണയിച്ചതായി 14.06.2018 ൽ എ1-1660/96 വാല്യം 3

നടപടിക്രമങ്ങളിൽ സി.ഇ.ഒ. ഉത്തരവായിട്ടുണ്ട്. 27.01.2016 ലെ ജി ഒ (എം എസ്) 58/16 / ആർ ഡി/ റഗുലേഷനിലെ അദ്ധ്യായം 5, വകുപ്പ് 11 പ്രകാരമാണ് സംസ്ഥാന ജീവനക്കാർക്ക് ബാധകമായ പെൻഷൻ നിയമങ്ങൾ ബോർഡിലെ ജീവനക്കാർക്കും ബാധകമാക്കിയത്. നിലവിൽ 58 വയസ്സിൽ വിരമിക്കുന്ന ഇവരുടെ ശമ്പള നിരക്കുകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിൽ നിന്ന് വ്യത്യസ്തമാണ്. അതുകൊണ്ട് തന്നെ കെ.എസ്.ആർ ഭാഗം-3 പ്രകാരമുള്ള ശരാശരി വേതനം 56 വയസ്സ് പൂർത്തിയാകുന്ന തീയതിയിൽ കണക്കാക്കുന്ന രീതി വ്യക്തമാക്കാൻ ബോർഡിന് കഴിഞ്ഞില്ല. ബോർഡ് ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ 7-ാം ശമ്പളക്കമ്മീഷൻ നിരക്കുകൾ പ്രകാരമാണ്. ഈ ശമ്പള നിർണ്ണയം കേരള സർക്കാർ ജീവനക്കാരുടെ ശമ്പള നിർണ്ണയ രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. എന്നാൽ ദിനബത്ത, യാത്രാനുകൂല്യങ്ങൾ എന്നിവ കേരള സർക്കാർ ജീവനക്കാരുടെ നിരക്കിലാണ് അനുവദിക്കുന്നത്. ബോർഡ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കെ.എസ്.ആർ ഭാഗം-3 പ്രകാരം നൽകി തുടങ്ങിയെങ്കിലും സേവന പുസ്തകങ്ങൾ നാളിതുവരെ ഓഡിറ്റിന്റെ അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടില്ല. നിലവിലെ പെൻഷൻ നിർണ്ണയം കേരള സംസ്ഥാന വഖഫ് ബോർഡ് റഗുലേഷൻസ് പ്രകാരം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ബോർഡ് ജീവനക്കാർ വാങ്ങുന്ന കേന്ദ്ര സർക്കാർ നിരക്കിലെ ശമ്പളം സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമായ ശമ്പള നിരക്കിലേക്ക് നിർണ്ണയിച്ച് യോഗ്യ സേവനകാലം 56 ൽ നിജപ്പെടുത്തി പെൻഷൻ കണക്കാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.

കേന്ദ്ര വഖഫ് ആക്ട് സെക്ഷൻ 109 പ്രകാരം വഖഫ് റൂൾസ് ഫ്രെയിം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിലും സെക്ഷൻ 11 പ്രകാരം റെഗുലേഷൻ ഫ്രെയിം ചെയ്യാനുള്ള അധികാരം വഖഫ് ബോർഡിലും നിക്ഷിപ്തമാണ്. റെഗുലേഷൻ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും കേന്ദ്ര ആക്ടിൽ വിശദീകരിച്ചിട്ടുണ്ട്. 28.10.2013-ലെ ബോർഡ് യോഗം അംഗീകരിച്ച് സംസ്ഥാന സർക്കാരിലേക്ക് അയച്ച റെഗുലേഷനിൽ 56 വയസ്സിന് ശേഷമുള്ള സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കില്ല എന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ലെങ്കിലും കേരള സർക്കാരിന്റെ ജി.ഒ(എം.എസ്)നം.58/2016 ആ.ഡി/27.1.2016 ലെ വഖഫ് ബോർഡ് റെഗുലേഷൻ പ്രകാരം 58 വയസ്സ് വരെ സേവനത്തിൽ തുടരാമെങ്കിലും 56 വയസ്സ് പൂർത്തിയായതുവരെയുള്ള ആനുകൂല്യങ്ങളെ നൽകുവാൻ പാടുള്ളൂ എന്ന് വിശദമാക്കിയിരുന്നു. 09.02.2016 ൽ ചേർന്ന വഖഫ് ബോർഡ് യോഗം ഒരാൾക്ക് ലഭിച്ച കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുവാൻ കഴിയില്ല എന്ന ഉദ്ദേശ്യത്തോടെ മേൽ വ്യവസ്ഥ ഒഴിവാക്കി റെഗുലേഷനിൽ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ആയത് സർക്കാരിലേക്ക് (റവന്യൂ വകുപ്പ് (എഫ്) സ്പെഷ്യൽ സെക്രട്ടറിക്ക്) അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഈ ഭേദഗതി അംഗീകരിക്കാത്തിടത്തോളം 01.02.2016 ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച റെഗുലേഷനിൽ വഖഫ് ബോർഡിലെ ജീവനക്കാർ 58 വയസ്സിൽ

സേവനം പൂർത്തീകരിച്ച് പെൻഷൻ പറ്റിയാലും 56 വയസ്സ് വരെയുള്ള ആനുകൂല്യങ്ങളേ നൽകുവാൻ പാടുള്ളൂ.

കേരള സർക്കാർ 27.01.2016 അംഗീകരിച്ച വഖഫ് ബോർഡ് റഗുലേഷൻ, ജി.ഒ(എം.എസ്)നം.58/2016 ആർ ഡി റെഗുലേഷൻ, അദ്ധ്യായം IV പട്ടിക II ൽ സ്റ്റാഫ് പാറ്റേണിനെക്കുറിച്ചും സെക്ഷൻ 11 ൽ കേരള സർവീസ് റൂൾസ് (കെ.എസ്.ആർ) ഭാഗം 3 പ്രകാരമുള്ള പെൻഷൻ ബാധകമാക്കിയതി നെക്കുറിച്ചും സെക്ഷൻ 12 ൽ ജീവനക്കാരുടെ ശമ്പള നിരക്ക്, ബത്തകൾ എന്നിവ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അദ്ധ്യായം V, 6 (2), (3) എന്നിവയിൽ ബോർഡ് ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, ദിനബത്ത, വീട്ടുവാടക ബത്ത, സിറ്റി കോമ്പൻസേറ്ററി അലവൻസ്, തുടങ്ങിയവയും, അവധി, അവധി ശമ്പളം, യാത്രാബത്ത, പ്രവേശകാലം എന്നിവ സംസ്ഥാന ജീവനക്കാരുടെ നിരക്കിലും 1959 ലെ കെ.എസ്.ആർ-ൽ നിർവചിക്കപ്പെട്ട പ്രകാരവും ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(d) റവന്യൂ വകുപ്പിലെ (എഫ്) സ്പെഷൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.

(e) വ്യത്യസ്ത അക്കൗണ്ടിംഗ് രീതികൾ

[2017-18 വഖഫ് ബോർഡ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 1-4]

വഖഫ് ബോർഡിന്റെ ഹെഡ് ഓഫീസ്സിലും ഡിവിഷണൽ ഓഫീസുകളിലും വ്യത്യസ്ത അക്കൗണ്ടിംഗ് സമ്പ്രദായമാണ് ഈ വർഷവും പിന്തുടരുന്നത്. ഡിവിഷണൽ ഓഫീസുകളിൽ ഇപ്പോഴും സിംഗിൾ എൻട്രിയിലാണ് കണക്കുകൾ സൂക്ഷിക്കുന്നത്. ക്യാഷ് ബുക്കുകളിൽ ക്യാഷ് ഇംപ്രസ്റ്റ് കണക്കുകൾ മാത്രമാണ് ചേർക്കുന്നത്. വരവ് ചെലവുകൾക്ക് വരവ് രജിസ്റ്ററും ചെലവ് രജിസ്റ്ററും പ്രത്യേകം സൂക്ഷിക്കുന്നുണ്ടെങ്കിലും ബാങ്ക് ഇടപാടുകൾക്കായി ബാങ്ക് ബുക്ക് സൂക്ഷിക്കുന്നില്ല. തന്മൂലം ഓരോ ദിവസത്തെയും ബാങ്ക് ബാലൻസ് അറിയാൻ മാർഗ്ഗമില്ല. എല്ലാ കണക്കുകളും ഡബിൾ എൻട്രിയിലേക്ക് മാറ്റി അക്കൗണ്ടിംഗ് സംവിധാനം ഏകീകരിക്കുവാൻ മുൻവർഷത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അപാകത പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. ഓഡിറ്റ് പരാമർശപ്രകാരമുള്ള തുകയായ 67,30,162/- രൂപയിൽ നിന്നും കുടിശ്ശിക 27,76,000/- രൂപയായി നിലവിൽ കുറവ് വന്നിട്ടുണ്ടെന്നും എല്ലാ വർഷവും 100 വിദ്യാർത്ഥികൾക്ക് ലോൺ/ സ്കോളർഷിപ്പ് കൊടുക്കുന്നുണ്ടെന്നും കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനെത്തുടർന്ന് സഞ്ചിതമായി 40 ലക്ഷം

രൂപയുടെ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു. 67 ലക്ഷം രൂപയിൽനിന്നും 40 ലക്ഷം രൂപയായി കുറച്ചതിനാൽ നിലവിൽ 27 ലക്ഷം രൂപ കുടിശ്ശികയായി തുടരുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

29. കുടിശ്ശിക ഈടാക്കാനുള്ള ശ്രമം തുടരുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് കുടിശ്ശിക 67 ലക്ഷം എന്ന പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

30. 2016-ലെ റെഗുലേഷൻ പ്രകാരം നിലവിലും ബോർഡ് പ്രവർത്തിച്ചുവന്നതിനാലാണ് അവ്യക്തതകളുണ്ടെന്ന ഓഡിറ്റ് പരാമർശം വരാനിടയായതെന്നും സബ്കമ്മിറ്റിയുടെ പരിഗണനയിലിരിക്കേ റെഗുലേഷൻ ചോദ്യം ചെയ്ത് ഉദ്യോഗസ്ഥർ സമർപ്പിച്ച കേസിന്മേൽ റെഗുലേഷൻ പുതുക്കണമെന്ന ഹൈക്കോടതിയുടെ വിധി വന്നുവെന്നും അപ്രകാരം ഡ്രാഫ്റ്റ് റെഗുലേഷൻ തയ്യാറായിട്ടുണ്ടെന്നും നിലവിലെ അപാകതകളെല്ലാം പരിഹരിക്കുന്ന സമഗ്രമായ റെഗുലേഷന്റെ ഡ്രാഫ്റ്റ് വഖഫ് ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. ഒരു മാസത്തിനകം ഡ്രാഫ്റ്റ് സമർപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നതായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

31. മറ്റേതെങ്കിലും ബോർഡിൽ ഇപ്രകാരം കേന്ദ്ര സർക്കാർ നിരക്കിൽ ശമ്പളം നൽകുന്നുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് അങ്ങനെ ഒരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും 2019 മുതൽ സംസ്ഥാന നിരക്കിലാണ് ശമ്പളം നൽകിവരുന്നതെന്നും പെൻഷൻ നിർണ്ണയത്തിലെ അപാകത സബ്കമ്മിറ്റി മുമ്പാകെയാണ് സമർപ്പിക്കേണ്ടതെന്നും കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കി. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

32. വ്യത്യസ്തമായ അക്കൗണ്ടിംഗ് രീതികൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിവിഷൻ ഓഫീസുകളിലെല്ലാം സിംഗിൾ എൻട്രി സിസ്റ്റമാണ് നിലവിലുള്ളതെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതിന് സാവകാശം ആവശ്യമാണെന്നും കേരളാ സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതി മുൻപാകെ ബോധിപ്പിച്ചു. വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

33. പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന നിർദ്ധനരായ മുസ്ലീം വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി നൽകിയ സ്കോളർഷിപ്പ് തുകയിൽ കുടിശ്ശികയായി തുടരുന്ന 27 ലക്ഷം രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. നിലവിലെ അപാകതകളെല്ലാം പരിഹരിക്കുന്ന സമഗ്രമായ റെഗുലേഷന്റെ ഡ്രാഫ്റ്റ് വഖഫ് ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ടെന്ന് വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത, പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത, റവന്യൂ വകുപ്പിലെ(എഫ്) സ്പെഷ്യൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിവിഷൻ ഓഫീസുകളിലെല്ലാം സിംഗിൾ എൻട്രി സിസ്റ്റമാണ് നിലവിലുള്ളതെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതാണെന്നും വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ അക്കൗണ്ടിംഗ് രീതികൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026, ഒക്ടോബർ 28

അനുബന്ധം 1

പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

ക്രമ നം	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1.	10	സാംസ്കാരിക വകുപ്പ്	ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയെന്നുള്ള രസീത് ലഭിച്ചശേഷം മാത്രമേ തീയറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂ എന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടെങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്നും ചലച്ചിത്ര അക്കാദമിക്ക് തീയേറ്ററുകളുടെ മേൽ നിയന്ത്രണം ഇല്ലാത്തതിനാൽ സർവ്വീസ് ചാർജ്ജും അതിന്മേലുള്ള കുടിശ്ശികയും ഈടാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ചലച്ചിത്ര അക്കാദമിയിൽ തീയേറ്ററുകളുടെ സർവ്വീസ് ചാർജ്ജ് കൃത്യമായി അടച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ചലച്ചിത്ര അക്കാദമിയിൽ സർവ്വീസ് ചാർജ്ജ് തുക ഒടുക്കിയ രസീത് ലഭിച്ചശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകാവൂവെന്ന് സമിതി നിർദേശിക്കുന്നു.
2.	11	സാംസ്കാരിക വകുപ്പ്	അശരണരായ കലാകാരൻമാർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണെന്നും ജീവിതം മുഴുവൻ കലാരംഗത്ത് പ്രവർത്തിച്ചവരോട് മാനുഷിക പരിഗണന നൽകണമെന്നും അഭിപ്രായപ്പെട്ട സമിതി, സർവ്വീസ് ചാർജ്ജിനത്തിലെ തുക യഥാസമയം ഈടാക്കാത്ത പക്ഷം അശരണരായ കലാകാരന്മാർക്ക് അക്കാദമി വഴി ലഭ്യമാക്കുന്ന പെൻഷൻ മുടങ്ങുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ സർവ്വീസ് ചാർജ്ജ് യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു. 12. തീയറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ തലത്തിൽ

			പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
3.	12	സാംസ്കാരിക വകുപ്പ്	തീയറ്ററുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നതിന് അനുസരിച്ച് സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
4.	13	സാംസ്കാരിക വകുപ്പ്	സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശികയുള്ള 1,56,58,532/- രൂപ അടിയന്തരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.
5.	14	സാംസ്കാരിക വകുപ്പ്	സർവ്വീസ് ചാർജ്ജ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിതല യോഗം ചേരുന്നുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനം ഉൾപ്പെടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സാംസ്കാരിക വകുപ്പ് സമിതിക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.
6.	23	ഉന്നതവിദ്യാഭ്യാസ വകുപ്പ്	2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ നടപ്പിലാക്കിയ ബുക്ക് ബയന്റിംഗ് ക്യാംപ്, മുതിർന്ന ഗ്രന്ഥശാല പ്രവർത്തകരെ ആദരിക്കൽ, ഗ്രന്ഥസൂചി ലഭ്യമാക്കൽ എന്നീ പദ്ധതികളുടെ ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
7.	25	പൊതുവിദ്യാഭ്യാസ വകുപ്പ്	സീമാറ്റ് കേരള-യുടെ ഔദ്യോഗിക വാഹനം 2017-ഓടെ തീർത്തും ഉപയോഗരഹിതമായ അവസ്ഥയിലായതിനാലാണ് 2018-ൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടുകൂടി വാഹനം വാടകയ്ക്കെടുക്കേണ്ടിവന്നതെന്നുള്ള വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
8.	27	ആരോഗ്യകുടുംബ ക്ഷേമ വകുപ്പ്	നഴ്സിംഗ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ചട്ടവിരുദ്ധമായി കൈപ്പറ്റിയ സിറ്റിംഗ് ഫീസായ 1,41,750/- രൂപ ഈടാക്കിയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
9.	33	ന്യൂനപക്ഷ ക്ഷേമ	പ്രൊഫഷണൽ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക്

		വകുപ്പ്	പഠിക്കുന്ന നിർദ്ധനരായ മുസ്ലീം വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി നൽകിയ സ്കോളർഷിപ്പ് തുകയിൽ കുടിശ്ശികയായി തുടരുന്ന 27 ലക്ഷം രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
10.	34	ന്യൂനപക്ഷ ക്ഷേമ വകുപ്പ്	നിലവിലെ അപാകതകളെല്ലാം പരിഹരിക്കുന്ന സമഗ്രമായ റെഗുലേഷന്റെ ഡ്രാഫ്റ്റ് വഖഫ് ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ടെന്ന് വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത, പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത, റവന്യൂ വകുപ്പിലെ(എഫ്) സ്പെഷ്യൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
11.	35	ന്യൂനപക്ഷ ക്ഷേമ വകുപ്പ്	അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഡിവിഷൻ ഓഫീസുകളിലെല്ലാം സിംഗിൾ എൻട്രി സിസ്റ്റമാണ് നിലവിലുള്ളതെന്നും ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതാണെന്നും വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായ അക്കൗണ്ടിംഗ് രീതികൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സാംസ്കാരിക കാര്യ (ബി) വകുപ്പ്

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി(2021-23)യുടെ 11.10.2023 ന് 10.30 ന് ചേരുന്ന യോഗത്തിലേയ്ക്കുള്ള റിപ്പോർട്ട്

സാംസ്കാരിക സ്ഥാപനത്തിന്റെ പേര്	വർഷം	ഓഡിറ്റ് ഖണ്ഡിക	വിഷയം	ഫയൽ നമ്പർ	സ്വീകരിച്ച നടപടി
കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി	2020-21	4.1	സർവ്വീസ് ചാർജ്ജിനത്തിൽ കുടിശ്ശിക - 1,56,58,532/- രൂപ ഈടാക്കാൻ നടപടി അനിവാര്യം	സാംസ്കാരിക കാര്യ(ബി) വകുപ്പിന്റെ ബി3/112/2022/സാം.കാ.വ ഫയൽ	സർവ്വീസ് ചാർജ്ജിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. തിയേറ്ററുകളുടെ സർവ്വീസ് ചാർജ്ജ് തുക ഒടുക്കി കുടിശ്ശികയില്ലായെന്നുള്ള സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ എന്ന് കാണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തിയേറ്ററുകൾക്കും നിർദ്ദേശം നൽകിവരുന്നുണ്ട്. ചലച്ചിത്ര അക്കാദമിക്ക് നേരിട്ട് തിയേറ്ററുകളുടെ മേൽ അധികാരം ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് നിരന്തരം അഭ്യർത്ഥിക്കുകയും ചെയ്തു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററുകൾക്ക് അക്കാദമിയിൽ കുടിശ്ശിക നിലനിൽക്കേത്തന്നെ ലൈസൻസ് പുതുക്കി നൽകി വരുന്നതിനാലാണ് ചലച്ചിത്ര അക്കാദമിക്ക് സർവ്വീസ്ചാർജ്ജിനത്തിൽ ഭീമമായ തുക കുടിശ്ശിക വരുന്നത്.

					സർവ്വീസ് ചാർജ്ജുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തീയറ്ററുകളിലും ഇൻഫർമേഷൻ കേരളാ മിഷൻ (IKM) തയ്യാറാക്കിയിട്ടുള്ള 'എന്റെ ഷോ' എന്ന പ്ലാറ്റ്ഫോമിലൂടെ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെയും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സംയുക്ത അദ്ധ്യക്ഷതയിൽ 11.10.2023 ന് ചേർന്ന യോഗത്തിൽ വിവിധയിനങ്ങളിലുള്ള സർവ്വീസ്ചാർജ്ജ് കുടിശ്ശിക സെസ്സ് കുടിശ്ശിക സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും 12.12.2023 ലെ 112/ബി3/2023-സാ.കാ.വ അനൗദ്യോഗിക കുറിപ്പ് പ്രകാരം കുടിശ്ശികയുള്ള സർവ്വീസ് ചാർജ്ജ് പൂർണ്ണമായും അടച്ച ശേഷം മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സിനിമാ തീയറ്ററുകൾക്ക് ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളു എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്.

രാജേഷ്.ജി.ആർ
ജോയിന്റ് സെക്രട്ടറി
സാംസ്കാരികകാര്യ വകുപ്പ്
ഗവ.സെക്രട്ടേറിയറ്റ്,തിരുവനന്തപുരം

/5904612/2023

കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി (2021-23) പരിഗണിക്കുന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-2021 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഭാഗം 4 -ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ വരുന്ന കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട 4.2.1, 4.2.2 എന്നി ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള മറുപടി

4.2. 1 - ബുക്ക് ബൈന്റിംഗ് ക്യാമ്പ് തുക നിരാകരിക്കുന്നു

ലൈബ്രറികൾക്ക് ബൈന്റിംഗ് നടത്തുന്നതിന് എല്ലാ വർഷവും വലിയൊരു തുക ബൈന്റിംഗിനായി ചെലവഴിക്കേണ്ടിവരുന്നു. ഒരു പുസ്തകത്തിനുതന്നെ 50/- രൂപ മുതൽ 100/- രൂപവരെ ഈടാക്കുന്നു. ഇത് ലൈബ്രറികൾക്ക് വലിയൊരു സാമ്പത്തിക ബാദ്ധ്യതയായതിനാൽ എല്ലാ ലൈബ്രറികളിലും ബൈന്റിംഗ് കിറ്റ് നൽകുകയും ആവശ്യമായ പരിശീലനം നൽകി ഇത് പരിഹരിക്കാൻ 2019 - 20 ലെ ബജറ്റിൽ നിർദ്ദേശമുണ്ടായി. അഞ്ച് വർഷത്തിനകം എല്ലാ ലൈബ്രറികളെയും സ്വയം പര്യാപ്തമാക്കുകയായിരുന്നു ലക്ഷ്യം.

(a) ആദ്യഘട്ടമായി 1400 ലൈബ്രറികളിൽ നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും ചുവടെ പറയും പ്രകാരം ലൈബ്രറികളെ തെരഞ്ഞെടുക്കാൻ അറിയിപ്പ് നൽകി.

തിരുവനന്തപുരം - 125, കൊല്ലം - 155, പത്തനംതിട്ട - 63, ആലപ്പുഴ - 67, കോട്ടയം - 80, ഇടുക്കി - 5, എറണാകുളം - 107, തൃശ്ശൂർ - 102, പാലക്കാട് - 101, മലപ്പുറം - 106, കോഴിക്കോട് - 120, വയനാട് - 42, കണ്ണൂർ - 203, കാസർകോട് - 78 ആകെ - 1400.

ഓരോ ജില്ലയിൽ നിന്നും മൂന്ന് പേർക്ക് വീതം സംസ്ഥാനാടിസ്ഥാനത്തിൽ പരിശീലനം നൽകി സംസ്ഥാനതല പരിശീലനത്തിൽ പങ്കെടുത്തവർ ജില്ലാതലത്തിൽ പങ്കെടുത്തവർക്ക് പരിശീലനം നൽകി. സംസ്ഥാനതല പരിശീലനത്തിൽ 4 2 പേർ പങ്കെടുത്തു. പങ്കെടുത്തവരുടെ രജിസ്ട്രേഷൻ ഫോറം ഉൾപ്പെടെ സൂക്ഷിച്ചിട്ടുണ്ട്.

(b) പരിശീലനത്തിന് മണ്ണന്തല ഗവ. പ്രസിലെ രണ്ടുപേരെയും ബൈന്റിംഗ് കോഴ്സ് കഴിഞ്ഞ രണ്ടുപേരെയും ഉൾപ്പെടെ നാലുപേരെയാണ് പരിശീലകരായി പങ്കെടുപ്പിച്ചിട്ടുള്ളത്. രണ്ടുദിവസം ക്ലാസെടുത്തതിനായി 6,000/- രൂപയും പരിശീലനത്തിൽ പങ്കെടുത്തവർക്ക് യാത്രാചെലവിനത്തിൽ 23,260/- രൂപയും ഹാൾ വാടകയ്ക്ക് 10,000/- രൂപയും ഭക്ഷണത്തിന് 18,000/- രൂപയും താമസത്തിന് 15,300/- രൂപയും മറ്റ് ചെലവുകൾക്കായി 15,680/- രൂപയും ചേർത്ത് ആകെ 88,240/- രൂപ സംസ്ഥാനതല പരിശീലനത്തിന് ചെലവഴിച്ചിട്ടുണ്ട്.

ഓരോ ജില്ലയിലും നിശ്ചയിക്കപ്പെട്ട എണ്ണം ലൈബ്രറി പ്രവർത്തകർ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. രണ്ട് ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്ന പരിശീലകർക്ക് 1,000/- രൂപ വീതമാണ് നൽകിയത്. ആയതിന്റെ ചെലവ് വിവരം ജില്ലാ ലൈബ്രറി കൗൺസിലുകൾ അതാത് ജില്ലാ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

(c) ജില്ലാതല പരിശീലനം നടത്തുന്നതിനായി 1400 ബൈന്റിംഗ് കിറ്റുകൾ ചുവടെ പറയും പ്രകാരം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനതല പരിശീലനം - 50, തിരുവനന്തപുരം - 75, കൊല്ലം - 155, പത്തനംതിട്ട - 63, ആലപ്പുഴ - 67, കോട്ടയം - 80, ഇടുക്കി - 51, എറണാകുളം - 107, തൃശ്ശൂർ - 102,

പാലക്കാട് - 101, മലപ്പുറം - 106, കോഴിക്കോട് - 120, വയനാട് - 42, കണ്ണൂർ - 203, കാസർകോട് - 78 എന്നിങ്ങനെയാണ് ടൂൾസ് വിതരണം ചെയ്തത്.

കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ പരിശീലനം നടന്നിട്ടില്ല. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾക്ക് പരിശീലനം നടത്തുന്നതിന് തുക അനുവദിച്ചിട്ടില്ല. ബുക്ക് ബൈന്റിംഗ് ക്യാമ്പ് സംഘടിപ്പിക്കാത്തതിനാൽ കണ്ണൂർ ജില്ല ചെലവഴിക്കാത്ത തുക സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ തിരിച്ചടച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ ബാലൻസായി 413 ബൈന്റിംഗ് ടൂൾ കിറ്റുകൾ കൗൺസിലിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റ് ചില ജില്ലകളിൽ കോവിഡ് കാരണം 2020-21, 2021-22 കാലഘട്ടത്തിലാണ് നടന്നിട്ടുള്ളത്. ജില്ലാതല പരിശീലനം നടന്നതിന്റെ തീയതി ചുവടെ ചേർക്കുന്നു.

ഇടുക്കി - അടിമാലി - 2020 മാർച്ച് 6, 7, കട്ടപ്പന - മാർച്ച് 6, 7, തൊടുപുഴ - 2022 ഏപ്രിൽ 28, 29.

എറണാകുളം - 2020 മാർച്ച് 2, 3 - ആലുവ, 2020 മാർച്ച് 4, 5 - കുന്നത്തുനാട് താലൂക്ക്, മാർച്ച് 6, 7 പാലക്കുഴ പഞ്ചായത്ത്ഹാൾ

തൃശ്ശൂർ ജില്ല - 2020 ഫെബ്രുവരി 18, 19, വടക്കാഞ്ചേരി, ഫെബ്രുവരി 24, 25, ഇരിങ്ങാലക്കുട

കൊല്ലം ജില്ല - 2020 മാർച്ച് 3, 4 കൊല്ലം, 2021 മാർച്ച് 14, 15 കൊട്ടാരക്കര

തിരുവനന്തപുരം - 2020 ഫെബ്രുവരി 15, 16 തിരുവനന്തപുരം

കോഴിക്കോട് - 2020 ഫെബ്രുവരി 19, 20, മാർ ച്ച് 4, 5, 6, 7, 9, 10 കോഴിക്കോട്, കൊയിലാണ്ടി, വടകര

വയനാട് - 2020 ഫെബ്രുവരി 29, മാർച്ച് 1 കല്പറ്റ

പാലക്കാട് - 2021 ഫെബ്രുവരി 9, 10 ഒറ്റപ്പാലം

മലപ്പുറം - 2020 ഫെബ്രുവരി 29, മാർച്ച് 1, 7, 8, 22, 23.

കാസർകോട് - 2020 ഫെബ്രുവരി 20, 21 കാഞ്ഞങ്ങാട്

കോവിഡ് മൂലം 2020 മാർച്ച് 24 മുതൽ 2021 സെപ്തംബർ 30 വരെ കേരളത്തിലെ എല്ലാ ലൈബ്രറികളും പൊതു ഇടങ്ങളായതിനാൽ തുറക്കപ്പെട്ടിരുന്നില്ല, അടച്ചിടാൻ കൗൺസിൽ നിർദ്ദേശം നൽകിയിരുന്നു. വീടുകളിൽ പുസ്തക വിതരണവും അക്ഷരസേനയുടെ സന്നദ്ധ സഹായപ്രവർത്തനവുമാണ് കൂടുതൽ ലൈബ്രറികളിലും നടന്നിരുന്നത്. അതിനാൽ നിശ്ചയിച്ച സമയത്ത് ബൈന്റിംഗ് ക്യാമ്പ് സംഘടിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

തിരുവനന്തപുരം ജില്ലകളിലെ 600 ലൈബ്രറികളുള്ളതിൽ 120 ലൈബ്രറികളിലെ പ്രവർത്തകർക്ക് മാത്രമാണ് ആദ്യഘട്ടമായി പരിശീലനം നൽകിയത്. അതിനാൽ തന്നെ എല്ലാ ലൈബ്രറികൾക്കും പരിശീലനം നൽകിയിട്ടില്ല. സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച ആറ് ലൈബ്രറികൾക്ക് പരിശീലനം നൽകിയിട്ടില്ല. പരിശീലനത്തിൽ പങ്കെടുത്ത കോരാണിയിലെ സ്വതന്ത്രഭാരത ഗ്രന്ഥശാല കോവിഡിന് ശേഷമാണ് ടൂൾസ് കിറ്റ് നൽകിയത് എന്ന വിവരം അറിയിക്കുന്നു.

7000ത്തോളം ലൈബ്രറികളിൽ 1400 ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്കാണ് പരിശീലനം നൽകിയത്. അതിനാൽതന്നെ എല്ലാ ലൈബ്രറികളെയും പരിശീലനത്തിൽ പങ്കെടുപ്പിക്കുകയോ

ബൈന്റിംഗ് കിറ്റ് നൽകുകയോ ചെയ്തിട്ടില്ല. സംസ്ഥാന കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള എണ്ണത്തിനനുസരിച്ച് മാത്രമെ പരിശീലനം നടന്നിട്ടുള്ളു. കോവിഡ് കാരണം മാറ്റിവച്ച ജില്ലകളിൽ ജില്ലാപദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പരിശീലനം പൂർത്തിയാക്കുന്നതാണ്.

4.2.2 പ്രാദേശിക പരിശോധന റിപ്പോർട്ട്

1. ഗ്രന്ഥസൂചി

ഭാരതസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ റഫറൻസ് ലൈബ്രറി തയാറാക്കിയ ഗ്രന്ഥസൂചിയുടെ 990 കോപ്പി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലഭിച്ചിരുന്നു. അതിൽ 22 സ്ഥാപനങ്ങൾക്ക് നാഷണൽ ലൈബ്രറിയിൽ നിന്നും നൽകിയ ലിസ്റ്റ് പ്രകാരം വിതരണം ചെയ്തു. അഞ്ച് കോപ്പി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി ചുവടെ പറയും പ്രകാരം ജില്ലാ ലൈബ്രറി കൗൺസിലുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം - 100, കൊല്ലം - 100, പത്തനംതിട്ട - 45, ആലപ്പുഴ - 50, കോട്ടയം - 75, ഇടുക്കി - 36, എറണാകുളം - 95, തൃശ്ശൂർ - 95, പാലക്കാട് - 60, മലപ്പുറം - 50, കോഴിക്കോട് - 90, വയനാട് - 25, കണ്ണൂർ - 120, കാസർകോട് - 22.

ജില്ലകൾക്ക് 2016 - 17 ലെ ഗ്രന്ഥസൂചി നൽകിയത് 2019 - 20 വർഷമാണ്. കോവിഡ് മൂലം 2020 മാർച്ച് 24 മുതൽ 2021 സെപ്തംബർ 30 വരെ കേരളത്തിലെ എല്ലാ ലൈബ്രറികളും പൊതു ഇടങ്ങളായതിനാൽ തുറക്കപ്പെട്ടിരുന്നില്ല, അടച്ചിടാൻ കൗൺസിൽ നിർദ്ദേശം നൽകിയിരുന്നു. വീടുകളിൽ പുസ്തക വിതരണവും അക്ഷരസേനയുടെ സന്നദ്ധ സഹായപ്രവർത്തനവുമാണ് കൂടുതൽ ലൈബ്രറികളിലും നടന്നിരുന്നത്. അതിനാൽ ഗ്രന്ഥസൂചികൾ 2022 ലാണ് ലൈബ്രറികൾക്ക് വിതരണം ചെയ്തത്. ആയതിന്റെ ലിസ്റ്റ് ജില്ലകളിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ ലൈബ്രറി കൗൺസിലുകൾ ഗ്രന്ഥസൂചി കൈപ്പറ്റിയതായുള്ള കത്തും വിതരണം ചെയ്തതായ ലിസ്റ്റും ലഭ്യമാക്കിയിരുന്നു. ഓഡിറ്റ് പരാമർശത്തിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ എല്ലാ ജില്ലകളിൽ നിന്നും കൈപ്പറ്റിയതായ കത്തും വിതരണം ചെയ്ത ഗ്രന്ഥശാലകളുടെ ലിസ്റ്റും ജില്ലാ ലൈബ്രറി കൗൺസിലുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ആറ് താലൂക്കുകളിലെ 600 ലൈബ്രറികളിൽ 100 ലൈബ്രറികൾക്കുമാത്രമാണ് ഗ്രന്ഥസൂചി വിതരണം ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ലൈബ്രറികളിൽ കരമനയിലെ എ. ഗോവിന്ദപിള്ള സ്മാരക ഗ്രന്ഥശാലയ്ക്ക് 2015 - 16 ലെ ഗ്രന്ഥസൂചിയാണ് നൽകിയത്. 2016 - 17 ലെ ഗ്രന്ഥസൂചി കോവിഡിനുശേഷം 2022 ലാണ് ഗ്രന്ഥശാലകൾക്ക് നൽകിയത്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലഭിച്ച എല്ലാ ഗ്രന്ഥസൂചിയും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുന്നു.

2. ഖാദിവസ്ത്രം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗാന്ധിജിയുടെ 150 -ാം ജന്മവാർഷികത്തോടനുബന്ധിച്ച് മുതിർന്ന ഗ്രന്ഥശാലാ പ്രവർത്തകർക്ക് ഖാദി വസ്ത്രം വിതരണം ചെയ്തു. ഖാദി ബോർഡിൽ നിന്നും 7997 മുണ്ടുകളും 584 സാരികളും ഓർഡർ ചെയ്യുകയും 14 ജില്ലകളിലായി ഖാദിബോർഡ് തന്നെ വിതരണം ചെയ്യുകയും ചെയ്തു. കോവിഡ് കാരണം ഖാദിവസ്ത്രങ്ങൾ മിക്ക ജില്ലകളിലും താമസിച്ചാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. കോവിഡിനുശേഷം ഖാദിവസ്ത്രം വിതരണം ചെയ്തെങ്കിലും റിപ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഓഡിറ്റ് സമയത്ത് ഒൻപത് ജില്ലകളിൽ നിന്നും ഗ്രന്ഥശാലാ

പ്രവർത്തകർക്ക് വിതരണം ചെയ്തതിന്റെ വിശദാംശം ലഭിച്ചിരുന്നു. ഓഡിറ്റ് പരാമർശത്തിന്റെയടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിക്കാത്ത അഞ്ച് ജില്ലകളിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഖാദിബോർഡ് നൽകിയ മുഴുവൻ ഖാദി വസ്ത്രങ്ങളും വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്. ഖാദി വസ്ത്രം ഗ്രന്ഥശാലകൾക്ക് നേരിട്ടല്ല നൽകിയത്. ജില്ലയിൽ നിന്ന് ലിസ്റ്റ് ലഭിച്ച ഗ്രന്ഥശാലയിലെ മുതിർന്ന പ്രവർത്തകർക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്തത് എന്ന വിവരം അറിയിക്കുന്നു. ജില്ലകളിൽ നിന്നും ബാക്കി ലഭിച്ച 115 ഖാദിവസ്ത്രം വൃദ്ധസദനത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.

3. പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക ലൈബ്രറിയിലെ ബുക്ക് ബൈന്റിംഗ് ക്യാമ്പ്

സംസ്ഥാനാടിസ്ഥാനത്തിൽ ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സണുള്ള പരിശീലനം 2020 ജനുവരി 22, 23 തീയതികളിൽ പ്രൊഫ. ജോസഫ് മുണ്ടശേരി സ്മാരക ലൈബ്രറിയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പരിശീലനം നടത്തുന്ന അധ്യാപകർ സ്ഥലം സന്ദർശിച്ച് ക്യാമ്പ് നടത്തുന്നതിന് ആവശ്യമായ സ്ഥലസൗകര്യമില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശീലനം പ്രസ്തുത ദിവസം പ്രൊഫ. കൃഷ്ണപിള്ള ഫൗണ്ടേഷൻ ഹാളിൽ വച്ച് നടത്തിയിരുന്നു എന്ന വിവരം അറിയിക്കുന്നു.

4. സ്വതന്ത്രഭാരത് ലൈബ്രറിയിലെ ടൂൾകിറ്റ് വിതരണം

ജില്ലാതല പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ടൂൾകിറ്റ് വിതരണം ചെയ്യുന്നതിന് സംസ്ഥാന ഓഫീസിൽ നിന്നും നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയ്ക്ക് 75 ടൂൾ കിറ്റാണ് നൽകിയിരുന്നത്. ജില്ലാതല പരിശീലനം പി.എം.ജി.യിലെ സിറ്റി സ്കൂളിൽ വച്ച് നടന്നിരുന്നു. 120 പേർ പങ്കെടുത്തിരുന്നു. കൂടുതൽ ലൈബ്രറി പ്രവർത്തകർ പങ്കെടുത്തതിനാൽ ടൂൾസ് എല്ലാവർക്കും നൽകുവാൻ സാധിച്ചില്ല. അതാണ് കോരാണിയിലെ സ്വതന്ത്രഭാരത് ലൈബ്രറി ലൈബ്രറിയിൽ നിന്നും ടൂൾകിറ്റ് തിരികെ വാങ്ങിയത്. കോവിഡ്കാലം 2020 മാർച്ച് മുതൽ 2021 സെപ്തംബർ 30 വരെ കേരളത്തിലെ എല്ലാ ലൈബ്രറികളും പൊതു ഇടങ്ങളായതിനാൽ തുറക്കപ്പെട്ടിരുന്നില്ല. അതിനാൽ പ്രസ്തുത ലൈബ്രറിയ്ക്ക് ടൂൾകിറ്റ് ഉടനെ നൽകുവാൻ സാധിച്ചില്ല. കോവിഡിനുശേഷമാണ് ടൂൾകിറ്റ് വിതരണം ചെയ്തത് എന്ന വിവരം അറിയിക്കുന്നു.

Sindhu

SINDU P.K.
PEN: 101554
Additional Secretary
Higher Education (A,C&K) Dept.
Government Secretariat
Thiruvananthapuram

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ പരിഗണനയ്ക്കായി 2013-14 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ സമാഹൃത റിപ്പോർട്ട് - ന്യൂനത പരിഹാര നടപടി - പത്രിക

ഖണ്ഡിക	പരാമർശം	സ്വീകരിച്ച നടപടി
4.3	സീമാറ്റ് - കേരള ഔദ്യോഗിക വാഹനമുള്ളപ്പോൾ വാഹനം വാടകയ്ക്കെടുത്തത് 2,61,961/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	സീമാറ്റ്-കേരളയുടെ ഔദ്യോഗിക വാഹനം ഉപയോഗപ്രദമല്ലാതായതിനെ തുടർന്നാണ് സ്ഥാപനത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് മാസവാടകയ്ക്ക് കാർ വാടകയ്ക്ക് എടുക്കേണ്ടി വന്നതെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത നടപടി സർക്കാർ പരിശോധിക്കുകയും 14.09.2023 ലെ സ.ഉ.(സാധാ) നം.5096/2023/GEDN നമ്പർ പ്രകാരം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

SAKEER HUSSAIN O.N
Joint Secretary
General Education Department
Govt. Secretariat, Thiruvananthapuram

സ.ഉ.(സാധാ) നം.5096/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - സീമാറ്റ്-കേരള ഡയറക്ടർ കാർ മാസവാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു വരുന്ന നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.5096/2023/GEDN തീയതി, തിരുവനന്തപുരം, 14-09-2023

പരാമർശം:- 1. 05.09.2022, 03.08.2023 തീയതികളിലെ സീമാറ്റ് കേരള ഡയറക്ടറുടെ സീമാറ്റ്/എ.ഡി.എ2/189/2018 നമ്പർ കത്തുകൾ.

ഉത്തരവ്

സീമാറ്റ്-കേരളയുടെ ഔദ്യോഗിക വാഹനം ഉപയോഗപ്രദമല്ലാതായതിനെ തുടർന്ന് സ്ഥാപനത്തിന്റെ ഔദ്യോഗിക ആവശ്യത്തിനായി ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് മാസവാടകയ്ക്ക് കാർ എടുത്താണ് ഉപയോഗിച്ചുവരുന്നതെന്നും ആയതിനാൽ ഔദ്യോഗിക ഉപയോഗത്തിനായി കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചുവരുന്ന നടപടി സാധൂകരിച്ച് നൽകണമെന്നും പരാമർശം കത്തിൽ സീമാറ്റ്-കേരള ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് സീമാറ്റ്-കേരള വാഹന ടെൻഡർ ഉറപ്പിച്ചതെന്നതിന്റെ അടിസ്ഥാനത്തിൽ സീമാറ്റ് കേരള ഡയറക്ടർ കാർ മാസവാടകയ്ക്ക് എടുത്ത് ഉപയോഗിച്ചു വരുന്ന നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUDHILA L
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം,
ഡയറക്ടർ, സീമാറ്റ് - കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu S
സെക്ഷൻ ഓഫീസർ
Date: 14-09-2023 14:59:48

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

I/5902264/…23

150 YEARS OF CELEBRATING THE MAHATMA

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ പരിഗണനയിലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4- ലെ ഖണ്ഡിക നം. 4.4 - ൻമേലുള്ള ന്യൂനത പരിഹാര നടപടി പത്രിക

1953-ലെ കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ ആക്ടിലെ സെക്ഷൻ 16, 1972-ലെ കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ പ്രകാരം കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് കൗൺസിൽ അംഗങ്ങൾക്ക് മാത്രം അനുവദനീയമാണെന്നിരിക്കെ, കേരള നഴ്സ് & മിഡൈ്വഫ്സ് കൗൺസിൽ രജിസ്ട്രാർ, കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് സിറ്റിംഗ് ഫീ ഇനത്തിൽ 1,41,750/- രൂപ ക്രമവിരുദ്ധമായി കൈപ്പറ്റിയത് സംബന്ധിച്ച കണ്ടെത്തലാണ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 4.4 - ൽ പ്രതിപാദിക്കുന്നത്.

2. ഓഡിറ്റ് കാലയളവിൽ കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്നത് ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജ് മുൻ പ്രിൻസിപ്പലായിരുന്ന ശ്രീമതി വത്സ കെ പണിക്കർ ആയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിതയായ ശ്രീമതി വത്സ കെ പണിക്കർ 01.08.2014 മുതൽ 31.07.2019 വരെ കേരള നഴ്സസ് & മിഡൈ്വഫ്സ് കൗൺസിൽ രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്നു. 30.04.2020- ൽ ടിയാരി സർവ്വീസിൽനിന്നും വിരമിച്ചു.

3. ഓഡിറ്റ് പരാമർശത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് ക്രമവിരുദ്ധമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ രജിസ്ട്രാർ, കെ.എൻ.എം.സി 10.02.2021, 08.08.2022 തീയതികളിൽ ശ്രീമതി വത്സ കെ പണിക്കർക്ക് നോട്ടീസ് നൽകിയിരുന്നു. സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചതിനുശേഷം മാത്രമെ തനിക്കെതിരെ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ പാടുള്ളൂവെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി വത്സ കെ പണിക്കർ 20.08.2022- ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ശ്രീമതി വത്സ കെ പണിക്കർ ഉന്നയിച്ച പ്രധാന തടസ്സവാദങ്ങൾ ചുവടെ ചേർക്കുന്നു.

i. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിറ്റിംഗ് ഫീസ്കൈപ്പറ്റിയിരിക്കുന്നത്.

ii. കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസിന് അർഹതയുണ്ട്.

iii. മുൻ കാലങ്ങളിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥർ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത വകയിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടുണ്ട്.

4. ശ്രീമതി വത്സ കെ പണിക്കർ രജിസ്ട്രാർ പദവിയിൽ എത്തിയതിനുശേഷം മാത്രമായിരുന്നു കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസ്

അനുവദിക്കാൻ കേരള നഴ്സസ് & മിഡ്വൈഫ്സ് കൗൺസിൽ തീരുമാനമെടുത്തത്. 16.08.2014- ൽ എടുത്ത ടി തീരുമാനത്തിനെ അടിസ്ഥാനപ്പെടുത്തി 19.08.2014- ൽ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചു. കെ.എൻ.എം.സി ആക്ടും, ചട്ടവും ലംഘിച്ചുകൊണ്ട് എടുത്ത തീരുമാനം സർക്കാരിന്റെ സാധൂകരണത്തിനയയ്ക്കാൻ ടിയാരി തയ്യാറായില്ല. കെ.എൻ.എം.സി ചട്ടങ്ങൾ പ്രകാരം 500 രൂപയിൽ അധികരിക്കുന്ന ഏതൊരു ചെലവിനും സർക്കാരിൽനിന്നും മുൻകൂർ അനുമതി വേണമെന്നിരിക്കെ, കൗൺസിൽ തീരുമാനം സർക്കാർ സാധൂകരണത്തിനായി അയയ്ക്കാൻ ചുമതലപ്പെട്ട രജിസ്ട്രാർ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കാതെ സിറ്റിംഗ് ഫീസ് കൈപ്പറ്റിയത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയും അതീവ ഗൗരവതരവുമായ പ്രവൃത്തിയാണെന്ന് സർക്കാർ കണ്ടെത്തി. ശ്രീമതി വത്സ കെ പണിക്കർക്ക് തൊട്ട് മുൻപ് രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന പ്രൊഫ. ലത സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടില്ലായെന്നും ഇത് സംബന്ധിച്ച അന്വേഷണത്തിൽ ബോധ്യപ്പെട്ടു.

5. 1953-ലെ കെ.എൻ.എം.സി ആക്ട് സെക്ഷൻ 38 പ്രകാരം, രജിസ്ട്രാർ ഒരു കൗൺസിൽ അംഗമായിരിക്കരുത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത സെക്ഷൻ, കെ.എൻ.എം.സി ആക്ടിലെ സെക്ഷൻ 16, 1972- ലെ കെ.എൻ.എം.സി ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ ചേർത്ത് വായിക്കുമ്പോൾ കൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസിന് രജിസ്ട്രാർ അർഹയല്ലായെന്ന ആഡിറ്റ് പരാമർശം വസ്തുതാപരമാണ്. കൗൺസിൽ മീറ്റിംഗുകൾ കൂടാതെ എഡ്യൂക്കേഷൻ കമ്മിറ്റി, സബ് കമ്മിറ്റി, എക്സാം കമ്മിറ്റി തുടങ്ങി കൃത്യനിർവ്വഹണത്തിന്റെ ഭാഗമായ എല്ലാ പ്രവൃത്തികൾക്കും സർക്കാർ സാധൂകരണം തേടാതെ ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഉത്തരവിന്റെ പിൻബലത്തിൽ ശ്രീമതി വത്സ കെ പണിക്കർ സിറ്റിംഗ് ഫീ കൈപ്പറ്റിയത് ക്രമവിരുദ്ധമാണ്.

6. മേൽ വസ്തുതകൾ കണക്കിലെടുത്ത്, കേരള നഴ്സസ് & മിഡ്വൈഫ്സ് കൗൺസിലിന്റെ രജിസ്ട്രാർ ആയിരിക്കെ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് ശ്രീമതി വത്സ കെ പണിക്കർ സിറ്റിംഗ് ഫീ ഇനത്തിൽ 1,41,750/- രൂപ കൈപ്പറ്റിയ നടപടി ക്രമവിരുദ്ധമാണെന്നും, ആയത് തിരിച്ചടയ്ക്കാൻ ടിയാരി ബാധ്യസ്ഥയാണെന്നും സർക്കാർ കണ്ടെത്തി. <u>ഇതിന്റെ അടിസ്ഥാനത്തിൽ 07.10.2023- ൽ സ.ഉ (സാധാ) നം. 2577/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിക്കുകയും</u> തുക തിരിച്ചടക്കാത്തപക്ഷം 04.07.2022-ലെ സ.ഉ (അച്ചടി) നം. 82/2022/ധന ഉത്തരവിലെ ഇനം നം. (xiv) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടിയാരിയുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. <u>07.10.2023- ലെ സ.ഉ (സാധാ) നം. 2577/2023/ആ.കു.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.</u>

7. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 4- ലെ ഖണ്ഡിക നം. 4.4 - ൻമേലുള്ള ന്യൂനത പരിഹാര നടപടി പത്രിക ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) യുടെ ദയവായ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

V.P. SREEJITH
Joint Secretary
Health & Family Welfare Department
Govt. Secretariat

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 4.4 (2018-19- ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6) - കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ മുൻ രജിസ്ട്രാറായിരുന്ന ശ്രീമതി വത്സ കെ പണിക്കർ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് അനധികൃതമായി സിറ്റിംഗ് ഫീ കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.2577/2023/H&FWD തീയതി,തിരുവനന്തപുരം, 07-10-2023

പരാമർശം:-

1. കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാറുടെ 19.08.2014 തീയതിയിലെ ഉത്തരവ് നം. എ4952/2014/എൻ.സി
2. ശ്രീമതി വത്സ കെ പണിക്കർ 20.08.2022 തീയതിയിൽ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷ
3. കെ.എൻ.എം.സി രജിസ്ട്രാറുടെ 30.09.2023 തീയതിയിലെ എ3/21249/2020/എൻ.സി നമ്പർ കത്ത്
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 30.09.2023 തീയതിയിലെ ജി1/1549/2020/മെ.വി.വ നമ്പർ കത്ത്

ഉത്തരവ്

കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിലിന്റെ മുൻ രജിസ്ട്രാർ ആയിരുന്ന ശ്രീമതി വത്സ കെ പണിക്കർ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് സിറ്റിംഗ് ഫീ ഇനത്തിൽ 1,41,750/- രൂപ ക്രമവിരുദ്ധമായി കൈപ്പറ്റിയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിരുന്നു. 1953-ലെ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ ആക്ടിലെ സെക്ഷൻ 16, 1972-ലെ കേരള നഴ്സസ് & മിഡൈ്വവ്സ് കൗൺസിൽ ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ പ്രകാരം കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് കൗൺസിൽ അംഗങ്ങൾക്ക് മാത്രം അനുവദനീയമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം. 4.4 ആയി ഉൾപ്പെടുത്തിയിരുന്ന പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് ക്രമവിരുദ്ധമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ രജിസ്ട്രാർ, കെ.എൻ.എം.സി 10.02.2021, 08.08.2022 തീയതികളിൽ ശ്രീമതി വത്സ കെ പണിക്കർക്ക് നോട്ടീസ് നൽകിയിരുന്നു.

2. സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചതിനുശേഷം മാത്രമെ തനിക്കതിരെ തുക തിരിച്ച് പിടിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ പാടുള്ളൂവെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീമതി വത്സ കെ പണിക്കർ പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. തുടർന്ന് ശ്രീമതി വത്സ കെ പണിക്കരുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ രജിസ്ട്രാർ, കെ.എൻ.എം.സി സാധൂകരണത്തിനായി സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത അപേക്ഷയിൽ ശ്രീമതി വത്സ കെ

പണിക്കർ ഉന്നയിച്ച പ്രധാന തടസ്സവാദങ്ങൾ ചുവടെ ചേർക്കുന്നു.

1. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിറ്റിംഗ് ഫീസ് കൈപ്പറ്റിയിരിക്കുന്നത്.
2. കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസിന് അർഹതയുണ്ട്.
3. മുൻ കാലങ്ങളിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥർ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത വകയിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടുണ്ട്.

3. 01.08.2014 മുതൽ 31.07.2019 വരെ ഡെപ്യൂട്ടേഷനിൽ കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ശ്രീമതി വത്സ കെ പണിക്കർ 30.04.2020- ൽ സർവ്വീസിൽനിന്നും വിരമിച്ചു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സിറ്റിംഗ് ഫീസ് കൈപ്പറ്റിയിരിക്കുന്നത് എന്ന വാദം സംബന്ധിച്ച് ഏറ്റവും ശ്രദ്ധേയമായ കാര്യം, ഇത്തരത്തിൽ കൗൺസിൽ തീരുമാനമെടുത്തത് ശ്രീമതി വത്സ കെ പണിക്കർ രജിസ്ട്രാർ പദവിയിൽ എത്തിയതിനുശേഷം മാത്രമായിരുന്നു. 16.08.2014- ൽ കൗൺസിൽ എടുത്ത തീരുമാനം കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ ചട്ടങ്ങൾ പ്രകാരം അനുവദനീയമല്ലാത്തതിനാലും സാമ്പത്തികബാധ്യത ഉള്ളതിനാലും സർക്കാരിന്റെ സാധൂകരണം ആവശ്യമായിരുന്നു. എന്നാൽ സർക്കാരിന്റെ സാധൂകരണം തേടാതെ സ്വന്തം നിലയിൽ ടിയാരി പരാമർശം (1) പ്രകാരം സിറ്റിംഗ് ഫീ വർദ്ധിപ്പിച്ചുവെന്ന ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിൽ നിലവിൽ സിറ്റിംഗ് ഫീ അനുവദിച്ചിട്ടുള്ള ഉത്തരവിനെക്കുറിച്ച് യാതൊരു പരാമർശവുമില്ല.

4. 1972-ലെ കെ.എൻ.എം.സി ചട്ടങ്ങൾ പ്രകാരം 500 രൂപയിൽ അധികരിക്കുന്ന ഏതൊരു ചെലവിനും സർക്കാരിൽനിന്നും മുൻകൂർ അനുമതി വേണമെന്നിരിക്കെ, സർക്കാർ അനുമതി തേടാതെ രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസ് അനുവദിച്ചുകൊണ്ട് കൗൺസിൽ തീരുമാനമെടുത്തത് ചട്ടപ്രകാരമല്ല. പ്രസ്തുത കൗൺസിൽ തീരുമാനം സർക്കാർ സാധൂകരണത്തിനായി അയയ്ക്കാൻ ചുമതലപ്പെട്ട രജിസ്ട്രാർ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കാതെ സിറ്റിംഗ് ഫീസ് കൈപ്പറ്റിയത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയും അതീവ ഗൗരവതരവുമായ വിഷയമാണ്.

5. കൗൺസിൽ സെക്രട്ടറിയുടെ സ്ഥാനംകൂടി വഹിക്കുന്ന രജിസ്ട്രാർക്ക് സിറ്റിംഗ് ഫീസിന് അർഹതയുണ്ട് എന്ന ശ്രീമതി വത്സ കെ പണിക്കരുടെ ആരോപണം വസ്തുതകൾക്ക് നിരക്കുന്നതല്ല. 1953-ലെ കെ.എൻ.എം.സി ആക്ടിലെ സെക്ഷൻ 16, 1972-ലെ കെ.എൻ.എം.സി ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ പ്രകാരം കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസ് കൗൺസിൽ അംഗങ്ങൾക്ക് മാത്രം അനുവദനീയമാണ്. മുൻ കാലങ്ങളിൽ രജിസ്ട്രാർ പദവി വഹിച്ചിരുന്ന ഉദ്യോഗസ്ഥർ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത വകയിൽ സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടുണ്ട് എന്നത് സംബന്ധിച്ച് ശ്രീമതി വത്സ കെ പണിക്കർക്ക് തൊട്ട് മുൻപ് രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന പ്രൊഫ. ലത സിറ്റിംഗ് ഫീ കൈപ്പറ്റിയിട്ടില്ലായെന്ന് പരാമർശം (3) കത്ത് പ്രകാരം കെ.എൻ.എം.സി രജിസ്ട്രാർ അറിയിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1953-ലെ കെ.എൻ.എം.സി ആക്ട് സെക്ഷൻ 38 പ്രകാരം, രജിസ്ട്രാർ ഒരു കൗൺസിൽ അംഗമായിരിക്കരുത് എന്ന്

നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത സെക്ഷൻ, കെ.എൻ.എം.സി ആക്ടിലെ സെക്ഷൻ 16, 1972-ലെ കെ.എൻ.എം.സി ചട്ടങ്ങളിലെ ചട്ടം 118 & 119 എന്നിവ ചേർത്ത് വായിക്കുമ്പോൾ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള സിറ്റിംഗ് ഫീസിന് രജിസ്ട്രാർ അർഹയല്ലായെന്ന ആഡിറ്റ് പരാമർശം വസ്തുതാപരമാണ്. കൗൺസിൽ മീറ്റിംഗുകൾ കൂടാതെ എഡ്യൂക്കേഷൻ കമ്മിറ്റി, സബ് കമ്മിറ്റി, എക്സാം കമ്മിറ്റി തുടങ്ങി കൃത്യനിർവ്വഹണത്തിന്റെ ഭാഗമായ എല്ലാ പ്രവൃത്തികൾക്കും സർക്കാർ സാധൂകരണം തേടാതെ പരാമർശം (1) പ്രകാരം ചട്ടവിരുദ്ധമായി പുറപ്പെടുവിച്ച ഉത്തരവിന്റെ പിൻബലത്തിൽ ശ്രീമതി വത്സ കെ പണിക്കർ സിറ്റിംഗ് ഫീ കൈപ്പറ്റിയത് ക്രമവിരുദ്ധമാണ്.

7. മേൽ വിവരിച്ച സാഹചര്യത്തിൽ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിലിന്റെ രജിസ്ട്രാർ ആയിരിക്കെ കൗൺസിൽ മീറ്റിംഗുകളിൽ പങ്കെടുത്തുകൊണ്ട് സിറ്റിംഗ് ഫീ ഇനത്തിൽ ശ്രീമതി വത്സ കെ പണിക്കർ ക്രമവിരുദ്ധമായി കൈപ്പറ്റിയ 1,41,750/- രൂപ ടിയാൾ തിരിച്ചടക്കാത്തപക്ഷം 04.07.2022-ലെ സ.ഉ (അച്ചടി) നം.82/2022/ധന ഉത്തരവിലെ ഇനം നം. (xiv) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടിയാരിയുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ശ്രീമതി വത്സ കെ പണിക്കർ, കാരുണ്യം, SNRA 11, പാങ്ങപ്പാറ, തിരുവനന്തപുരം (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സ്റ്റോക്ക ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 07-10-2023 12:02:39
സെക്ഷൻ ഓഫീസർ

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ കേരള സംസ്ഥാന വഖഫ് ബോർഡ് സ്വീകരിച്ച നടപടികൾ ഉൾപ്പെടുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക.

ക്രമ നം	സ്ഥാപനം	പരാമർശ ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശം	ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ
1	കേരള സംസ്ഥാന വഖഫ് ബോർഡ്	4.6 (a)	വിദ്യാർത്ഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് - കുടിശ്ശിക 67 ലക്ഷം രൂപ:	2005-06 മുതൽ 2018-19 വരെയുള്ള കാലയളവിലെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമം നടന്നുവരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ 2022 ആഗസ്റ്റ് മാസത്തിൽ കുടിശ്ശിക തുക 45 ലക്ഷം രൂപയായി കുറഞ്ഞിട്ടുള്ളതാണെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
2		4.6 (b)	വഖഫ് ബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ അവ്യക്തത:	കേരള സംസ്ഥാന വഖഫ് ബോർഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള സ്റ്റേറ്റ് ബോർഡ് റെഗുലേഷൻസ്, 2016-ന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. 1995-ലെ വഖഫ് നിയമം വകുപ്പ് 110 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി റഗുലേഷൻസ് തയ്യാറാക്കുന്നതിനുള്ള അധികാരം ബോർഡിനാണുള്ളത്. ബോർഡിന്റെ നിലവിലുള്ള പ്രസ്തുത റഗുലേഷൻസ് ഗസറ്റ് വിജ്ഞാപനം നടത്തി പ്രാബല്യത്തിൽ വന്നത് 01-02-2016 ആണ്. പ്രസ്തുത റഗുലേഷൻസ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് 1965-ലും 2003-ലുമാണ് റഗുലേഷനുകൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. ടി റഗുലേഷനുകളിൽ ബോർഡ് ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കാലാകാലങ്ങളിൽ ബോർഡിന് നിശ്ചയിക്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. ടി വ്യവസ്ഥ അനുസരിച്ച് കേന്ദ്ര നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് ബോർഡ് ജീവനക്കാർക്ക് നൽകി വന്നിരുന്നത്. അപ്രകാരം ബോർഡ് ജീവനക്കാരുടെ ശമ്പളം 10-ാം ശമ്പള പരിഷ്കരണ സ്കെയിലിലേക്ക് പുനഃനിർണ്ണയം നടത്തുന്നതിന് മുമ്പ് കേന്ദ്ര സർക്കാരിന്റെ 7-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള സ്കെയിൽ ആണ്

അനുവദിച്ചിരുന്നത്.

ബോർഡിന്റെ നിലവിലുള്ള സർക്കാർ അംഗീകൃത റഗുലേഷനായ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് റഗുലേഷൻസ്, 2016-ലെ ചാപ്റ്റർ V 6(2) അനുസരിച്ച് ബോർഡ് ജീവനക്കാർക്ക് കേരള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിലുള്ള ശമ്പളവും ആനുകൂല്യങ്ങളുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2016-ലെ പ്രസ്തുത റഗുലേഷന് എതിരെ ബഹു.കേരള ഹൈക്കോടതി മുമ്പാകെ വഖഫ് ബോർഡ് ജീവനക്കാരുടെ ഭാഗത്ത് നിന്നും ഫയലാക്കിയ 5842/16, 6773/16 എന്നീ നമ്പർ റിട്ട് പെറ്റീഷനുകൾ ബഹു.കോടതി പരിഗണിച്ച് 09-03-2016-ാം തീയതി പുറപ്പെടുവിച്ച പൊതു ഉത്തരവിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതിൽ നിന്നും കുറവ് വരുത്തരുതെന്നും ബോർഡ് അംഗീകരിച്ച് സർക്കാരിന്റെ അംഗീകാരത്തിനു വേണ്ടി അയച്ച കരട് റഗുലേഷനിൽ സർക്കാർ വരുത്തിയ മറ്റ് ഭേദഗതികൾ പ്രസ്തുത റിട്ട് പെറ്റീഷനുകളുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്നും ഉത്തരവാകുകയും, ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബോർഡ് ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 2016ലെ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് റഗുലേഷൻസിൽ നിഷ്കർഷിച്ച പ്രകാരം കേന്ദ്ര നിരക്കിൽ നിന്നും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിലേക്ക് 01-07-2019 മുതൽ മാറ്റി പുനർ നിർണ്ണയിച്ചിട്ടുള്ളതുമാണ്. അപ്രകാരം പുനർ നിർണ്ണയം നടത്തിയ അവസരത്തിൽ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ നഷ്ടം സംഭവിക്കരുതെന്നുള്ള ബഹു.കോടതി ഉത്തരവ് പാലിച്ചുകൊണ്ട് രണ്ട് നിരക്കുകൾ പ്രകാരം നിശ്ചയിച്ച് വരുന്ന തുകകളുടെ വ്യത്യാസം പേഴ്സണൽ പേ ആയും, സ്പെഷ്യൽ പേ ആയും നൽകുവാനും ആയത് തുടർന്ന് വരുന്ന പേ റിവിഷൻ പ്രകാരം ശമ്പളം നിർണ്ണയിക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുവാനും 25-09-2019-ാം തീയതിയിൽ ബോർഡ് തീരുമാനം എടുക്കുകയും അതു പ്രകാരം ബോർഡ് ജീവനക്കാർക്ക് ലഭിച്ചു വരുന്ന ശമ്പളം 01-07-2014 മുതൽ പ്രാബല്യത്തിൽ വന്ന സംസ്ഥാന സർക്കാർ അംഗീകരിച്ച 10-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ പേ

				സ്കെയിലിലേക്ക് മാറ്റി പുനർനിർണ്ണയം ചെയ്യുകയുമുണ്ടായി. ടി ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരം CCA ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഉള്ളതാണ്. ബോർഡ് സർവ്വീസിൽ നിന്നും 01-02-2016-ന് മുമ്പ് റിട്ടയർ ചെയ്തവർക്കും കെ.എസ്.ആർ.പാർട്ട് III പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ രീതിയിൽ പെൻഷൻ അനുവദിച്ചുകൊണ്ട് 27-02-2018-ലെ സ.ഉ(എംഎസ്.) നം.74/2018/റവ പ്രകാരമുള്ള റഗുലേഷൻ ഭേദഗതി ഉത്തരവ് 07-03-2018 ലെ 593-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 01-03-2018 മുതൽ 25 ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് III പ്രകാരമുള്ള പെൻഷൻ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. അവരെല്ലാം തന്നെ 2003-ലെ റഗുലേഷൻ അനുസരിച്ച് 58 വയസ്സിൽ റിട്ടയർ ചെയ്തവരാണ്. എന്നാൽ അവർക്ക് പെൻഷൻ കണക്കാക്കിയത് 2016-ലെ റഗുലേഷൻ പ്രകാരമുള്ള പെൻഷൻ പ്രായമായ 56 വയസ്സ് കണക്കാക്കിയാണ്. 01-02-2016-ന് റഗുലേഷൻ വന്നതിനു ശേഷം 09-02-2016-ലെ ബോർഡ് യോഗം 56 വയസ്സിനു ശേഷമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് അനുവദിക്കണമെന്ന് റഗുലേഷനിൽ ഭേദഗതി വരുത്തി സർക്കാരിലേയ്ക്ക് അയക്കുകയും ടി ഭേദഗതി റഗുലേഷന്റെ അടിസ്ഥാനത്തിലാണ് 56 വയസ്സിന് ശേഷമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകിയത്. എന്നാൽ ടി ഭേദഗതി സർക്കാർ അംഗീകരിക്കാത്തതിനാൽ 2020 ജനുവരിയിൽ നിലവിൽ വന്ന ബോർഡ് റഗുലേഷൻ പ്രകാരമുള്ള 56 വയസ്സ് വരെയുള്ള ആനുകൂല്യങ്ങൾ നൽകിയാൽ മതിയെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 08-06-2022-ാം തീയതിയിലെ ബോർഡ് യോഗം നിലവിലെ റഗുലേഷൻ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ഒരു സബ്ബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. വഖഫ് ഭേദഗതി റഗുലേഷൻ പ്രകാരം 58 വയസ്സ് കണക്കാക്കി നൽകിയ പെൻഷൻ 56 വയസ്സ് കണക്കാക്കി പുനർ നിർണ്ണയം ചെയ്യുന്ന വിഷയം ബോർഡ് മുമ്പാകെ സമർപ്പിക്കുകയും റഗുലേഷൻ ഭേദഗതി സംബന്ധിച്ച് 08-06-2022-ാം തീയതി ബോർഡ് രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റി പരിഗണിക്കുന്നതിന് വേണ്ടി തീരുമാനിച്ചതിനെ
				തുടർന്ന് ടി വിഷയം പ്രസ്തുത സബ്ബ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3		4.6 (c)	പെൻഷൻ നിർണ്ണയ രീതിയിൽ അവ്യക്തത:	കേരള സ്റ്റേറ്റ് വഖ്ഫ്റിൽ നിന്നും ലഭ്യമാകുന്ന ബോർഡ് റഗുലേഷൻസ് 2016 പ്രകാരം 2016 മുതൽ ബോർഡിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരിൽ നിന്നും 56 വയസ്സിന് ശേഷം നൽകിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും തിരിച്ച് പിടിക്കുന്നത് സംബന്ധിച്ചും ഭേദഗതി റഗുലേഷൻ പ്രകാരം നൽകിയ പ്രൊമോഷൻ, ഇൻക്രിമെന്റ് തുടങ്ങിയ സർവ്വീസ് ആനുകൂല്യങ്ങളും മറ്റും തിരിച്ച് പിടിക്കുന്നതും സംബന്ധിച്ച വിഷയം 08-06-2022-ാം തീയതിയിലെ വഖഫ് ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് വരികയും റഗുലേഷൻ (ഭേദഗതി) സംബന്ധിച്ച് രൂപീകരിച്ച സബ് കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ച് ബോർഡ് യോഗം തീരുമാനമെടുത്ത് ഉത്തരവായത് പ്രകാരം ടി വിഷയം പ്രസ്തുത സബ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4		4.6 (d)	റവന്യൂ വകുപ്പിലെ (എഫ്) സ്പെഷ്യൽ സെക്രട്ടറി വഖഫ് ബോർഡിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.	പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സബ് കമ്മിറ്റിയുടെ റിപ്പോർട്ട് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.
4		(e)	വ്യത്യസ്ത അക്കൗണ്ടിംഗ് രീതികൾ:	ബോർഡിന്റെ ഹെഡ്ഓഫീസിലും ഡിവിഷണൽ ഓഫീസുകളിലും ഒരേ രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് പിന്തുടർന്ന് വരുന്നത്. ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഒരേ സോഫ്റ്റ്‌വെയർ തന്നെയാണ് ഇപ്പോഴും ഉപയോഗിച്ച് വരുന്നത്. നിലവിലുള്ള സോഫ്റ്റ് വെയർ Single entryയിലാണ് തയ്യാറാക്കിയിട്ടുള്ളത്. രണ്ട് തരത്തിലുള്ള ക്യാഷ് ബുക്കുകൾ സൂക്ഷിക്കുന്നുണ്ട്. ഡെയ്‌ലി ക്യാഷ് ബാലൻസ് മാത്രം അറിയുന്നതിനുള്ള ക്യാഷ് ബുക്കും, കൂടാതെ ബോർഡിന്റെ ദിനംപ്രതിയുള്ള വരവ് ചെലവുകൾ കാണിക്കുന്ന ക്യാഷ് ബുക്കും സൂക്ഷിക്കുന്നുണ്ട്. ബോർഡിന്റെ ബാങ്ക് ബാലൻസ് അറിയുന്നതിനായി ബാങ്ക് ലഡ്ജറും സൂക്ഷിക്കുന്നുണ്ട്. ആയതുകൊണ്ട് തന്നെ ദിനംപ്രതിയുള്ള ബാങ്ക് ബാലൻസ് അറിയുവാൻ സാധിക്കുന്നതാണെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി.ആർ. ജയപാൽ
പെൻ: 101611
ഗവ: അഡീഷണൽ സെക്രട്ടറി
റവന്യൂ (ദേവസ്വം) വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്
ഫോൺ: 0471-2335426 & 2518397